

ബത്തേരി രൂപത

# മലങ്കര നാദം

**RYTHM OF FAITH**

വാല്യം 1 2016 ഏപ്രിൽ ലക്കം 1

ഭാരത കത്തോലിക്ക മെത്രാൻ സംഘത്തിന്റെ (സി.ബി.സി.ഐ)
പ്രസിഡന്റായി രണ്ടാം പ്രാവശ്യവും തിരഞ്ഞെടുക്കപ്പെട്ട
സഭയുടെ തലവനും പിതാവുമായ

**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
**കാതോലിക്കാബാവ തിരുമേനിക്ക്**
**ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ**












മലങ്കര നാദം
RYTHM OF FAITH

ഏപ്രിൽ 2016 വാല്യം 1 ലക്കം 1

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

**സഹരക്ഷാധികാരികൾ**
വന്ദ്യ മോൺ. ഡോ. വർഗ്ഗീസ് താന്നിക്കാക്കുഴി
വന്ദ്യ മോൺ. ഡോ. തോമസ് കാഞ്ഞിരമുകളിൽ

**ചീഫ് എഡിറ്റർ**
റവ. ഫാ. ഫിലിപ്പ് വെട്ടിക്കാട്ട്
+91 9446293293
frphilipbty@gmail.com

**പത്രാധിപർ**
റവ. ഡോ. ലൂയിസ് ചരുവിളപുത്തൻവീട്
റവ. ഫാ. ജോൺ ചരുവിള
റവ. ഫാ. പോൾ ആറ്റുപുറം
റവ. ഫാ. ജോർജ് കാലായിൽ

**സർക്കുലേഷൻ മാനേജർ**
റവ. ഫാ. മാത്യു പള്ളിക്കുന്നേൽ
+91 9526422667

**ഉപദേശകസമിതി**
ഡോ. ജോർജി കെ.ഇ.
ശ്രീ. സി.പി. തോമസ്
സി. ശുഭാ തെരേസ് ഡി.എം.
സി. പരിമള എസ്.ഐ.സി.
പ്രൊഫ. താരാ ജോൺസ്
ശ്രീ. ജോൺ മത്തായി കോലമല
ശ്രീ. ജോർജ് മാത്യു

**കവർ**
ജെയ്മോൻ അഗസ്റ്റി
എറണാകുളം

**പ്രിന്റിംഗ് & ലേ ഔട്ട്**
സെന്റ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം 14

**വിലാസം**
മലങ്കര നാദം, ധർമ്മപീഠം
മലങ്കര കാത്തലിക്ക് ബിഷപ്സ് ഹൗസ്
സുൽത്താൻ ബത്തേരി പി.ഒ., വയനാട്, കേരള -673 592
ഫോൺ - 9446293293


# ദളാദളം


**എഡിറ്റോറിയൽ**

**പിതൃവചസ്സ്**

**ഉയിർപ്പ് - ജീവന്റെ ആഘോഷം**
ബിഷപ്പ് തോമസ് മാർ യൗസേബിയൂസ് 5

**യേശുവിന്റെ പുനരുന്ഥാനം: പ്രത്യാശയുടെ സന്ദേശം**
ഡോ. ബി. ഇക്ബാൽ 7

**ഉയിർപ്പിന്റെ പ്രാർത്ഥന**
ഡോ. ജോർജ് ഓണക്കൂർ 10

**യേശുവിന്റെ പുനഃരുത്ഥാനം**
റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി 12

**ഉയിർപ്പ് : സൃഷ്ടിയുടെ പെരുന്നാൾ**
റവ. ഫാ. മത്തായി കടവിൽ ഒ.ഐ.സി 15

**ഉത്ഥാനം: പുതിയ പ്രതീക്ഷ**
തോമസ് നാച്ചേരിയിൽ 19

**CREATION** 21




**യുവജനങ്ങൾ-ഉത്ഥിതന്റെ സാക്ഷികൾ**
റവ. ഫാ. തോമസ് കയ്യാലയ്ക്കൽ 22



**കുടുംബം ഭൂമിയിലെ സ്വർഗ്ഗം**
റവ. സി. ശുഭ തെരേസ് ഡി.എം. 24



**അർബുദം**
ഡോ. പോൾ അഗസ്റ്റിൻ
അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ



**അനാഥാലയങ്ങളും ഇതര ധർമ്മസ്ഥാപനങ്ങളും നിയന്ത്രിക്കാനും മേൽനോട്ടം വഹിക്കാനുമായി പുറപ്പെടുവിച്ച നിയമം (ആക്ട് 1960)**
റവ. ഫാ. ഫിലിപ്പ് വെട്ടിക്കാട്ട് 30


**രൂപതാവാർത്തകൾ** 33



**ജാലക കാഴ്ച** 35



**വിജ്ഞാനസദസ്സ്** 37



**പാചകവേദി** 37

ആനുകാലിക സഭ **വാഴ്ത്തപ്പെട്ട മദർ തെരേസ** 39



കല്പറ്റ ഫാത്തിമാ മാതാ മിഷൻ
ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്ക്
അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു



കമ്മാത്തി ദൈവാലയത്തിൽ വെച്ച്
നടന്ന കാരുണ്യവർഷം ഉദ്ഘാടന
വേളയിൽ അഭിവന്ദ്യ പിതാവ്
ആദിവാസികുട്ടികളോടൊപ്പം



കണ്ണൂരിൽ പുതിയതായി ആരംഭിച്ച
ഫാ. സുക്കോൾ പബ്ലിക് സ്കൂളിന്റെ
ശിലാസ്ഥാപന കർമ്മം
അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നു



## എഡിറ്റോറിയൽ



# പ്രത്യാശയുടെ പുതുമുകുളം

മലങ്കരനാദത്തിന്റെ എല്ലാ വായനക്കാർക്കും അനുഗ്രഹപ്രദമായ ഉയിർപ്പുതിരുന്നാൾ ആശംസകൾ.....

ദൂതൻ സ്ത്രീകളോടു പറഞ്ഞു : ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നത് എന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നു കാണുവിൻ" (മത്തായി 28:5-6). ശൂന്യമായ ആ കല്ലറ അങ്ങനെ പുനഃരുത്ഥാനത്തിന്റെ പ്രത്യക്ഷ ലക്ഷ്യമായി.

കാലമേറെ കഴിഞ്ഞിട്ടും ഋതുഭേദങ്ങൾ മാറി മറിഞ്ഞിട്ടും ഒട്ടനവധി മതസാമൂഹിക തത്വസംഹിതകൾ തകർന്നു മണ്ണടിഞ്ഞിട്ടും ക്രൈസ്തവ സാക്ഷ്യത്തിന്റെ രക്ഷാകവചമായി, പ്രാണവായുവായി ഉത്ഥാനസത്യം ഇന്നും ഭദ്രം.

ദീപ്ത സ്നേഹത്യാഗത്തിന്റെ മൂർത്തീഭാവമായ യേശുതമ്പുരാൻ നമുക്കു വേണ്ടി നമ്മുടെ പാപപരിഹാരകനായി, ക്രൂശിൽ മരിച്ചു. എന്നാൽ "മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ പക്കലുണ്ട്" എന്ന് പത്മോസ് ദ്വീപിൽ വച്ചു നല്കിയ ദർശനത്തിൽ യോഹന്നാനോടു അരുളിയതു പോലെ പുതുജീവന്റേയും പുതുശക്തിയുടേയും വസന്തകാലമായി, ഈശോയുടെ പുനഃരുത്ഥാനം. തിന്മയുടെമേൽ വിജയം നേടി മരണഭീതിയിൽ നിന്നു വിടുവിച്ച് അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കു നയിക്കുന്ന പുനഃരുത്ഥാനം എന്ന അത്ഭുത പ്രതിഭാസം വസന്താഗമനത്തിൽ താരും തളിരുമണിഞ്ഞ് പുഷ്പിക്കുന്ന, ഭൂമിയുടെ സൗന്ദര്യം പോലെ 'വന്ന് കണ്ട്' അനുഭവിച്ചറിയേണ്ട ഒരു പ്രതിഭാസം, ക്രൈസ്തവ സാക്ഷ്യം എന്ന അനുഭവം.

അങ്ങകലെ ജെ.എൻ.യു.വിലും ഇങ്ങു തെക്ക് ന്യൂനപക്ഷ അവകാശങ്ങൾ നിഷേധിക്കപ്പെട്ട നാടാർമക്കളും ഇവിടെ വയനാട്ടിൽ ആദിവാസി ജനങ്ങളും അനുഭവിച്ചറിയുന്ന അഭിശപ്തമായ വർണവർഗ്ഗ വിവേചനം ഭാരതത്തിൽ നടമാടുമ്പോഴും അമൽകൃഷ്ണയെന്ന തന്റെ കൂട്ടുകാരനു വീടുവച്ചുകൊടുക്കാൻ ആവശ്യപ്പെട്ട രണ്ടാംക്ലാസുകാരി ശിവാനിയുടെ "ഉമ്മൻചാണ്ടി" എന്ന നിലവിളി, വരണ്ടുണങ്ങിയ ഭൂമിയിൽ പുതുമഴ പെയ്യുമ്പോൾ പുതുമുകുളങ്ങൾ നാവെടുക്കുന്നത് പോലെയാണ്. മരിച്ച് മരവിച്ച മനുഷ്യമനസാക്ഷിക്ക് ഒരു പുനരുദ്ധാന ഊർജ്ജം, നൽകുന്ന ഒരു പ്രതീക്ഷയാണത്.

കുരിശിന്റെ നിഴൽ വീണ ഹൃദയങ്ങളിൽ മറ്റുള്ളവരെ കരുതാനും ശുശ്രൂഷിക്കാനും സ്നേഹിക്കുവാനുമുള്ള പാനപാത്രങ്ങളുമായി അരകെട്ടി ഒരുങ്ങി, നിസ്വരിൽ നിസ്വരായവർക്കുവേണ്ടി ഗോൽഗോഥകൾ കയറുമ്പോൾ ഉയിർത്തവനെ നാം മുഖാമുഖം കാണും.

ദൈവാലയങ്ങളിൽ മാത്രമല്ല നൊന്തുപെറ്റ അമ്മയിലും, ത്യാഗം സഹിച്ചു വളർത്തിയ അപ്പനിലും, തണലായി നില്ക്കുന്ന സഹോദരങ്ങളിലും, കൈതാങ്ങി സ്നേഹിച്ച മിത്രങ്ങളിലും, എന്തിനു ശത്രുക്കളിലും, മണ്ണിലും, വിണ്ണിലും നമുക്കു ഉത്ഥിതനെ ദർശിക്കാം. പ്രപഞ്ച സത്യമാകുന്ന ആ ത്യാഗവും സ്നേഹവും ദൈവം നമ്മോടു കാണിച്ച അനുകമ്പയും മറ്റുള്ളവർക്കു നല്കാനാവുമ്പോൾ നാം അവനോടുകൂടെ ഉത്ഥിതരാവും.

ജീവൻ സമൃദ്ധമായി നല്കിയ അവൻ നമ്മോടുകൂടെയുണ്ട്, അവനോടുകൂടെ നമുക്കും പോകാം എമ്മാവൂസിലേക്ക്. ജീവിതത്തിന്റെ നീണ്ടിരുണ്ട പാതകളിലൂടെ പോകുന്ന നമുക്ക് അവൻ നല്കുന്ന ഒരു വലിയ വാഗ്ദാനമുണ്ട്, **"നീ നടന്നുകൊള്ളുക. ഞാൻ നിന്നോടുകൂടെയുണ്ട്"**. രാത്രിയുടെ നീണ്ട യാമങ്ങളിൽ നിന്റെ യാത്ര എത്ര ദുർഘടമേറിയതായാലും നിന്റെ വഴിയാത്രയിൽ നീ ഒറ്റക്കല്ല. ഞാനും ഒപ്പമുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവിനൊടൊപ്പം അവന്റെ സന്ദേശവാഹകരായി, ദൈവമക്കളായി നമുക്കു യാത്ര തുടരാം. നമ്മോടൊപ്പമുള്ളത് ജീവിക്കുന്നവനായ നമ്മുടെ കർത്താവാണ്. അവനെ മരിച്ചവരുടെ ഇടയിൽ നമുക്ക് തിരയാതിരിക്കാം....


**ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്**
**ചീഫ് എഡിറ്റർ, 9446293293**

## പിതൃവചസ്സ്

# കാരുണ്യവർഷത്തിലെ നോമ്പുകാല ചിന്തകൾ



കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും അടങ്ങുന്ന രക്ഷാകര സന്ദേശങ്ങൾ ആഴത്തിൽ നാം പ്രാർത്ഥിക്കുകയും, ധ്യാനിക്കുകയും ചെയ്യുന്ന കാലയളവാണല്ലോ നോമ്പ്. ഈ വർഷം നാം നോമ്പാചരിക്കുന്നത് കാരുണ്യത്തിന്റെ മഹാജൂബിലിയോട് ചേർത്തു വച്ചാണ്. നോമ്പുകാല പ്രാർത്ഥനയുടെ പ്രധാനപ്പെട്ട ഒരു ഭാഗം യേശുവിന്റെ പീഡാനുഭവത്തെകുറിച്ചുള്ള ധ്യാനത്തിൽ നിന്ന് ഉണ്ടാകുന്ന പശ്ചാത്താപവും പ്രായശ്ചിത്ത പ്രവർത്തികളുമാണ്. പരിശുദ്ധ പിതാവ് കാരുണ്യവർഷം പ്രഖ്യാപിച്ചത് രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ്. ഒന്ന് സഭ, അവളുടെ വിശുദ്ധീകരണത്തിന്റെ ഭാഗമായി പാപത്തെപ്പറ്റി പശ്ചാത്തപിച്ച് പരിഹാര പ്രവർത്തികൾ ചെയ്ത് ദൈവത്തിൽ നിന്ന് കരുണ പ്രാപിക്കാൻ. രണ്ട്, ഈ ഭൂമിയിൽ ജനിച്ചതു മുതൽ യേശുവിന്റെ കുരിശു വഹിക്കാൻ വിളിക്കപ്പെട്ട നിസ്സഹായരായ ദരിദ്രർ, വസ്ത്രം ഇല്ലാത്തവർ, ഭവനം ഇല്ലാത്തവർ, രോഗികൾ, ജയിലിലാക്കപ്പെട്ടവർ, പരദേശികൾ, ദുർബ്ബലർ എന്നിവരോടൊപ്പം നമ്മുടെ നന്മകൾ പങ്കുവച്ചുകൊണ്ട് കരുണയുള്ളവനായ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായി ഈ സമൂഹത്തിൽ ജീവിക്കാൻ.

ദൈവത്തിന് പാപികളായ മനുഷ്യരോടുള്ള സ്നേഹമാണ് യേശുവിന്റെ കുരിശിലെ യാഗത്തിൽ നാം കാണുന്നത് (യോഹ. 3:16). സ്നേഹം നാം പങ്കുവയ്ക്കുന്നത് വിശ്വസ്തതയിലും സഹതാപത്തിലുമാണ്. നാം ഏറ്റെടുത്തിരിക്കുന്ന ജീവിതാന്തസ്സിനോട് വിശ്വസ്തത പുലർത്തി അതിനെ വിപുലീകരിക്കണമെങ്കിൽ 'കുരിശു' നാം ഏറ്റെടുക്കണം. യേശുവാണ് അതിന് ഉത്തമമാതൃക. സ്വർഗ്ഗീയ പിതാവിന് മനുഷ്യരോടുള്ള സ്നേഹം പ്രകടമാക്കാൻ "യേശു കുരിശിൽ" മരിച്ചു. ഈ മരണം പിതാവിനോടുള്ള പൂർണ്ണ വിശ്വസ്തതയുടെയും മനുഷ്യരോടുള്ള നിറഞ്ഞ സ്നേഹത്തിന്റെയും പ്രകടനമാണ് എന്നാണ് പൗലോസ് പറയുന്നത്. പാപികളെ രക്ഷിപ്പാനാണ് യേശു വന്നിരിക്കുന്നത് എന്ന കാര്യം വിശ്വാസയോഗ്യമാണ്. ഞാനാണ് ഏറ്റവും വലിയ പാപി എനിക്ക് കരുണ ലഭിച്ചു (1 തിമോ. 1: 15). വീണ്ടും പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയോടു പറയുന്നത് "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" (1 കോറി. 15: 1-11). ഈ ഒരു ബോദ്ധ്യമാണ് നമ്മെ അനുതാപത്തിലേക്കും പ്രായശ്ചിത്തത്തിലേയ്ക്കും നയിക്കുന്നത്. ഈ നോമ്പുകാലത്ത് നാം "പാപബോധം വീണ്ടെടുക്കണം" നമ്മൾ പാപികളാണെന്നും കുറവുള്ളവരാണെന്നും തിരിച്ചറിയണം. ഇന്നത്തെ മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം "തിന്മയും നന്മയും" തിരിച്ചറിയാൻ പറ്റാത്തവിധം പാപത്തിന് അടിമയായിരിക്കുന്നു എന്നതാണ്. ആദ്യ മനുഷ്യന് ദൈവം കൊടുത്ത വലിയ ഒരു കൃപയായിരുന്നു "നന്മ-തിന്മ" കളുടെ വൃക്ഷങ്ങളെ തിരിച്ചറിയുവാനുള്ള കഴിവ്. പാപം ചെയ്തു കഴിഞ്ഞപ്പോൾ ആ കഴിവ് നഷ്ടപ്പെട്ടു. ഞാൻ പാപിയാണെന്നും, അനേകം തിന്മകളുടെ അടിമയാണെന്നും തിരിച്ചറിഞ്ഞ് മോചനം നേടാനുള്ള അവസരമാണ് നോമ്പ്. ഈ തിരിച്ചറിവാണ് പൗലോസിനെകൊണ്ട് പറയിച്ചത് "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവ കൃപയാലാണെന്ന്" ഈ ഒരു ബോദ്ധ്യത്തിലേക്ക് വരാനുള്ള അവസരമായി നോമ്പിനെ നാം കാണണം. ദൈവകൃപയിൽ ജീവിക്കാത്തവർക്ക് കാരുണ്യപ്രവർത്തികൾ ചെയ്യാൻ പറ്റില്ല. അപ്പസ്തോലൻ വീണ്ടും പറഞ്ഞു "അതിനാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവനും വാത്സല്യഭാജനങ്ങളും വിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ" (കൊളോ. 3: 12). ദൈവത്തിന്റെ കാരുണ്യത്തിന്റെ പ്രത്യേകത നമ്മൾ പാപികൾ ആയിരിക്കേ അവിടുന്ന് കാരുണ്യം കാണിച്ചു എന്നതാണ്. ക്രിസ്തു ഒരു പുതിയ ജീവിതവും പുതിയ ശൈലിയും പുതിയ ചൈതന്യവും നൽകി. അത് നാം സ്വന്തമാക്കണമെങ്കിൽ കരുണയുടെ സുവിശേഷമായി മാറണം. ഈ നോമ്പുകാലത്ത് പാപത്തെപ്പറ്റി ദുഃഖിച്ച് പ്രായശ്ചിത്തം നടത്തി, കരുണയുടെ പ്രേഷിതരാകാൻ നമുക്ക് പരിശ്രമിക്കാം.


ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ...

+ Mar Thomas

**= ഡോ. ജോസഫ് മാർ തോമസ്**
**(രൂപതാദ്ധ്യക്ഷൻ)**

# ഉയിര്‍പ്പ് - ജീവന്റെ ആഘോഷം

ബിഷപ്പ് തോമസ് മാര്‍ യൗസേബിയൂസ്



ക്രിസ്തുനാഥന്റെ ഉയിര്‍പ്പ് മനുഷ്യജീവിതത്തിന്റെ ആത്യന്തിക സാദ്ധ്യതയാണ് വെളിവാക്കുന്നത്. ക്രിസ്തു പറഞ്ഞു, ഞാന്‍ വന്നിരിക്കുന്നത് അവര്‍ക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ. 10:10). ക്രൈസ്തവ മീമാംസയിലെ ഏറ്റവും കാതലായ പദം ജീവന്‍ തന്നെയാണ്. സംഗതമായ, സമൃദ്ധമായ ജീവന്‍ ഈ ലോകത്തില്‍ സാദ്ധ്യമാക്കുകയും, അതിന്റെ ലോകാതീതപൂര്‍ണ്ണതയായ നിത്യജീവനായി പരിശ്രമിക്കുകയുമാണ് ക്രൈസ്തവരുടെ ജീവിതധര്‍മ്മം. ഈ ലോകത്തിലെ, അര്‍ത്ഥപൂര്‍ണ്ണമായ, സമൃദ്ധമായ ജീവന്റെ ന്യായമായ തുടര്‍ച്ചയും പൂര്‍ണ്ണതയുമാണ് നിത്യജീവന്‍. ക്രിസ്തുനാഥന്റെ ഉയിര്‍പ്പ് ഈ മനുഷ്യജീവിത സാദ്ധ്യതയുടെ സ്ഥിരീകരണമാണ്. ഒരു ക്രൈസ്തവന്റെ അടിസ്ഥാന ധര്‍മ്മം, ലോകാതീത കാഴ്ച്ചപ്പാടില്‍, ഈ ലോകത്തില്‍ തന്നെ ജീവന്‍ അതിന്റെ അര്‍ത്ഥപൂര്‍ണ്ണതയിലും സമൃദ്ധിയിലും ജീവിക്കുവാന്‍ ശ്രമിക്കുക എന്നതാണ്.

സമകാലീന സംസ്ക്കാരത്തില്‍ ഏറ്റവും അധികം പ്രഹരമേല്‍ക്കുന്ന യാഥാര്‍ത്ഥ്യം ജീവന്‍ തന്നെയാണ്. അതിനാലാണ് ക്രിസ്തുനാഥന്റെ ഉയിര്‍പ്പ് ഉയര്‍ത്തിപ്പിടിക്കുന്ന ജീവന്റെമൂല്യം നമ്മുടെ പ്രധാന വിചിന്തന വിഷയമാകുന്നത്. ജീവനെ അവഹേളിക്കുന്ന, നിഷേധിക്കുന്ന, ഹനിക്കുന്ന ധാരാളം ആഭിമുഖ്യങ്ങള്‍, പ്രത്യയശാസ്ത്രങ്ങള്‍, പ്രസ്ഥാനങ്ങള്‍ ഇന്ന് വ്യാപകമാണ്. മനുഷ്യജീവന്റെ മൂല്യം, പരിപാവനത, ലക്ഷ്യം മുതലായവ ഈ ശക്തികളുടെ അധിനിവേശത്തില്‍ ദാരുണമായി വിസ്മരിക്കപ്പെടുന്നു.

ക്രിസ്തുനാഥന്‍ മരണത്തെ തോല്പിച്ച് പുതുജീവനില്‍ ഉയിര്‍ക്കുന്നു. ഈ ലോകത്തില്‍ മനുഷ്യജീവനേല്‍ക്കാവുന്ന അവസാനത്തെ പ്രഹരമാണല്ലോ ജീവഹത്യ. ഒരു മനുഷ്യായുസ്സില്‍ സാദ്ധ്യമായ സകല സഹനവും, വൈരുദ്ധ്യങ്ങളും അതിന്റെ പാരമ്യതയില്‍ ഏറ്റുവാങ്ങുന്ന ക്രിസ്തുനാഥന്റെ ജീവന്‍ നിത്യമായി നിശ്ചലമാക്കുവാനുള്ള മരണസംസ്ക്കാരശക്തിയുടെ ശ്രമമായിരുന്നു ക്രിസ്തുവിന്റെ ക്രൂശാരോഹണം. പക്ഷേ, ഈ സര്‍വ്വ ജീവനിഷേധയത്നങ്ങളെയും പരാജയപ്പെടുത്തുന്ന സംഭവമായിരുന്നു ക്രിസ്തുവിന്റെ ഉയിര്‍പ്പ്. ഈ ലോകത്തില്‍ മനുഷ്യജീവന് സഹിക്കേണ്ടിവരുന്ന തിന്മകളും, വേദനകളും പരാജയങ്ങളും മനുഷ്യജീവനെ സംബന്ധിച്ച അവസാനയാഥാര്‍ത്ഥ്യമല്ല എന്ന ഏറ്റവും വലിയ മനുഷ്യജീവിത സത്യത്തിന്റെ സ്ഥിരീകരണവും അച്ചാരവുമാണ് ക്രിസ്തുനാഥന്റെ ഉയിര്‍പ്പ്. മരണശക്തികള്‍ക്കല്ല, ജീവന്റെ ശക്തികള്‍ക്കാണ് ആത്യന്തികവിജയം എന്ന പ്രത്യാശയാണ് ഉയിര്‍പ്പ് നമ്മില്‍ നിറയ്ക്കേണ്ടത്. ജീവസംസ്ക്കാര സംരക്ഷകരും സാക്ഷികളു മാകാനുള്ള നമ്മുടെ സുവിശേഷാത്മകമായ ദൗത്യനിര്‍വ്വഹണത്തിനുള്ള ആഹ്വാനമാണ്, ക്രിസ്തുനാഥന്റെ ഉയിര്‍പ്പ്.

ജീവനിഷേധമനോഭാവങ്ങള്‍ നമ്മുടെ വ്യക്തിപരവും കുടുംബപരവും, സംഘാത്മകവുമായ ജീവിത തലങ്ങളില്‍ വിവിധരീതികളില്‍ പ്രതിഫലിക്കാം. അത് ഇന്ന് വര്‍ദ്ധമാനമായിക്കൊണ്ടിരിക്കുന്ന കൊലപാതകം, ആത്മഹത്യ, ഭ്രൂണഹത്യ, ദയാവധം മുതലായ കൊടും തിന്മകളില്‍ മാത്രം പരിമിതപ്പെടുത്തുവാനാവില്ല. ജീവനെയും ജീവന്റെ മാഹാത്മ്യത്തെയും പ്രത്യക്ഷമായോ പരോക്ഷമായോ നിഷേധിക്കുന്ന സര്‍വ്വമനോഭാവങ്ങളും, പ്രവര്‍ത്തികളും ക്രിസ്തുനാഥന്റെ ഉയിര്‍പ്പിന്റെ എതിര്‍സാക്ഷ്യമാണ്, മനുഷ്യ ഹൃദയത്തിലെ വിദ്വേഷം, വിഷാദം, നിരാശ, വിവിധ തലങ്ങളിലും രീതിയിലുമുള്ള മനുഷ്യത്വവിവേചനം, ജീവനെ അവമതിക്കുന്ന, അപായപ്പെടുത്തുന്ന ആര്‍ത്തികള്‍, ആസക്തികള്‍, അടിമത്തങ്ങള്‍ ഇവയെല്ലാം മരണസംസ്ക്കാര മുദ്രകളാണ്. ഇതിനെ പ്രതിരോധിക്കുന്ന ഒരു സംസ്ക്കാരത്തിന്റെ സാക്ഷ്യമാണ് ക്രിസ്തുവിന്റെ ഉയിര്‍പ്പ് നമ്മില്‍ നിന്നും ആവശ്യപ്പെടുന്നത്.

ക്രിസ്തുവിന്റെ ഉയിര്‍പ്പ് നമുക്ക് സമ്മാനിക്കുന്നത് ജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാന പ്രത്യാശയാണ്. ജീവന്റെ അമൂല്യതയും ജീവിതത്തിന്റെ ആത്യന്തിക അര്‍ത്ഥവും സാംഗത്യവുമാണ് ഉയിര്‍പ്പ് ഉറപ്പാക്കുന്നത്. മനുഷ്യജീവിതത്തില്‍ നിത്യമായ പ്രത്യാശയുടെ ഏക

സ്രോതസ് ഇതുമാത്രമാണെന്നതാണ് സത്യം. ഈ പ്രത്യാശയുടെ പ്രകാശത്തിൽ പ്രകാശിക്കുവാൻ സാധിക്കാത്തവർക്ക് ജീവിതം എന്നും അന്ധകാരാവൃതമായിരിക്കും. സംഗതമായ മനുഷ്യാസ്തിത്വത്തിന്റെ അച്ചുതണ്ട് ക്രിസ്തുവിന്റെ ഉയിർപ്പിലൂന്നിയ പ്രത്യാശയാണ്. ഈ പ്രത്യാശയാകട്ടെ, അഭൗമകമായ സ്വാതന്ത്ര്യാനുഭവത്തിലേക്കും ശാന്തിയിലേക്കും ക്രിസ്തു വിശ്വാസിയെ നയിക്കുന്നു.

ക്രിസ്തുവിന്റെ ഉയിർപ്പിൽ വിശ്വസിക്കുന്ന വ്യക്തിയുടെ സവിശേഷത ഉള്ളിൽ അനുഭവിക്കുന്ന സ്വാതന്ത്ര്യവും സമാധാനവുമാണ്. ഈ ലോകത്തിൽ ഒരു വ്യക്തി അനുഭവിക്കുന്ന സർവ്വപാരതന്ത്ര്യങ്ങൽനിന്നും സ്വതന്ത്രനാകുവാൻ ഉയിർപ്പിലുള്ള വിശ്വാസവും അത് സമ്മാനിക്കുന്ന പ്രതായാശയും ആ വ്യക്തിക്ക് ശക്തി നൽകുന്നു, കാരണം മാനുഷികമായ എല്ലാ ചങ്ങലകളേയും തിരർത്ഥകമാക്കുന്ന ചരിത്രാതീതസംഭവമാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം. ഇനിമേൽ മനുഷ്യജീവിതത്തിൽ ഭയത്തിന് സ്ഥാനമില്ല. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവർക്ക് ഭയത്തിന് അടിമകളാകാനാവില്ല. മനുഷ്യജീവിതത്തെ ആത്യന്തികമായി പരാജയപ്പെടുത്തുന്ന ഒരു ശക്തിയും ഈ ലോകത്തിലില്ല.

ഈ ആന്തരികസ്വാതന്ത്ര്യമാണ്, ഉത്ഥിതനായ ക്രിസ്തുനാഥൻ തന്റെ ശിഷ്യഗണത്തിന് സമ്മാനമായി നൽകിയ അഭൗമകമായ സമാധാനത്തിന്റെ അടിസ്ഥാനം. ഈ സമാധാനത്തിന്റെ ഉറവിടം മാനുഷികമായ നേട്ടങ്ങളോ, താല്കാലികമായ വിജയങ്ങളോ, ഭൗതികമായ സമ്പന്നതയോ, ലൗകികമായ ആനന്ദങ്ങളോ, ഒന്നുമല്ല. പിന്നെയോ, ജീവന്റെ ലക്ഷ്യത്തെക്കുറിച്ചും ആത്യന്തികമായ വിജയത്തെക്കുറിച്ചും ക്രിസ്തുവിന്റെ ഉയിർപ്പു നൽകുന്ന പ്രത്യാശ ഒരുവന്റെ ഉള്ളിൽ സംജാതമാക്കുന്ന സ്വാതന്ത്ര്യാനുഭവമാണ്. ജീവന്റെ ആഘോഷവും സമൃദ്ധിയും നാം കണ്ടെത്തേണ്ടത് ക്രിസ്തുവിന്റെ ഉയിർപ്പു നൽകുന്ന പ്രത്യാശയിലും സ്വാതന്ത്ര്യാനുഭവത്തിലും സമാധാനത്തിലുമാണ്. ഇവ സ്വന്തമാക്കുവാൻ സാധിക്കുന്ന ജീവിതമാണ് ഏറ്റവും അർത്ഥപൂർണ്ണമായ, സംഗതമായ, സമൃദ്ധമായ ജീവിതം.

ഈ പ്രത്യാശയുടെ സ്വാതന്ത്ര്യവും സമാധാനവും നമ്മെ നയിക്കേണ്ടത് ഒരു പുതിയ ആത്മസമർപ്പണത്തിലേക്കാണ് – ജീവൻ അതിന്റെ സർവ്വമാനങ്ങളിലും സമൃദ്ധരാക്കുവാനുള്ള ഒരു ആത്മസമർപ്പണത്തിലേക്ക്. ജീവനെ അവമതിക്കുന്ന ഒരു പ്രവർത്തിയോടും സ്വജീവിതത്തിൽ സമരസപ്പെടാതിരിക്കുക, ജീവനെ നിഷേധിക്കുന്ന സർവ്വയത്നങ്ങളെയും ശക്തിയുക്തം പ്രതിരോധിക്കുക. മനോഭാവത്തിലും വാക്കിലും പ്രവർത്തിയിലും ജീവന്റെ ഔന്നത്യത്തെ ഉയർത്തിപ്പിടിക്കുക.

## HIS EXCELLENCY MOST REV. DR. THOMAS MAR EUSEBIUS

| | | | | | |
|---|---|---|---|---|---|
| Born | : | 6 June 1961 | Ordained Priest | : | 29 Dec 1986 |
| Consecrated Bishop | : | 21 Sept 2010 | Installation | : | 3 Oct 2010 |

Appointed the first Bishop of the Eparchy of St. Mary, Queen of Peace of the Syro Malankara Faithful in USA and Canada : 18 Dec. 2015

Installation as the first Bishop of the New Eparchy : 23 Jan 2016

Authored : Through Self Discovery to Self-Transcendence : A Study of Cognitive Self Appropriation in B. Lonergan

Presently : Member in the Committee for the protection of children and young people

Member of the sub committee for the Asian and Pacific Island affairs of the US Conference of Catholic Bishops (USCCB)




# യേശുവിന്റെ പുനഃരുത്ഥാനം: പ്രത്യാശയുടെ സന്ദേശം

**ഡോ. ബി. ഇക്ബാൽ**
**മുൻ വൈസ്-ചാൻസലർ, കേരള യൂണിവേഴ്സിറ്റി**

ക്രിസ്തുമതത്തിന്റെ ആന്തരിക മൂല്യങ്ങൾ എന്തൊക്കെയാണ്? യേശുവിന്റെ ജീവിതത്തിൽ നിന്നും വചനങ്ങളിൽ നിന്നും നമുക്കെന്തു സന്ദേശങ്ങളാണ് ലഭിക്കുക? തികച്ചും വ്യത്യസ്ഥമായ രീതികൾ പല സംഘടിത മത വിഭാഗങ്ങളും പ്രകടിപ്പിക്കാറുണ്ട്. ആരുമായും തർക്കത്തിലേർപ്പെടാതെതന്നെ നമുക്കോരോരുത്തർക്കും നമ്മുടേതായ രീതിയിൽ യേശുവിനെ വ്യാഖ്യാനിക്കാവുന്നതാണ്.

യേശുവിന്റെ ജീവിതത്തിൽ നിന്നും മൂന്ന് മൂല്യസംഹിതകൾ വായിച്ചെടുക്കാൻ കഴിയും.

ആദ്യത്തേത്: അയൽപക്ക സ്നേഹം, രണ്ടാമത്തേത്: പങ്കുവക്കൽ, മൂന്നാമത്തേത്: പീഢിതന്റെ ഉയർത്തെഴുന്നേൽപ്പ്.

ഇവയോരോന്നും വളരെ ലളിതമായ ഭാഷയിലും ഉപമകളിലൂടെയും യേശു വ്യാഖ്യാനിക്കയും സ്വന്തം ജീവിതത്തിലൂടെ ലോകത്തിനു കാട്ടികൊടുക്കുകയും ചെയ്യുന്നുണ്ട്. തന്നെ പോലെ തന്റെ അയൽക്കരനേയും ശത്രുവിനേയും സ്നേഹിക്കുമ്പോൾ മാത്രമാണ് യേശു വിഭാവനം ചെയ്ത അയൽപക്ക സ്നേഹം സാക്ഷാത്കരിക്കപ്പെടുന്നത്. നമ്മെ സ്നേഹിക്കുന്നവരെ മാത്രം തിരിച്ചു സ്നേഹിക്കുന്നതിൽ മേന്മയൊന്നുമില്ലെന്ന് യേശു ഓർമ്മപ്പെടുത്തുന്നുണ്ട്.

ആരാണ് തന്റെ അയൽപക്കകാരനെന്ന ചോദ്യത്തിന് നല്ലവനായ ശമരിയാക്കാരന്റെ കഥയിലൂടെ യേശു ഉത്തരം നൽകുന്നു.

പരമ്പരാഗതമായി കടുത്ത ശത്രുക്കളാണ് യഹൂദരും ശമരിയക്കാരും. എന്നാൽ യഹൂദനായ ഒരുവൻ തെരുവിൽ കൊള്ളക്കാരാൽ ആക്രമിക്കപ്പെട്ട് മൃതപ്രായനായി കിടന്നപ്പോൾ അതുവഴി കടന്നുപോയ ശത്രുവെങ്കിലും നല്ലവനായ സമരിയക്കാരനായിരുന്നു അയാൾക്ക് ആഹാരം നൽകി മുറിവുകൾ വച്ചുകെട്ടി പരിചരിച്ചത്. ഈ മൂന്നുപേരിൽ കവർച്ചക്കാരുടെ കയ്യിലകപ്പെട്ട യഹൂദന്റെ അയൽപക്കക്കാരൻ, ശത്രുവായ ശമര്യാക്കാരനായിരുന്നുവെന്ന് യേശു വ്യക്തമാക്കുന്നു.

അഞ്ചപ്പവും രണ്ട് മീനും കൊണ്ട് ആയിരങ്ങളെ ഊട്ടിയ ശേഷവും ധാരാളം ഭക്ഷണം ബാക്കി വന്നത് ക്രിസ്തുവിന്റെ ഒരു അത്ഭുതകൃത്യമായി മാത്രം പലപ്പോഴും വ്യാഖ്യാനിക്കപ്പെടാറുണ്ട്. യേശുവിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ തടിച്ചുകൂടിയ ആരാധകർ തങ്ങൾക്കായി മാത്രം കരുതിയിരുന്ന അപ്പവും മീനും സ്വന്തമാക്കാതെ മറ്റുള്ളവർക്കായി പങ്കുവെക്കാൻ യേശുവിനെ ഏൽപ്പിക്കുമ്പോഴാണ് എല്ലാവരും ഭക്ഷിച്ച് തൃപ്തരായതിനു ശേഷവും പന്ത്രണ്ടുകുട്ടനിറയെ ഭക്ഷണം ബാക്കി വന്നത്. പൂഴ്ത്തിവച്ചാൽ ക്ഷാമവും പങ്കുവച്ചാൽ മിച്ചവും വരുമെന്നർഥം. സ്വാർത്ഥതയോടെ എല്ലാം സ്വന്തമായി സ്വരൂപിച്ചു വക്കാതെ വ്യക്തിതാത്പര്യങ്ങൾക്കുപരി ചുറ്റുപാടുമുള്ളവരുടെ താത്പര്യങ്ങൾ കൂടി പരിഗണിച്ച് അന്യോന്യം സഹകരിക്കാൻ തയ്യാറായാൽ ക്ഷാമവും പട്ടിണിയും മാറി സുഭിക്ഷിതത്തിലേക്ക് സമൂഹമെത്തുമെന്നാണ് യേശു പഠിപ്പിക്കുന്നത്. സമ്പത്തിന്റെ തുല്യതയുടെ അടിസ്ഥാനത്തിലുള്ള പുനർവിതരണമാണ് ഭക്ഷണത്തിന്റെ പങ്കുവയ്ക്കലിലൂടെ യേശു നടത്തിയത്.

പുനഃരുത്ഥാനം പല വീക്ഷണകോണിലൂടെയും ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഒരു ക്രിസ്തീയ ദർശനസമസ്യയാണ്. ശാരീരികവും സാമ്പത്തികവും സാമൂഹ്യവും മറ്റുമായി വ്യക്തിജീവിതത്തിലോ കുടുംബത്തിലോ സംഭവിക്കുന്ന കഷ്ടപ്പാടുകൾക്കും ബുദ്ധിമുട്ടുകൾക്കും തിരിച്ചടികൾക്കും ലഭിക്കുന്ന ആത്മീയ പരിഹാരമായി പലരും പുനരുത്ഥാനത്തെ വ്യഖ്യാനിക്കാറുണ്ട്. യേശുവിന്റെ ജീവിതം നമുക്ക് പക്ഷേ മറ്റൊരു സന്ദേശമാണ് നൽകുന്നത്.

പീഢാനുഭവത്തെയും ഉയിർപ്പിനെയും കുറിച്ച് യേശു ശിഷ്യന്മാരോട് ഇങ്ങനെ പറയുന്നു. ഇതാ നാം ജെറുശലേമിലേക്കാണ് പോകുന്നത്. അവിടെവച്ച് മനുഷ്യപുത്രൻ മുഖ്യപുരോഹിതന്മാരുടേയും വേദജ്ഞരുടേയും കൈകളിൽ ഏല്പ്പിക്കപ്പെടും. അവർ അവന് മരണശിക്ഷ വിധിക്കും. അവനെ വിജാതിയർക്ക് ഏൽപ്പിച്ച് കൊടുക്കും. അവർ അവനെ പരിഹസിക്കും. അവന്റെ മേൽ തുപ്പും. അവനെ ചാട്ടകൊണ്ട് അടിക്കും, കൊല്ലും, മൂന്നു ദിവസം കഴിഞ്ഞ് അവൻ ഉയർത്തെഴുന്നേൽക്കും (മർക്കോസ് 10:34).

പിന്നീട് എന്താണ് സംഭവിച്ചതെന്ന് പുതിയ നിയമത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: പട്ടാളക്കാർ അവനെ ഒരു ചെങ്കുപ്പായം ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞുണ്ടാക്കി അവർ അത് അവന്റെ തലയിൽ വച്ചു. യഹൂദരുടെ രാജാവേ ജയിച്ചാലും എന്നു പറഞ്ഞ് അവർ അവനെ വന്ദിക്കാൻ തുടങ്ങി. അവർ ചാട്ട കൊണ്ട് അവന്റെ ശിരസ്സിൽ അടിക്കയും, അവന്റെ മുഖത്ത് തുപ്പുകയും, മുട്ടുകുത്തി അവനെ നമസ്കരിക്കുകയും ചെയ്തു. ഇങ്ങനെ പരിഹസിച്ചശേഷം അവർ ചെങ്കുപ്പായം അഴിച്ചുമാറ്റി അവനെ സ്വന്തം വസ്ത്രം തന്നെ ധരിപ്പിച്ചു. പിന്നെ അവർ അവനെ ക്രൂശിക്കാൻ കൊണ്ടുപോയി (മർക്കോസ് 15:16-20). ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഉയിർത്തെഴുന്നേറ്റ യേശു ആദ്യം മഗ്ദലനമറിയത്തിനു പ്രത്യക്ഷനായി (മർക്കോസ് 16: 9).



ബൈബിളിൽ വചനങ്ങളുടെ ശ്രദ്ധാപൂർവ്വമായ വായന പുനഃരുത്ഥാനം ഒറ്റപ്പെട്ട ഒരു അത്ഭുതസംഭവമല്ലെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. ഉയർത്തെഴുന്നേൽപിനു മുൻപ് നടന്ന സംഭവപരമ്പരകളുടെ തുടർച്ചയും അവയോടുള്ള ധാർമ്മിക പ്രതികരണവും കൂടിയാണത്. നീതി


ക്കുവേണ്ടി യേശു നടത്തിയ പ്രബോധനങ്ങൾ പരീശന്മാരേയും സദ്ദൂക്കിയരേയും വേദജ്ഞരേയും പ്രകോപിപ്പിക്കുന്നതുകൊണ്ടാണ് യേശുവിനു കുരിശിലേക്കുള്ള യാത്ര ആരംഭിക്കേണ്ടിവരുന്നത്. അതിക്രൂരമായ പീഢനങ്ങൾ ഏറ്റുവാങ്ങി രണ്ട് കൊള്ളക്കാരോടൊപ്പം കുരിശുമരണം കൈവരിച്ചതിനെ തുടർന്നാണ് പുനഃരുത്ഥാനവും തുടർന്ന് സ്വർഗ്ഗാരോഹണവും സംഭവിക്കുന്നതെന്നാണ് ബൈബിളിന്റെ ശ്രദ്ധാപൂർവ്വമായ വായന വെളിപ്പെടുത്തുന്നത്. നീതിക്കു വേണ്ടിയുള്ള നിർഭയമായ പോരാട്ടം, ഭരണകൂടത്തിന്റെ നീതിരഹിതമായ ഇടപെടൽ, വിചാരണ, അനീതിയാണെന്നറിഞ്ഞുകൊണ്ട് തന്നെയുള്ള ശിക്ഷവിധിക്കൽ, അതിഭീകരമായപീഡനം ക്രൂശിക്കൽ ഇവയെല്ലാം അടങ്ങിയ പരസ്പര ബന്ധിതങ്ങളായ സംഭവങ്ങളുടെ ആകെത്തുകയാണ് ഉയിർത്തെഴുന്നേൽപ്പ് സാധ്യമാക്കുന്നതെന്ന് കാണാൻ കഴിയും. ഒന്നിനെ മറ്റൊന്നിൽ നിന്നും മാറ്റി നിർത്തി പുനരുത്ഥാനത്തിന്റെ ആന്തരികാർത്ഥം മനസ്സിലാക്കാനാവില്ല. നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിലാണ് പുനരുത്ഥാനത്തിന്റെ തുടക്കം.

യേശു പറയുന്നുണ്ട് : നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ സംതൃപ്തിയടയും (മത്തായി 5:6). നീതിക്കുവേണ്ടി പീഡയനുഭവിക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ് (മത്തായി 5:10)

അമൂർത്തമായി നടത്താവുന്ന ഒന്നല്ല നീതിക്കുവേണ്ടിയുള്ള പോരാട്ടം. ആരുടെ പക്ഷത്തുനിന്നാണ്, ആർക്ക് വേണ്ടിയാണ് അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കാൻ താൻ ശ്രമിക്കുന്നതെന്ന് യേശു ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്.

യേശു പറയുന്നു: അദ്ധ്വാനിക്കുന്നവരെ, കനത്ത ഭാരം ചുമക്കുന്നവരെ, നിങ്ങൾ ഏവരും എന്റെയടുക്കൽ വരിക (മത്തായി 11:28). അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും സ്വർഗ്ഗരാജ്യം മാത്രമല്ല നീതിയിലും തുല്യതയിലും അധിഷ്ഠിതമായ ഇഹലോകജീവിതവും നേടിക്കൊടുക്കുന്നതിനുള്ള പോരാട്ടമാണ് യേശുവിന്റെ കുരിശുമരണത്തിലേക്ക് നയിച്ചത്. താൻ മരിച്ചവരുടെ ദൈവമല്ല ജീവിക്കുന്നവരുടെ ദൈവമാണെന്ന് യേശു പറയുന്നുണ്ട് (മത്തായി 22:32). അദ്ദേഹം മാമോനെ (ധനദേവത) തിരസ്കരിച്ച് ദരിദ്രരും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായ മനുഷ്യരുടെ പക്ഷം ചേർന്നാണ് നിലയുറപ്പിച്ചത്.

യേശുവിന്റെ പുനഃരുത്ഥാനം പ്രത്യാശയുടെ സന്ദേശമാണ്, ദരിദ്രർക്കുവേണ്ടി പോരാടുന്നവർക്കെല്ലാം നൽകുന്നത്. ഭരണകൂട മർദ്ദനോപകരണങ്ങളാൽ പീഡിപ്പിക്കപ്പെട്ടാലും കൊലചെയ്യപ്പെട്ടാലും ദരിദ്രപക്ഷ പ്രത്യശാസ്ത്രങ്ങളും പ്രസ്ഥാനങ്ങളും വീണ്ടും ഉയർത്തെഴുന്നേൽക്കപ്പെടുമെന്ന് സമീപകാല ലോകാനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.



ലാറ്റിനമേരിക്കൻ ജനങ്ങളുടെ പക്ഷം ചേർന്ന് പോരാടിവീരചരമമടഞ്ഞ ഫാദർ കാമിലോ ടോറസ്സും പ്രതിനിധാനം ചെയ്ത ആശയങ്ങൾക്ക് ഉയിർത്തെഴുന്നേൽപ്പ് സംഭവിച്ചുകൊണ്ടിരിക്കുന്നത് ഒരു ലോകയാഥാർത്ഥ്യമാണ്. അതുകൊണ്ടു കൂടിയാണ് ലാറ്റിനമേരിക്കയിലെ ഏകാധിപത്യ ഭരണകൂടങ്ങളുടെ സ്ഥാനത്ത് ജനങ്ങളോട് പ്രതിബദ്ധതയും ഉത്തരവാദിത്വമുള്ള ജനാധിപത്യം അധികാരത്തിലെത്തിയിട്ടുള്ളത്. വ്യക്തിജീവിതത്തിലും പൊതു രംഗത്തുമെല്ലാം നീതിക്കുവേണ്ടി പോരാടുകയും അധികാരസ്ഥാപനങ്ങളോട് ഏറ്റുമുട്ടി പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നവർക്കെല്ലാം പ്രത്യാശയുടെ സന്ദേശം നൽകുന്ന സന്ദർഭമാണ് ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ ഓർമ്മിപ്പിച്ചുകൊണ്ടെത്തുന്ന ഈസ്റ്റർ ദിനം.

Cover Story

# ഉയിർപ്പിന്റെ പ്രാർത്ഥന

**ഡോ. ജോർജ് ഓണക്കൂർ**



ദൈവം മനുഷ്യനായി അവതരിച്ചു എന്നത് ജീവരാശിക്കു നൽകപ്പെട്ട വിസ്മയകരമായ സുവിശേഷമാണ്. പാപമെന്ന ബന്ധനത്തിൽ നിന്ന് വിടുതൽ നേടണമെങ്കിൽ അനുതാപത്തിന്റെ നേർവഴിയിൽ നയിക്കപ്പെടണം. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള യാത്ര. മാർഗ ദീപമായി ഉദിച്ചു നിൽക്കുന്ന നക്ഷത്രം. ഗുരുദർശനം സഞ്ചാരപഥം സുഗമമാക്കുന്ന നക്ഷത്രശോഭയാണ്. ഗുരു സത്യമാണ്, സത്യം ദൈവമാണ്. അഥവാ, ദൈവം ഗുരുതന്നെയാണ്. ആചാര്യ ദേവോ ഭവഃ എന്ന ഭാരതീയ ദർശനം ഈ ദൈവികാനുഭവം പ്രദാനം ചെയ്യുന്നു.

വിശ്വാസത്തിന്റെ തീഷ്ണതയിൽ, മനുഷ്യനായി പ്പിറന്ന ദൈവം ഗുരുവും രക്ഷകനും സകല ജനത്തിനും സമാധാനത്തിന്റെ അടയാളവുമാകുന്നു. പാപം നിമിത്തം പരിത്യക്തരായവർ; നഷ്ട്ടപ്പെട്ട പറുദീസാ വീണ്ടെടുക്കാൻ ദൈവവചനത്തിൽ ആശ്രയിച്ച് വാഗ്ദത്ത ഭൂമിയിലേക്ക് പലായനം ചെയ്ത പൂർവപിതാക്കൾ ; മിസ്രയിമിൽ ഉപജീവനത്തിന് ശരണാർത്ഥികളായി ചെന്നുചേർന്ന യിസ്രായേൽ മക്കൾ ; പിന്നെ പ്രവാസികളുടെ പീഡനകാല വിമോചകനായ മോശയിലൂടെ വീണ്ടെടുപ്പ്....

ദൈവജനത്തിന്റെ ത്യാഗപൂർണ്ണവും ക്ളേശനിർഭരവുമായ തീർത്ഥാടനപഥം ചരിത്രത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു. ആവർത്തിക്കപ്പെടുന്ന തെറ്റുകൾ; അതിനുള്ള ശിക്ഷാവിധികൾ. സമാധാനത്തിന്റെ നാൾവഴികൾ അകലെ, അകലെ. പ്രവാചകന്മാർ വഴി വെളിപ്പെടുത്തിയ രക്ഷകന്റെ ആഗമനത്തിനു വേണ്ടിയുള്ള കാത്തിരിപ്പാണ് യൂദയാ ചരിത്രത്തിന്റെ പ്രഥമഘട്ടം. ഒടുവിൽ രാത്രിയുടെ ഇരുട്ടുമാഞ്ഞ് പ്രഭാത താരകം ഉദയം ചെയ്യുന്നു. ഭൂമിയിൽ മനുഷ്യപുത്രന്റെ പിറവി. ആകാശങ്ങളിൽ ശാന്തി ഗീതം മാറ്റൊലിക്കൊള്ളുന്നു:

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി
ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം :

മനുഷ്യസ്നേഹത്തിന്റെ പുതിയ നിയമം എഴുതപ്പെടുകയാണ്. പാപികളോടു പൊറുക്കുക. ദൈവത്തിരുമുൻപിൽ എല്ലാവരും കരുണയർഹിക്കുന്നവർ. സ്വജാതിയനെന്നോ വിജാതിയനെന്നോ ഭേദമില്ല. സമ്പന്നനും ദരിദ്രനും സമന്മാർ. സമ്പത്തുള്ളവർ അത് മനുഷ്യനന്മയ്ക്ക് ഉപയോഗിക്കണം എന്നുമാത്രം. സ്വയം വിധിക്കപ്പെടാതിരിക്കാൻ ആരെയും വിധിക്കരുത്. സ്വർഗസ്ഥനായ ദൈവം എല്ലാ മനുഷ്യരുടെയും പിതാവാണ്. മനുഷ്യരെല്ലാം അവിടുത്തെ സന്തതികൾ. പരസ്പരം സ്നേഹിക്കുക ; അത് മഹത്തായ ജീവനമന്ത്രം.

ക്ഷമയുടെയും കരുണയുടെയും സന്ദേശമായിട്ടാണ് യേശു ക്രിസ്തു ചരിത്രം മാറ്റിയെഴുതിയത്. ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനാവുക, മൂന്നുകാതം ഒപ്പം നടക്കാൻ നിർബന്ധിക്കുന്നവർക്കൊപ്പം ആറു കാതം യാത്ര ചെയ്യുക. രണ്ട് ഉടുപ്പുള്ളവൻ ഒന്ന് ഒന്നുമില്ലാത്തവന് ദാനംചെയ്യുക. സഹോദരനെ കരുതാത്തവന് ദൈവത്തെ പ്രീതിപ്പെടുത്തുക അസാദ്ധ്യം.

യേശു ജനങ്ങളുടെ ഭാഷയിൽ സംസാരിച്ചുകൊണ്ട് അവർക്കൊപ്പം സഞ്ചരിച്ചു. വിശക്കുന്നവർക്ക് ആഹാരം നൽകി. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റിപ്പോറ്റിയ അത്ഭുതം. തളർവാത രോഗിയ നടക്കുമാറാക്കി. കുരുടന് കാഴ്ച്ച. കുഷ്ഠരോഗിക്ക് രോഗവിമോചനം. മരണത്തിനു കീഴടങ്ങിയ ലാസറിന് പുനരുജ്ജീവനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും പുറംതള്ളപ്പെട്ടവരുമായിരുന്നു ശിഷ്യഗണത്തിൽ.

അധികാരവും സമ്പത്തും കൈയ്യാളിയിരുന്നവരെ ചോദ്യം ചെയ്തപ്പോഴും പുരോഹിതന്മാരും പരീശന്മാരും നിയമജ്ഞരുമൊക്കെ അവന് എതിരായി നിലകൊണ്ടു. എങ്ങനെയും ഈ വിപ്ളവകാരിക്ക് കഴുമരമൊരുക്കണമെന്ന് അവർ ദൃഢനിശ്ചയം ചെയ്തു. ദൈവനിന്ദ നടത്തുന്നു, റോമ ചക്രവർത്തിക്കെതിരെ വിപ്ളവത്തിന് ഒരുക്കം കൂട്ടുന്നു തുടങ്ങിയ കള്ളസാക്ഷ്യങ്ങൾ. ചതിവിൽ പിടികൂടി ബന്ധിതനാക്കി റോമ ഗവർണ്ണറുടെ മുന്നിൽ ഹാജരാക്കി. ഈ നസ്രായനെ കുരിശിലേറ്റുക എന്ന് പുരു

ഷാരത്തെക്കൊണ്ട് ആക്രോശിപ്പിച്ചു. അവനെ വിട്ടയക്കണമെന്ന ഗവർണർ പിലാത്തോസിന്റെ താത്പര്യം സഫലമായില്ല.

കാൽവരി മലയിൽ നാട്ടിയ മരക്കുരിശിൽ മൂന്ന് ആണികളിൽ തറയ്ക്കപ്പെട്ട് മനുഷ്യപുത്രൻ – രക്ത ഞരമ്പുകൾ വലിഞ്ഞു മുറുകി പിടഞ്ഞ് മരണം വരിച്ചു. അവന്റെ ശിഷ്യന്മാർ ഭയം നിമിത്തം അവനെ വിട്ട് ഓടിപ്പോയി. കുരിശിന്റെ ചുവട്ടിൽ അവന്റെ അമ്മയും ഏതാനും സ്ത്രീകളും, താൻ സ്നേഹിച്ച ശിഷ്യൻ യോഹന്നാനും മാത്രം ബാക്കിയായി. ദൈവത്തിന്റെ ജീവനുള്ള പുത്രൻ മരിച്ചവനെപ്പോലെ കല്ലറയിൽ സംസ്ക്കരിക്കപ്പെട്ടു.

കളങ്കമില്ലാത്ത കുഞ്ഞാടിന്റെ രക്തം വീണ് ഭൂമിയുടെ മുഖം ഇരുണ്ടു. മറിയത്തിന്റെ ഹൃദയത്തിൽ ഒരുവാൾ മൂർച്ചയോടെ നില കൊണ്ടു. അമ്മയ്ക്ക് മകന്റെ പിറവിയോടൊപ്പം വിധി സമ്മാനിക്കുന്നവാൾ. ഹൃദയം രണ്ടായി പിളർന്നുപോയി.

ഭൂമിയിൽ അവതരിച്ച ദൈവപുത്രൻ മനുഷ്യരുടെ പാപത്തിന്റെ കുരിശ് സ്വന്തം തോളിൽ വഹിച്ചു. അതിൽ സ്വന്തം ശരീരം ബലിയർപ്പിച്ചു. ഈ ബലിയർപ്പണത്തിലൂടെയാണ് മനുഷ്യസമൂഹത്തിന് പാപവിമുക്തി ലഭ്യമായത് സ്വർഗ്ഗത്തിന്റെ പുനഃസ്ഥാപനം യാഥാർത്ഥ്യമായിത്തീർന്നത്.

മരണത്തിന്റെ അധികാരം മായ്ച്ചുകളഞ്ഞ് ജീവന്റെ അടയാളം ഭൂമിയുടെ പ്രകാശമാക്കിത്തീർത്തു മനുഷ്യപുത്രന്റെ പുനരുത്ഥാനം. സ്വർഗ്ഗവും ഭൂമിയും സന്തോഷിച്ചു. ആകാശപഥത്തിൽ നക്ഷത്രദീപങ്ങൾ തെളിഞ്ഞു. മുഖങ്ങളിൽ ജീവനസംഗീതം അലയടിച്ചു.

ഉയിർപ്പ് ഉത്സവവേളയാണ്. സഹജീവികളുടെ പാപം ഏറ്റുവാങ്ങി അതിൽ മരിച്ച് നിത്യജീവൻ സ്വന്തമാക്കുക. ദുഃഖവെള്ളിയാഴ്ച്ച മനുഷ്യപുത്രനോടൊപ്പം മരിക്കുന്നവർ ഞായർ നാളിൽ ദൈവപുത്രരായി നിത്യതയിൽ ഉയിർകൊള്ളുന്നു. കുരിശിന്റെ വഴിയിലൂടെ നടക്കാത്തവർക്ക് ജീവന്റെ പഥത്തിൽ പ്രവേശനമില്ല. പ്രബോധനങ്ങളെക്കാൾ പ്രധാനം ആത്മാർത്ഥമായ പ്രവർത്തികളാണ്. മധുരമായ വാക്കുകൾ വിളിച്ചുപറയാനെളുപ്പം. കരുണയുടെ സ്പർശത്തിൽ ജീവിതകാർക്കശ്യം നിവാരണം ചെയ്യുമ്പോൾ മാത്രമേ ശാന്തിയും സന്തോഷവും യാഥാർത്ഥ്യമാവുകയുള്ളു.

യേശുവിന്റെ മരണവും പുനരുത്ഥാനവും സംസ്കാരത്തിന്റെ പുതിയ ചരിത്രം സൃഷ്ടിക്കുന്നു. എല്ലാ മനുഷ്യനും ഒരേ ദൈവത്തിന്റെ മക്കളാണ് എന്ന തിരിച്ചറിവ്. നിറമേതായാലും സാമൂഹികാവസ്ഥയിൽ എന്തെന്തു മാറ്റങ്ങൾ സംഭവിച്ചാലും സകലരും സഹോദരങ്ങൾ.

ആശ്വാസത്തിന്റെ കുളിർക്കാറ്റ് വീശുന്നു. രാക്കിളികൾ ഉണർന്നിരുന്നു പാടുന്നു. ആകാശം നിറയെ നക്ഷത്രങ്ങൾ. ഭൂമിയിൽ സ്വർഗ്ഗീയ പ്രഭ പരക്കുന്നു. ജീവന്റെ പുതിയ കാലപ്പിറവി. ഒരു പൂവു പോലെ വിടർന്ന് ജീവപ്രകൃതിയെ സുന്ദരവും സുരഭിലവുമാക്കാൻ കഴിഞ്ഞെങ്കിൽ....! അതാവും ഉയിർപ്പിന്റെ പ്രാർത്ഥന.



Cover Story

# യേശുവിന്റെ പുനരുത്ഥാനം




റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

യേശുവിന്റെ പുനരുത്ഥാനം ഒരു വിവാദവിഷയമാണ്. അവിശ്വാസികൾ അത് നിഷേധിക്കുന്നു, വിശ്വാസികൾ അത് തെറ്റിദ്ധരിക്കുന്നു. നിഷേധിക്കലും തെറ്റിദ്ധാരണയും നീക്കി പുനരുത്ഥാനത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കാനാണിവിടെ ശ്രമിക്കുന്നത്. യേശുവിന്റെ ചരിത്രം എഴുതുന്നവർ മഹാത്യാഗിയെന്നും മഹാന്മാരിൽ മഹാനെന്നും അവിടുത്തെ വിശേഷിപ്പിക്കാറുണ്ട്. യേശുവിന്റെ കുരിശുമരണത്തിന്റെ ക്രൂരതയും യേശുവിന്റെ അവാച്യമായ ശാന്തതയും വർണ്ണിക്കാൻ മത്സരിക്കുന്നവർപോലും ഉത്ഥാനത്തെപ്പറ്റി ഒന്നും പറയാതെ അഥവാ യേശു പുനരുത്ഥാനം ചെയ്തുവെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുവെന്ന് മാത്രം പറഞ്ഞു അതിന്റെ സത്യാവസ്ഥയെ പറ്റി വ്യക്തമാക്കാതെ അവസാനിപ്പിക്കുകയാണ് പതിവ്. അതിനാൽ നമുക്ക് ഇങ്ങനെ ആരംഭിക്കാം – ഒരു ചോദ്യം ചോദിച്ചുകൊണ്ട്:

യേശു യഥാർത്ഥമായും ഉയർത്തെഴുന്നേറ്റോ? യേശുവിന്റെ ഉയിർപ്പ് ക്രിസ്ത്യാനികളുടെ വിശ്വാസവിഷയമാണെന്നതു സത്യം. പക്ഷേ അത്രമാത്രം പറഞ്ഞവസാനിപ്പിക്കാൻ കഴിയുന്നതല്ല യേശുവിന്റെ ഉയിർപ്പ് എന്ന വിഷയം. യേശുവിന്റെ ഉയിർപ്പ് മനുഷ്യയുക്തിയുടെ അനിവാര്യതയാണ്. എന്നു വച്ചാൽ എന്താണർത്ഥം? യേശുവിന്റെ മരണം മനുഷ്യയുക്തിരാഹിത്യത്തിന്റെ ആത്യന്തിക ബിന്ദുവായിരിക്കുന്നതിനാൽ യേശുവിന്റെ ഉയിർപ്പ് മനുഷ്യയുക്തിയുടെ അനിവാര്യതയായിത്തീർന്നിരിക്കുന്നു.

ഇങ്ങനെ ഇതു വിശദീകരിക്കാം. യേശുവിന്റെ കുരിശുമരണത്തിൽ സംഭവിച്ചത് യുക്തിരാഹിത്യത്തിന്റെ ആത്യന്തികബിന്ദുവാണെന്ന് പറഞ്ഞില്ലേ. എന്തിനാണ് യേശുവിനെ വധിച്ചത് ? ആരാണ് ഈശോയെ മരണത്തിന് വിധിച്ചത്? ഈ ചോദ്യങ്ങൾക്കെല്ലാം കൂടി ഇങ്ങനെ ഒരു വാക്യത്തിൽ ഉത്തരം പറയാം.

ലോകം കണ്ടിട്ടുള്ളതിൽ ഏറ്റവും പരിശുദ്ധനും, നൂറുശതമാനം നിരപരാധിയും, തന്നെ സമീപിച്ച എല്ലാവർക്കും നന്മചെയ്തവനും ആയവനെ, അവൻ നിരപരാധിയാണെന്ന് വ്യക്തമായി അറിയാമായിരുന്ന ന്യായധിപതി – അതും ലോകത്തിലെ അന്നത്തെ ഏറ്റവും ഉയർന്ന സാമ്രാജ്യത്തിന്റെ ചക്രവർത്തിയുടെ – ലോകത്തിന് നിയമം സംഭാവന ചെയ്ത റോമർ ജനതയുടെ ചക്രവർത്തിയുടെ – നൂറു അപരാധികൾ ശിക്ഷിക്കപ്പെടാതെ പോയാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടാൻ പാടില്ല എന്ന് വിധിക്കുന്ന നിയമസംഹിത ലോകത്തിനു സംഭാവന ചെയ്ത ജനതയുടെ ചക്രവർത്തിയുടെ ഔദ്യോഗിക



പ്രതിനിധി നല്കിയ ഏറ്റവും ക്രൂരമായ കുരിശുമരണത്തോളം ഏറ്റവും ക്രൂരമായ മറ്റൊരു ശിക്ഷയുമില്ല – ശിക്ഷയാണ് യേശുവിന്റെ കുരിശുമരണം.

ഇതാണ് യേശുവിന്റെ കുരിശു മരണമെങ്കിൽ അതിനോടു, ചേർത്ത് മനുഷ്യ മനസാക്ഷി ചിലചോദ്യങ്ങൾ ചോദിക്കുക തന്നെ വേണം. ഇത്രയും അധാർമ്മികമായ ഒരു പ്രവൃത്തി ഔദ്യോഗികമായി, ഭരണാധിപന്റെ വിധിയുടെ ഫലമായി എന്നെങ്കിലും എവിടെങ്കിലും നടന്നിട്ടുണ്ടോ ? ഇല്ല എന്നത് ചരിത്രം നൽകുന്ന വ്യക്തമായ ഉത്തരമാണ്. അതിനോടു ചേർത്തു ഇതുകൂടി ചോദിക്കാം: എങ്കിൽ ദൈവത്തിന് ഈ പ്രവർത്തിയുടെ മുമ്പിൽ നിഷ്ക്രിയനായിരിക്കാൻ പറ്റുമോ. ഇല്ലാ എന്നല്ലാതെ മറ്റെന്ത് ഉത്തരമാണുള്ളത്. ദൈവം നിഷ്ക്രിയനായിരുന്നില്ല എന്ന പ്രഖ്യാപനമാണ് യേശു ഉയർത്തെഴുന്നേറ്റു എന്ന പ്രഖ്യാപനം.

ചരിത്രപരമായ അറിവും ദൈവവിശ്വാസവും യേശുവിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തിൽ പരസ്പരം കണ്ടുമുട്ടുന്നു. യേശുവിന്റെ കുരിശുമരണം ആരുടേയും സങ്കൽപ്പസൃഷ്ടിയല്ല. അത് ചരിത്രത്തിലെ മായിച്ചു കളയാനാകാത്ത സത്യമാണ്. എങ്കിൽ ആ സത്യത്തോട് ദൈവത്തിന് പ്രതികരിക്കാതിരിക്കാൻ സാധിക്കുകയില്ലെന്നുകൂടി പറയേണ്ടിവരും. ദൈവം പ്രതികരിച്ച വിധിയാണ് യേശുവിന്റെ ഉയിർപ്പ്. മനുഷ്യന്റെ ഭാഗത്തുനിന്ന് പ്രവർത്തിച്ച എറ്റവും വലിയ അധാർമികതയ്ക്ക് ദൈവം നല്കിയ സ്വാഭാവികമായ മറുപടിയാണ്, യേശുവിനെ ഉയിർപ്പിച്ചത്. യേശുവിന്റെ പുനരുത്ഥാനത്തിൽ ഏറ്റുപറയുകയെന്നത് ദൈവവിശ്വാസിക്ക് വളരെ എളുപ്പമാണ്. പുനരുത്ഥാനത്തെ നിഷേധിക്കുകയാണ് പ്രയാസം കാരണം അതിൽ യുക്തിരാഹിത്യമുണ്ട്.

പുതിയ നിയമത്തിലൂടെ കടന്നുപോയാൽ ഇതു മനസ്സിലാക്കാൻ പ്രയാസമില്ല യേശുവിന്റെ സ്നാനവും ഉയിർപ്പും തമ്മിൽ വലിയ ബന്ധമുണ്ട്. പാപമില്ലാത്തവൻ പാപികളോടൊപ്പം വന്ന് വെറും മനുഷ്യനായ യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചു. യേശുവിന്റെ ആ സ്വയം എളിമപ്പെടുത്തലിന് സ്വർഗ്ഗം തുറന്നു “നീ എന്റെ പ്രിയ പുത്രനാണ്” എന്ന് പ്രഖ്യാപിച്ചുകൊണ്ട് ദൈവം മറുപടി നൽകി. യേശുവിന്റെ എളിമപ്പെടുത്തലിന്റെ മുമ്പിൽ സ്വർഗ്ഗത്തിനു നിശ്ചലമായിരിക്കാൻ കഴിയുകയില്ലെന്നു അങ്ങനെ വെളിപ്പെട്ടു. മനുഷ്യന്റെ അധാർമികത പരമപരിശുദ്ധനെ ഏറ്റവും വലിയ കുറ്റവാളിയെന്നു മുദ്രകുത്തി കുരിശിൽ തൂക്കികൊല്ലുകയും കബറിൽ അടക്കുകയും ചെയ്തു. ഇവിടെയും നിഷ്ക്രിയനായിരിക്കാൻ സാധിക്കാതിരിക്കുന്ന ദൈവം കബറിന്റെ വലിയ കല്ല് ഉരുട്ടിമാറ്റി യേശുവിനെ ഉയിർപ്പിച്ചു. അങ്ങനെ യേശുവിന്റെ ഉയിർപ്പിലുള്ള വിശ്വാസം ദൈവവിശ്വാസത്തിന്റെ യുക്തിപരമായ വ്യാപനമാണെന്നു (faith in the resurrection of Jesus is the logical extension of faith in God) പറയാം.

ഉയിർപ്പ് ഭൂതകാലത്തിലേക്കുള്ള തിരികെ പോകലല്ല; ഭാവിയിലേക്കുള്ള കുതിപ്പാണ്. യേശു ഉയിർത്തുവെന്ന് പറഞ്ഞാൽ മരണത്തിനുമുമ്പുണ്ടായിരുന്ന അവസ്ഥയിലേക്ക് യേശുതിരികെ പോയി എന്ന് ചിന്തിക്കാൻ പാടില്ല. അങ്ങനെ ചിന്തിക്കുന്നവരുണ്ട്. അത് അബദ്ധമാണ്.

നാലു സുവിശേഷങ്ങളും ഏതാണ്ട് ഒരു പോലെ വിവരിക്കുന്ന സംഭവങ്ങൾ വളരെ കുറച്ചുമാത്രമേയുള്ളു. നാലു സുവിശേഷങ്ങളിലും വളരെ വ്യത്യസ്തത പുലർത്തുന്ന വിവരണമാണ് ഉയിർപ്പുവിവരണം. എന്നാൽ ഉയിർപ്പിനെപ്പറ്റിയുള്ള വിവരണത്തിൽ നാലു പേരും യോജിക്കുന്ന ഒരു ഭാഗമുണ്ട്. അത് ശൂന്യമായ കല്ലറയെപ്പറ്റിയുള്ള വിവരണമാണ്. ഇത് പൊതുവായതും ചരിത്രപരവും ആർക്കും കണ്ടു മനസ്സിലാക്കാവുന്നതുമാണ്.



ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷീകരണങ്ങളിൽ വ്യക്തിപരമായ അംശങ്ങൾ കലർന്നിട്ടുണ്ട്. എന്നാൽ അങ്ങനെയല്ല ശൂന്യമായ കല്ലറ. അത് വ്യക്തിപരമല്ല. എല്ലാവർക്കും കാണാവുന്നതാണ്. അതിനാലാണ് നാലു സുവിശേഷകരും ശൂന്യമായ കല്ലറയെപ്പറ്റി പറയുന്നത്. ഇത് യേശുവിന്റെ ഉയിർപ്പിന്റെ സ്വഭാവത്തിലേക്ക് വെളിച്ചം വീശുന്നു. ഉയിർപ്പ് എന്നത് ആത്യന്തികമായി അവസ്ഥാഭേദം പ്രാപിക്കലാണ്. സ്ഥലകാല പരിമിതികൾക്കു ഉൾപ്പെട്ട ശരീരം സ്ഥലകാലാതീതമായ അവസ്ഥ പ്രാപിക്കുന്നതാണ് പുനരുത്ഥാനം. ശിഷ്യന്മാരുടെ മുമ്പിൽ

രൂപാന്തരീകരണം പ്രാപിച്ചുകൊണ്ട് യേശു ഉയിർപ്പ് എന്താണെന്ന സൂചന നല്കിയിരുന്നു. ആറു ദിവസം കഴിഞ്ഞ്.... അവൻ അവരുടെ മുമ്പിൽ വച്ച് രൂപാന്തരപ്പെട്ടു (മർക്കോസ് 9:2). രൂപാന്തരപ്പെട്ട യേശുവിനെ മലമുകളിൽ പിടിച്ചുനിർത്താമെന്നു വിചാരിച്ച് പത്രോസ് ഇങ്ങനെ പറയുന്നു. "നാം ഇവിടെയായിരിക്കുന്നത് നല്ലതാണ്." "ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം...(9:5)." ഈ പ്രസ്താവന അജ്ഞതയുടെ ഫലമാണെന്ന് സുവിശേഷകൻ എടുത്തു പറയുന്നു. "എന്താണ് പറയേണ്ടതെന്ന് അവന് അറിഞ്ഞു കൂടായിരുന്നു" (9:6) രൂപാന്തരം പ്രാപിച്ചവനെ ഉൾക്കൊള്ളാൻ ഒരു സ്ഥലത്തിനും സാധിക്കുകയില്ല. പുനരുത്ഥാനം ഒരു രൂപാന്തരീകരണമാണ്. കല്ലറയ്ക്ക് അവനെ ഉൾകൊള്ളാൻ കഴിയുകയില്ല. സ്ഥലകാലസീമകളെ അതിലംഘിക്കുന്നതാണ് പുരുത്ഥാന ജീവിതം. അതിനാൽ ശൂന്യമായ കല്ലറയാണ് പുനരുത്ഥാനത്തിന്റെ അതിശക്തമായ തെളിവ്. ഏതെങ്കിലും പ്രത്യക്ഷീകരണമല്ല.

യേശുവിന്റെ പുനരുത്ഥാനം വിശ്വാസികളുടെ പുനരുത്ഥാനത്തിന്റെ മുൻകുറിയാണ്. അതായത് യേശുവിന് സംഭവിച്ചത് നമുക്കെല്ലാം സംഭവിക്കും, കാലാന്ത്യത്തിൽ യേശുവിന്റെ പുനരാഗമനത്തിൽ. യേശുവിന്റെ പുനരുത്ഥാനവും നാം പ്രാപിക്കാനിരിക്കുന്ന പുനരുത്ഥാനവും തമ്മിൽ സത്താപരമായ വ്യത്യാസമില്ല. സമയത്തിന്റെ വ്യത്യാസമേയുള്ളു. യേശു ഉയിർത്തെഴുന്നേറ്റുകഴിഞ്ഞു. അങ്ങനെ ഉയർത്തെഴുന്നേൽക്കുന്നവരുടെ കൂട്ടത്തിലെ ആദ്യജാതനായിത്തീർന്നു. നാം ഉയിർത്തെഴുന്നേൽക്കും അങ്ങനെ ആദ്യജാതനായ യേശുവിൽ നാമും ദൈവമക്കളുടെ മഹത്വം പ്രാപിക്കും. അതുകൊണ്ടുതന്നെ മരിച്ചവരെല്ലാം ഉയിർക്കുമെന്ന് വിശ്വസിക്കുന്നവർക്ക് യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കുക വളരെ എളുപ്പമുള്ളതാണ്.

യേശുവിന്റെ ഉയിർപ്പ് ശക്തിയുടെ സന്ദേശമാണ്. വിശ്വസിക്കുന്നവന് അസാധ്യമായി ഒന്നുമില്ല എന്ന സന്ദേശമാണത്. യേശു ഉയിർത്തുവെന്ന വിശ്വാസമാണ് പൗലോസ് ശ്ലീഹായെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്; "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4:13).

യേശുവിന്റെ ഉയിർപ്പ് യുഗാന്ത്യത്തിന്റെ ഉദ്ഘാടനമാണ്. ഈ ലോകവും ഭൗതികയാഥാർത്ഥ്യങ്ങളെല്ലാം തന്നെയും രൂപാന്തരീകരണം പ്രാപിക്കുമെന്നും മനുഷ്യൻ തിരുജീവനിൽ പ്രവേശിക്കുമെന്നുമുള്ള സന്ദേശമാണ് യേശുവിന്റെ ഉയിർപ്പ് നൽകുന്നത്. നിത്യതയുടെ നാളെ ഇന്നേ ആരംഭിച്ചിരിക്കുന്നു. നമ്മുടെ ഉയിർപ്പിലൂടെ നിത്യതപൂർണ്ണമായും അനുഭവവേദ്യമാകും. അതാണ് ഉയിർപ്പിന്റെ സന്ദേശം.

---

ഊഷ്മളമായ ദാമ്പത്യം

ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ, കപ്പൂച്ചിൻ

## "അൻപതാം വിവാഹ വാർഷികവും ഊട്ടിയും"

ദമ്പതികളുടെ വിവാഹജീവിതത്തിന്റെ അൻപതാം വാർഷികം ആഘോഷിക്കുകയാണ്. ഇത്രയും സന്തോഷത്തോടെ കഴിഞ്ഞ 50 വർഷം എങ്ങനെ ജീവിക്കാൻ കഴിഞ്ഞു?" പള്ളിയിലെ അച്ചൻ ചോദിച്ചു.

ഭർത്താവിന്റെ മറുപടി: "വിവാഹത്തിന്റെ 25-ാം വർഷം ആഘോഷിച്ചപ്പോൾ അവൾ ഒരാഗ്രഹം പറഞ്ഞു, ഊട്ടി കാണണം. അന്ന് രാത്രി തന്നെ ഞാനവളെ ഊട്ടിയിലേക്ക് കൂട്ടിക്കൊണ്ടുപോയി."


"പിന്നെയും 25 വർഷം സന്തോഷത്തോടെ ജീവിച്ചുവല്ലോ" എന്നായി അച്ചൻ. ഭർത്താവ് അതിന് മറുപടി പറഞ്ഞതിങ്ങനെ: "50 വർഷം തികഞ്ഞ ഇന്നാണ് ഞാനവളെ പിന്നെ ഊട്ടിയിൽ നിന്ന് തിരിച്ച് കൊണ്ടുവരുന്നത് എന്റെ അച്ചോ".

കുടുംബത്തിൽ നടക്കുന്ന എല്ലാ കുഴപ്പങ്ങൾക്കും കാരണം പരസ്പരം കുറ്റപ്പെടുത്തുന്നവരാണധികവും. നാവിൽ നിന്ന് വീണ വാക്ക് സ്വയം മനസ്സിലാക്കുവാനോ സമ്മതിക്കുവാനോ പലർക്കും കഴിയുന്നില്ല. അകാരണമായി പങ്കാളിയെ കുറ്റപ്പെടുത്തുന്നത് പലരും ശീലമാക്കുന്നു. ദാമ്പത്യജീവിതത്തിൽ പരസ്പരം പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതുമായ കാര്യങ്ങൾ മധുരമായ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കാൻ കഴിയണം. അല്ലാതെ കരിപുരണ്ട അലുമിനിയം കലം പൗഡർ പൂശി നടന്ന് വരുന്നതുപോലെയാണ് നീയെന്ന് ഭർത്താവ് പറഞ്ഞാൽ ഏത് പെണ്ണാണ് സഹിക്കുക. ഭാര്യ എപ്പോഴും സുരക്ഷിതത്വം തേടും. അതിന് കോട്ടം വരുന്ന വാക്കുകൾ ഭർത്താവിൽ നിന്നുണ്ടായാൽ അവളുടെ മനസ്സ് മുറിയും. ദമ്പതികൾ ഒരുപോലെ ഒരുകാര്യം എപ്പോഴും ഓർമ്മിക്കുക... "നിങ്ങളെ ഈശ്വരനാണ് ഒന്നിപ്പിച്ചത്."

Cover Story

# ഉയിർപ്പ് :
# സൃഷ്ടിയുടെ പെരുന്നാൾ

റവ. ഫാ. മത്തായി കടവിൽ ഒ.ഐ.സി



**ലോ**കരക്ഷകനായ യേശു സർവ്വസൃഷ്ടികളെയും ദൈവസംസർഗ്ഗത്തിലേയ്ക്ക് പുനരാനയിച്ച തിരുനാളാണ് ഉയിർപ്പ് തിരുന്നാൾ. പാപത്തിലൂടെ ദൈവീകസംസർഗ്ഗത്തിന്റെ ഇടമായ പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ടവരെ പുനഃപ്രതിഷ്ഠിക്കുവാൻ ഇസ്രായേൽക്കാർ നടത്തിയ ശ്രമങ്ങളാണ് പഴയനിയമചരിത്രം. ദൈവനിയോഗം സ്വീകരിച്ച് ഇതിനായി പരിശ്രമിച്ച പിതാക്കന്മാരുടെയും ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും പ്രവാചകരുടെയും തുടർച്ചയായിട്ടാണ് ദൈവപുത്രനായ യേശു മനുഷ്യാവതാരം ചെയ്തത്. യേശുവിന്റെ വിസ്മനീയമായ പ്രബോധനങ്ങളും അത്ഭുതങ്ങളും ജനത്തെ ആകർഷിച്ചു. അവർക്കുവേണ്ടി സ്വജീവനെ നൽകി മരണം പുൽകിയ യേശു തമ്പുരാൻ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ് സൃഷ്ടിയെ രക്ഷയിൽ പുനപ്രതിഷ്ഠിച്ചതിന്റെ ഓർമ്മപ്പെടുത്തലാണ് ഉയിർപ്പ് തിരുന്നാൾ. തിന്മ നിമിത്തം സൃഷ്ടാവിൽ നിന്നുമകന്ന സൃഷ്ടിയെ സൃഷ്ടാവിലേക്ക് ആനയിക്കുകയും അതു വഴി ദൈവ-മനുഷ്യ-പ്രപഞ്ച-ബന്ധത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന തിരുന്നാളാണ് ഉയിർപ്പു തിരുന്നാൾ.



**ഉയിർപ്പ് സൃഷ്ടിയുടെ ആഘോഷം**

യഹൂദനായി ജനിച്ച യേശു യഹൂദമതാചാരങ്ങൾ അനുഷ്ഠിക്കുകയും അവരുടെ വിശ്വാസത്തിന് പുതിയ മാനങ്ങൾ നൽകുകയും ചെയ്തു. ജനനത്തിന്റെ എട്ടാം ദിവസം ചേലാകർമ്മം നിർവ്വഹിച്ചു. (ഉല്പ 17:10, ലൂക്കാ 2:21) ആറാഴ്ച പിന്നിട്ടപ്പോൾ ദൈവാലയത്തിൽ സമർപ്പിച്ചു (ലൂക്ക 2: 22-24). പന്ത്രണ്ടാം വയസ്സിൽ ദൈവാലയശുശ്രൂഷകളിൽ പങ്കുചേർന്നു (ലൂക്ക 2:42) മുപ്പതാം വയസ്സിൽ അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിച്ചു (മർക്കോ 1:4). യേശുതമ്പുരാൻ യഹൂദാചാരാനുഷ്ഠാനങ്ങളിൽ പങ്കുചേർന്നപ്പോൾ തന്നെ അർത്ഥം നഷ്ടപ്പെട്ട ആചാരാനുഷ്ഠാനങ്ങളെ വിമർശിക്കുകയും ചെയ്തു. തുളസ്സി, ചതകുപ്പ, ജീരകം എന്നിവയ്ക്ക് ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവയെ അവഗണിക്കുകയും

(മത്താ 23:23) ചെയ്യുന്നതിനെതിരെ യേശു ശബ്ദമുയർത്തി: “നിയമത്തെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നതെന്ന് ” പ്രഖ്യാപിച്ച യേശു (മത്താ 5:17) നിയമത്തിന് പുതുവ്യാഖ്യാനങ്ങളും നൽകുന്നു (മത്താ 5: 21-22, 27-28, 31-32, 33-34, 38-39, 43-44). യേശുവിന്റെ ജീവിതത്തിലുടനീളം നിയമത്തിന് വിധേയപ്പെടുകയും പൊള്ളയായ നിയമാനുഷ്ഠാനങ്ങളെ വിമർശിക്കുകയും ചെയ്യുന്നത് കാണാനാകും. ഈസ്റ്റർ ആഘോഷത്തിലും പാരമ്പര്യാനുഷ്ഠാനത്തിന്റെയും പുതുമയുടെയും ഭാവമുണ്ട്.

ഉയിർപ്പു തിരുന്നാളിനെ പെസഹാ ആഘോഷത്തിന്റെ കൂടി പശ്ചാത്തലത്തിലാണ് നാം കാണേണ്ടത്. പഴയനിയമത്തിലെ പെസഹാ ആചരണം സാബത്താചരണത്തിന്റെ പശ്ചാത്തലത്തിൽ. ആറുദിവസത്തെ സൃഷ്ടികർമ്മത്തിനുശേഷം വിശ്രമിച്ച ദിവസത്തെ കർത്താവിന്റെ ദിവസമായി ഇസ്രായേൽ ജനം ആചരിച്ചു. സൃഷ്ടവസ്തുക്കൾ സൃഷ്ടാവിൽ നിന്നും അനുഗ്രഹം പ്രാപിച്ച ദിവസമാണ് സൃഷ്ടികർമ്മം തുടരുന്ന സാബത്താചരണമായി രൂപപ്പെട്ടത്. മനുഷ്യർ തങ്ങളുടെ കർമ്മ മണ്ഡലത്തിൽ നിന്നും വിട്ട് സൃഷ്ടാവിനോടുകൂടി ചില വഴിക്കുന്ന ദിവസമാണിത് (ഉല്പ 2:1-3). ആഴ്ചവട്ടത്തിൽ സൃഷ്ടവസ്തുക്കൾ സൃഷ്ടാവിനോട് ചേർന്നു നടത്തിയ ആചരണം സാബത്തായി രൂപാന്തരപ്പെട്ടു. ആറുവർഷത്തെ അദ്ധ്വാനത്തിനുശേഷം ഏഴാം വർഷം വിശ്രമത്തിനായി മാറ്റി വച്ചുകൊണ്ട് സാബത്ത് വർഷം ആചരിക്കുന്ന രീതിയും (പുറ 23:10-11, നിയമാവർത്തനം 15 :1-11, ലേവ്യ 25: 1-7) ഏഴു സാബത്ത് വർഷത്തിനുശേഷം വരുന്ന ജൂബിലി വർഷത്തിൽ കരുണയുടെയും സ്വാതന്ത്ര്യത്തിന്റെയും വിശുദ്ധവർഷം ആചരിക്കുന്ന രീതിയും (ലേവ്യ 25:8-22) യഹൂദരുടെയിടയിൽ പ്രചാരത്തിൽ വന്നു.

സാബത്ത് ആചരണം ദൈവത്തിന്റെ പ്രതിനിധിയായി പ്രപഞ്ചത്തിലെ സൃഷ്ടവസ്തുക്കളെ പരികർമ്മം ചെയ്യുന്ന മനുഷ്യൻ സൃഷ്ടാവിനോട് ചേർന്ന് നടത്തുന്ന ദൈവസംസർഗ്ഗത്തിന്റെ ആചരണമാണ്. യഹൂദരുടെ സാബത്താചരണത്തിന്റെ തുടർച്ചയായിട്ടാണ് പെസഹ ആചരണത്തെ കാണേണ്ടത്. ഈജിപ്തിലെ അടിമത്തത്തിൽ സാബത്താചരണം മുടങ്ങുകയും ദുരിതം വർദ്ധിക്കുകയും ചെയ്ത നാളുകളിലാണ് മോശ വിമോചകനായി രംഗപ്രവേശം ചെയ്യുന്നത്. ജനത്തെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി മോശയുടെ നിർദ്ദേശപ്രകാരം കടിഞ്ഞൂൽ മൃഗങ്ങളെ ബലിയർപ്പിച്ച് വാതിൽപ്പടികളിൽ തളിച്ച രക്തത്തിലൂടെ സംഹാരദൂതനെ അതിജീവിച്ച (പുറ. 12 1-14) ഇസ്രായേൽജനത വീണ്ടെടുപ്പിന്റെ ഓർമ്മയ്ക്കായി ഏർപ്പെടുത്തിയതാണ് പെസഹ ആചരണം. യഹൂദരുടെ മതാചാരങ്ങളിൽ സുപ്രധാനമായ പെസഹ ആചരണത്തെ അതിന്റെ പൂർണ്ണഗൗരവത്തോടെയാണ് യേശു അനുഷ്ഠിച്ചത്. യേശുവിന്റെ നിർദ്ദേശാനുസരണം സെഹിയോൻ മാളികയിൽ തയ്യാറാക്കിയ പെസഹാ (മത്താ 26:17) യിൽ കുഞ്ഞാടിന് പകരം യേശു തമ്പുരാൻ നൽകിയത് സ്വന്തം ശരീരവും രക്തവുമാണ്. വ്യാഴാഴ്ച സെഹിയോൻ മാളികയിൽ പ്രതീകാത്മകമായി നടത്തിയത് ദുഃഖവെള്ളിയാഴ്ച തന്റെ മരണത്തിലൂടെ പൂർത്തിയാക്കി. മരണത്തെ തുടർന്നുള്ള സാബത്ത് പൂർവ്വപിതാക്കന്മാരുടെ വിടുതലിനായി ഉപയോഗിച്ച യേശു തമ്പുരാൻ ആഴ്ചയുടെ ഒന്നാം ദിവസമായ ഞായറാഴ്ച മരിച്ചവരിൽ നിന്ന് ഉത്ഥിതനായി. യേശു തന്റെ മരണത്തിലൂടെ മനുഷ്യരുടെയും പ്രപഞ്ചത്തിന്റെയും വിമോചകനായി മാറി.

വിശ്രമത്തിന്റെ, സാബത്താചരണത്തിൽ നിന്നും മരണത്തിൽ നിന്നും ജീവനിലേയ്ക്ക് പ്രപഞ്ചത്തെ കൈപിടിച്ചുയർത്തിയ ഉത്ഥാനത്തിന്റെ ആചരണത്തിലേക്ക് പുതിയ ഇസ്രായേൽ രംഗപ്രവേശം ചെയ്തു. അങ്ങനെ കർത്താവിന്റെ ദിവസമായ സാബത്ത് ആചരണം നിത്യജീവനിൽ പ്രവേശിപ്പിക്കപ്പെട്ട സൃഷ്ടിയുടെ ആഘോഷമായി മാറി. ഞായറാഴ്ചയാചരണം കേവലം ഉയിർപ്പിന്റെ ഓർമ്മപ്പെടുത്തൽ മാത്രമല്ല, ദൈവരാജ്യത്തിന്റെ നിത്യസൗഭാഗ്യം ഈ ലോകത്ത് തന്നെ അനുഭവിക്കുന്നതിനുള്ള അവസരവുമായി മാറി. ഉയിർപ്പ് ഞായറാഴ്ച ആചരണം വർഷം തോറും നടത്തി വരുന്ന ദൈവം മനുഷ്യപ്രപഞ്ച സംഗമത്തിന്റെ ഉത്സവം കൂടിയാണ്.

**ഉയിർപ്പ് തിരുന്നാൾ മലങ്കരസഭയിൽ**

ദൈവ-മനുഷ്യ-പ്രപഞ്ചബന്ധത്തിന്റെ സംഗമം എല്ലാ ഞായറാഴ്ചകളിലും പ്രത്യേകമാം വിധത്തിൽ നാമനുസ്മരിക്കുന്നു. ആണ്ടുവട്ടത്തിൽ പ്രത്യേകമായി ഉയിർപ്പ് തിരുന്നാൾ ദിവസം നാമിതാചരിക്കുന്നു. നാൽപ്പതുദിവസം നീണ്ട് നിൽക്കുന്ന നോമ്പനുഷ്ഠാനത്തോടെയാണ് നാമിതിനൊരുങ്ങുന്നത്. ഓശാന ദിവസത്തെ വിശുദ്ധീകരണത്തോടും ആർപ്പ് വിളികളോടെയുമാണ് വലിയ ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുന്നത്. പെസഹാ ആചരണത്തിലൂടെ ഇസ്രായേലിന്റെ വിടുതലും നിത്യജീവന് അച്ചാരവുമായി യേശുതമ്പുരാൻ നൽകിയ തിരുശരീരരക്തത്തിലുമുള്ള പങ്കുചേരലിലൂടെയും ഒരുങ്ങുന്ന വിശ്വാസികൾ യേശുവിന്റെ മരണത്തോടൊപ്പം പാപത്തിന് മരണപ്പെടുകയും ചെയ്തുകൊണ്ടാണ് ഉയിർപ്പിനായി ഒരുങ്ങുന്നത്.

സഭയിൽ നിശ്ചിതദിവസത്തിൽ ആചരിക്കുന്ന പെരുന്നാളുകളും, ഓരോ വർഷവും മാറിമാറി വരുന്ന പെരുന്നാളുകളും ഉണ്ട്. യേശുവിന്റെ രക്ഷാകര കൃത്യത്തെ പ്രത്യേകമായി അനുസ്മരിക്കുന്ന പെസഹാ, ദുഃഖവെള്ളി, ഈസ്റ്റർ, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി എന്നിവ അനിശ്ചിതോത്സവത്തിൽപ്പെടുന്നു.

ഉയിർപ്പുതിരുന്നാളിന്റെ ആഘോഷത്തിനനുസരിച്ചാണ് അനിശ്ചിതോത്സവങ്ങളിലെ ഇതരതിരുനാൾ ദിവസങ്ങൾ നിശ്ചയിക്കപ്പെടുന്നത്. ദക്ഷിണായനം കഴിഞ്ഞുണ്ടാകുന്ന പൗർണ്ണമാസി ദിവസത്തിനുശേഷം വരുന്ന ഞായറാഴ്ചയാണ് ഉയിർപ്പ് തിരുനാൾ ആഘോഷിക്കുന്നത്. ഉയിർപ്പ് തിരുന്നാൾ വിവിധ സഭകളിൽ ഓരേ ദിവസം നടക്കത്തക്കവിധം നിഖ്യാ സൂനഹദോസിൽ (AD 325) ഏകീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഈ ക്രമീകരണം. [എന്നാൽ യഹൂദരുടെ പെസഹായ്ക്കുശേഷം വേണം ഉയിർപ്പുതിരുന്നാൾ എന്നു കൂടി നിഖ്യാ സൂനഹദോസ് നിശ്ചയിച്ചിരുന്നു. കാലക്രമത്തിൽ ഈ ഭാഗത്തിന് വേണ്ട പ്രാധാന്യം പാശ്ചാത്യ സഭ നൽകിയില്ല. പിന്നീട് ഇതരസഭകളിലേക്കും വ്യാപിച്ചു.] ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്നും പുറപ്പെടുന്നതിന് യഹോവ നിശ്ചയിച്ച സമയവും ഇതായിരുന്നു. വസന്തകാലത്തെ പൗർണ്ണമി ദിവസത്തിൽ രാത്രി മുഴുവൻ നിലാവുള്ള സമയത്താണ് ഇസ്രായേൽ ജനം അടിമത്തം വിട്ട് യഹോവ കാണിച്ച വഴിയിലൂടെ കാനാൻ ദേശത്തേക്ക് യാത്ര തിരിച്ചത്. പുതിയ ഇസ്രായേലും തിന്മയുടെ അടിമത്തത്തിൽ നിന്നും നിത്യജീവന്റെ സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുവാനായി ഈ സമയം തന്നെ നിശ്ചയിച്ചു.

നാൽപ്പതുദിവസം നീണ്ടു നിന്ന നോമ്പിന്റെ വ്രതശുദ്ധിയൊടും ഹാശായാഴ്ചയിലെ പരിത്യാഗത്തോടും തിന്മയെ ഉപേക്ഷിച്ച് വിശ്വാസത്തോടും പ്രത്യാശയോടും കൂടി യേശുവിന്റെ മാർഗ്ഗത്തിൽ ഉറച്ച് നിൽക്കാനുള്ള തീരുമാനമാണ് ഉയിർപ്പ് ദിവസത്തിലെ ആഘോഷങ്ങളിലൂടെ നാം നടത്തുന്നത്. പാപത്തിന് മരിക്കുകയും ദൈവീകജീവനിൽ പുനർ ജനിക്കുകയും ചെയ്യുന്ന തിരുന്നാളാണ് ഉയിർപ്പ് തിരുന്നാൾ. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അനുഭവത്തിലാണ് നാം ഉയിർപ്പു തിരുന്നാൾ ആഘോഷിക്കുന്നത്.

**മലങ്കരസഭയിലെ ഉയിർപ്പുശുശ്രൂഷ**

പാശ്ചാത്യസുറിയാനി പാരമ്പര്യമനുസരിച്ച് മലങ്കര സഭയിൽ നടത്തപ്പെടുന്ന ഉയിർപ്പ് ശുശ്രൂഷ ലളിതമെങ്കിലും ഹൃദ്യമാണ്. ഇതിൽ പ്രധാനമായും നാലു ശുശ്രൂഷകളാണുള്ളത്.

**ഉയിർപ്പിന്റെ പ്രഖ്യാപനം** രാത്രി പ്രാർത്ഥനയിൽ മൂന്നാം കൗമ്മായുടെ അവസാനത്തിലാണ്. ഉയിർപ്പിന്റെ പ്രഖ്യാപനം നടത്തുന്നത്. മലങ്കരക്രമമനുസരിച്ച് ഏറ്റവും ആഘോഷപൂർവ്വം നടത്തപ്പെടുന്ന ഒരു മുഹൂർത്തമാണിത്. രാത്രി പ്രാർത്ഥനയിലൂടെ മൂന്നാം കൗമ്മാ വിശ്വാസികൾ നടത്തികൊണ്ടിരിക്കുന്ന അവസരത്തിൽ പുരോഹിതനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിച്ച് അംശവസ്ത്രങ്ങൾ ധരിച്ച് നിർദ്ദിഷ്ട പ്രാർത്ഥനകൾ



ചൊല്ലികൊണ്ട് അടക്കം ചെയ്ത കുരിശിലെ ഊറാറ നീക്കി ചുവന്ന ശോശപ്പാ അണിയിക്കുന്നു. തുടർന്ന് മദ്ബഹായിലെ മുഴുവൻ തിരികളും കത്തിച്ച് മദ്ബഹായെ മോഹനമായി അലങ്കരിക്കുന്നു. ശുശ്രൂഷകർ മണി, മറുബഹാസ, ധൂപക്കുറ്റി, കത്തിച്ച തിരി എന്നിവയുമായി പടിഞ്ഞാറോട്ടഭിമുഖമായി നിൽക്കുന്ന കാർമ്മികന്റെ ഇരുവശങ്ങളിലും അണിനിരക്കുന്നു. തുടർന്ന് 'ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' എന്ന് ആമുഖമായി പറഞ്ഞുകൊണ്ട് യേശു കബറിൽ നിന്നുയിർക്കുകയും ശത്രുക്കളെ തുരത്തുകയും ചെയ്ത വിവരം പ്രഖ്യാപിക്കുന്നു. പ്രതിവാക്യമായി വിശ്വാസിസമൂഹം യേശുവിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തെ പ്രഘോഷിക്കുന്നു. ഈ പ്രഖ്യാപനം മൂന്നുപ്രാവശ്യം നടത്തുന്നു. പണ്ടുകാലങ്ങളിൽ ഈ പ്രഖ്യാപനത്തിന്റെ അവസരത്തിൽ വെടിയും പടക്കവും പൊട്ടിക്കുന്ന പതിവും ഉണ്ടായിരുന്നു.

**രണ്ടാം ശുശ്രൂഷ** ഉയിർപ്പിന്റെ പ്രഖ്യാപനത്തെ തുടർന്ന് രാത്രി പ്രാർത്ഥന പൂർത്തിയാക്കിയശേഷമാണ് ഉയിർപ്പിന്റെ രണ്ടാം ശുശ്രൂഷ നടത്തുന്നത്. പ്രാരംഭ

പ്രാർത്ഥന, എനിയോനോ, പ്രുമിയോൻ, സെദ്റാ എന്നിവ യടങ്ങുന്ന ഒരു ചെറിയ ശുശ്രൂഷയാണിത്. യേശുവിന്റെ ഉയിർപ്പിനോടൊപ്പം ഞങ്ങളെയും മരണത്തിൽ നിന്നും ജീവനിലേക്കുയർപ്പിച്ചുവെന്ന് ഏറ്റുപറഞ്ഞുകൊണ്ടാണ് ഇത് നടത്തുന്നത്. ഉത്ഥിതനായ യേശുവിന്റെ കാരുണ്യം യാചിക്കുന്ന എനിയോനെയും വിശ്വാസിസമൂഹത്തിന്റെ ഉത്കണ്ഠകളിലും അസ്വസ്ഥതകളുടെ നിമിഷങ്ങളിലും ഉത്ഥിതന്റെ ഇടപെടലിനുവേണ്ടി നടത്തുന്ന സെദ്റ പ്രാർത്ഥനകളും ഇതിന്റെ പ്രത്യേകതയാണ്. സുറിയാനി പാരമ്പര്യമനുസരിച്ച് പഴയനിയമത്തിലും പുതിയ നിയമത്തിലും നടന്നിട്ടുള്ള പ്രധാന ദൈവീക ഇടപെടലു കളെ പരാമർശിച്ച് ചിട്ടപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥന കൾ നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുവാൻ സഹായകമാണ്.

**പ്രദക്ഷിണം** ഉത്ഥിതനായ യേശു അപ്പസ്തോല ന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവരെ വിശ്വാസത്തിൽ സ്ഥിര പ്പെടുത്തിയ രീതിയിൽ ഉത്ഥിതനായ യേശുവിനെ വഹിച്ചു കൊണ്ടു ദേവാലയത്തിനു ചുറ്റും നടത്തുന്ന പ്രദക്ഷിണ മാണ് തുടർന്ന് നടക്കുന്നത്. ഉത്ഥാന സ്ലീബായും ഏവൻ ഗേലിയോനും വഹിച്ചുകൊണ്ട് നടത്തുന്ന പ്രദക്ഷിണ ത്തിൽ കുട, കൊടി ആദിയായവയും വഹിച്ചുകൊണ്ട് വിശ്വാസികൾ പങ്കുചേരുന്നു. പ്രദക്ഷിണസമയത്ത് ദൈവാലയത്തിലും പടിഞ്ഞാറെ വാതിൽക്കലും നടത്തുന്ന സുവിശേഷവായനകൾ ഉത്ഥാനം ചെയ്ത യേശുവിന്റെ പ്രത്യക്ഷത്തെ അനുസ്മരിക്കുന്നു. ഇതിലൂടെ ഇന്നും നമ്മോടുകൂടിയായിരുന്ന് നമ്മെ ശക്തിപ്പെടുത്തുന്ന ഉത്ഥിതന്റെ സാന്നിദ്ധ്യത്തെ നാം ഏറ്റ് പറയുന്നു.

**സ്ലീബാ ആഘോഷം** അവസാനമായി ഉത്ഥാന സ്ലീബാ ഉയർത്തി നടത്തുന്ന സ്ലീബാ ആഘോഷത്തി ലൂടെ സർവ്വപ്രപഞ്ചത്തെയും വാഴ്ത്തി അനുഗ്രഹി ക്കുന്നു. യേശുവിന്റെ ഉത്ഥാന സന്തോഷം മനുഷ്യർക്കു മാത്രമല്ല, പ്രപഞ്ചത്തിലെ മുഴുവൻ സൃഷ്ടവസ്തു ക്കൾക്കു കൂടെ അവകാശപ്പെട്ടതാണ് എന്ന് ഒരിക്കൽ കൂടി നമ്മെ ഓർമ്മിപ്പിക്കുന്നു. സ്ലീബായും ഏവൻഗേലി യോനും മുത്തി പരസ്പരം സമാധാനം കൊടുക്കുന്നു വെന്നത് ഉയിർപ്പ് ശുശ്രൂഷയുടെ പ്രത്യേകതയാണ്.

**സമാധാനത്തിന്റെ സന്ദേശം** യേശുവിന്റെ ജനന വാർത്ത അറിയിച്ചുകൊണ്ട് മാലാഖമാർ പാടി: "അത്യു ന്നതങ്ങളിൽ സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം." ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെട്ടപ്പോ ഴെല്ലാം ആശംസിച്ചതും സമാധാനം ആയിരുന്നു. ഉയിർപ്പിന്റെ ശുശ്രൂഷയിലും രജ്ഞിപ്പിന്റെയും സമാധാന ത്തിന്റെയും കൈസൂരിക്ക് വലിയ പ്രാധാന്യമാണുള്ളത്. അനുരജ്ഞനത്തിന്റെ ശുബുക്കോനോ ശുശ്രൂഷയിലൂടെ നോമ്പിലേക്ക് പ്രവേശിച്ച വിശ്വാസിസമൂഹം സമാധാന ആശംസകൾ കൈമാറുന്ന ഉയിർപ്പ് ശുശ്രൂഷയിലൂടെ സമാധാനത്തിന്റെ സംവാഹകരാവുകയാണ്. തിന്മയെ വെടിഞ്ഞ് നന്മയെ പുൽകുന്നവന്റെ ആശ്വാസവും ദുഷ്ടചിന്തകളുടെയും പ്രവർത്തികളുടെയും സ്ഥാനത്ത് ദൈവീകചൈതന്യത്താൽ മനസ്സിനെയും ഹൃദയത്തെയും മാത്രമല്ല, ജീവിതത്തെ തന്നെ സമൃദ്ധമാക്കുന്ന പെരു ന്നാളാണ് ഉയിർപ്പ്തിരുന്നാൾ. വ്യക്തിജീവിതത്തിൽ മാത്രം ഒതുക്കി നിർത്തേണ്ടതല്ല, ഉയിർപ്പ് നൽകുന്ന സമാധാനചിന്തകൾ. സമൂഹമന:സാക്ഷിയെ ഗ്രസിച്ചു കൊണ്ടിരിക്കുന്ന ദുഷ്ചിന്തകളുടെ സ്ഥാനത്ത് ഉയിർപ്പ് നൽകുന്ന സമാധാനത്തിന്റെ ചിന്തകളെ പ്രവഹിപ്പിക്കു വാൻ നാം കടപ്പെട്ടിരിക്കുന്നു. ജാതി, മത, വർഗ്ഗ, വർണ്ണ, തത്വസംഹിതകളുടെ പേരിൽ വിഭജിതമായിരിക്കുന്ന സമൂഹമന:സാക്ഷിയിലേക്ക് ഉയിർപ്പിന്റെ സന്ദേശത്തെ കടത്തിവിടാൻ ഓരോ ക്രിസ്ത്യാനിയും കടപ്പെട്ടി രിക്കുന്നു. ലോകത്തിന്റെ പാപത്തെക്കുറിച്ചുള്ള വ്യസനമാണ് ദൈവപുത്രന്റെ മനുഷ്യാവതാരത്തിനും മരണത്തിനും ഉയിർപ്പിനും പ്രേരകമായത്. ഇന്നത്തെ ലോകത്തിൽ വർദ്ധിച്ചുവരുന്ന തിന്മയുടെ സ്ഥാനത്താണ് നാം ഉയിർപ്പ് തിരുന്നാളാഘോഷിക്കുന്നത്. തിന്മയുടെ സ്ഥാനത്ത് നന്മയെ പുനഃപ്രതിഷ്ഠിക്കുക, ഇതായിരി ക്കട്ടെ നമ്മുടെ കർമ്മവും സാക്ഷ്യവും.



# ഉത്ഥാനം:

## പുതിയ പ്രതീക്ഷ



**തോമസ് നാച്ചേരിയിൽ**

ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. നിങ്ങൾ നിങ്ങളുടെ പാപത്തിൽ തന്നെ വർത്തിക്കുന്നു (1 കോറി. 15, 14-17).

യേശുവിന്റെ ഉയിർപ്പ് ഒരു ചരിത്രസംഭവമാണ്. എങ്കിലും യേശുവിന്റെ ഉയിർപ്പിൽ അവിടുത്തെ മനുഷ്യത്വം ദൈവമഹത്വത്തിൽ പ്രവേശിക്കുന്നതിനാൽ ചരിത്രത്തെ അതിശയിക്കുകയും മറികടക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ ഒരു രഹസ്യമാണ്. അതുകൊണ്ടാണ് ഉത്ഥിതനായ ക്രിസ്തു ലോകത്തിന് സ്വയം വെളിപ്പെടുത്താതെ ശിഷ്യന്മാർക്ക് മാത്രം വെളിപ്പെടുത്തി അവരെ ജനത്തിനു മുമ്പിൽ തന്റെ സാക്ഷികളാക്കിയത്. യേശു



ശിഷ്യന്മാരിലൂടെ നാം ശ്രവിച്ച യേശുവിന്റെ ഉത്ഥാനം ഉറപ്പായി വിശ്വസിക്കുന്നവനാണ് ക്രിസ്ത്യാനി. ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ല് ക്രിസ്തുവിന്റെ പുനഃരുത്ഥാനമാണ്.

മനുഷ്യൻ ഏറ്റവുമധികം ഭയപ്പെടുന്ന ശത്രു മരണമാണ്. ജീവിതകാലം മുഴുവൻ മരണഭീതിയോടെ അടിമത്തത്തിൽ കഴിഞ്ഞവരെ ക്രിസ്തുവിന്റെ ഉയിർപ്പ് സ്വതന്ത്രമാക്കി. മരണത്തേയും തിന്മയുടെ ശക്തിയേയും ദൈവം ആത്യന്തികമായി പരാജയപ്പെടുത്തി. മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത യേശു സമാധാനത്തിന്റെ ദൈവമാണ്. ഉത്ഥിതൻ ശിഷ്യന്മാർക്കും ഈ ലോകത്തിനും മുഴുവൻ സമാധാനം ആശംസിച്ചു. ദൈവത്തിന്റെ ഈ സമാധാനമാണ് നമ്മെ വിശുദ്ധീകരിക്കുന്നത്. യേശുവിനെ ആഴമായി സ്നേഹിക്കുന്നവർക്ക് അവൻ പ്രത്യക്ഷനായി സമാധാനം ആശംസിക്കുന്നു. ദൈവസ്നേഹത്താൽ ഹൃദയം ജ്വലിക്കും. കണ്ണുകൾ തുറക്കപ്പെടും. ഉയിർത്തെഴുന്നേറ്റവനെ കാണാനും ഗ്രഹിക്കാനും സാധിക്കും. ഉത്ഥാനത്തിനു ശേഷം നാൽപ്പത് ദിവസം ക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചു (അപ്പൊ. 1-3) അതുകൊണ്ട് ഉത്ഥാനത്തെ ഹൃദയം കൊണ്ട് മനസ്സിലാക്കാൻ കഴിയണം.

ആധുനിക ലോകം ഒഴുക്കിനൊത്ത് നീങ്ങുന്നു. പ്രത്യേക ലക്ഷ്യമോ പ്രത്യാശയോ ഒന്നുമില്ല. പലതും നേടാനുള്ള വ്യഗ്രത. അതിനുവേണ്ടി എന്തും ചെയ്യാമെന്ന മിഥ്യാധാരണ. മാനുഷിക മൂല്യങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാത്ത ലോകം. ധാർമ്മികതയ്ക്ക് വില കല്പ്പിക്കാത്ത തലമുറ. മൂല്യമില്ലാത്ത വിജ്ഞാനത്തിന്റേയും മറ്റ് ഭൗതിക സുഖങ്ങളുടെ പിറകെ പോകുന്ന സമൂഹം. പരസ്പരം ശത്രുതയോടെ പെരുമാറുന്ന സമൂഹം. ശത്രുക്കൾ തമ്മിൽ പോരാടാൻ തക്കം പാർത്തിരിക്കുന്നു. ആയുധങ്ങളും വെടിക്കോപ്പുകളും ആവോളം ശേഖരിക്കുന്നു. അവസരം കിട്ടിയാൽ ആക്രമിക്കാൻ തയ്യാറായിരിക്കുന്നവർ. ഇവിടെ സമൂഹം ഭീതിയോടെ കഴിയുന്നു. പ്രതീക്ഷിക്കാൻ ഒന്നുമില്ലാതെ ആ പുത്തൻ തല

മുറ വളർന്നു വരുന്നു. പാപവും തിന്മയും പെരുകുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ കർത്താവിന്റെ ഉത്ഥാനം പുതിയ കാഴ്ചപ്പാട്, പുതിയ പ്രതീക്ഷ നമുക്ക് തരുന്നു. വിജ്ഞാനത്തിനോ, ഭൗതീക വിഭവങ്ങൾക്കോ നൽകാൻ കഴിയാത്ത സമാധാനത്തിന്റെ അനുഭവം ഉത്ഥിതനായ കർത്താവിൽ നിന്ന് ലഭിക്കും.

ഉത്ഥിതനായ ക്രിസ്തുവുമായുള്ള വ്യക്തിപരമായ സമാഗമമാണ് ക്രൈസ്തവ ജീവിതം. ക്രിസ്തു ശിഷ്യന്മാരായ വി. പത്രോസ്, വി. യോഹന്നാൻ, വി. തോമാശ്ലീഹ, വി. പൗലോസ് തുടങ്ങിയവർ ഈ സമാഗമം വ്യക്തിപരമായി അനുഭവിച്ചവരാണ്. ഈ അനുഭവത്തിൽ നിന്നാണ് അവർ ദൈവത്തെ പ്രഘോഷിച്ചത്. ഈ പ്രഘോഷണം ശ്രവിച്ചവർ ആത്മസമർപ്പണത്തോടെ ക്രിസ്തുവിനായും മറ്റുള്ളവർക്കായും ജീവിക്കാൻ കഴിവുള്ളവരായിതീർന്നു.

സുവിശേഷത്തിന്റെ നന്മ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ക്രൈസ്തവ ജനതയോട് ഓർമ്മിപ്പിക്കുകയാണ് കരുണയുടെ വർഷം ആചരിക്കുന്നതിലൂടെ. നമ്മോടൊപ്പം മറ്റുള്ളവരേയും കരുതാനും താങ്ങാനും നമുക്ക് കഴിയണം. നമ്മുടെ സമൃദ്ധിയിൽ ചുറ്റുപാടും സമൃദ്ധമാക്കുവാൻ നാം തൽപരരായിരിക്കണം. തുടർന്നുള്ള പ്രവർത്തനങ്ങളെല്ലാം കാരുണ്യത്തിന്റെ വഴിയെ ആയിരിക്കുവാൻ പ്രയത്നിക്കാം. സുവിശേഷത്തിന്റെ സന്തോഷം നമ്മൾ ആയിരിക്കുന്ന ദേശത്ത് മുഴുവൻ പകർന്നു നൽകാം. പ്രത്യാശ കൈവിടാതെ മുന്നേറാം.

ഈ ലോക ജീവിതം അർത്ഥ പൂർണ്ണമാകുന്നതും പ്രത്യാശയോടെ മുന്നോട്ടു പോകാനും നമ്മെ പ്രാപ്തമാക്കുന്നതും കർത്താവിന്റെ പുനഃരുത്ഥാനമാണ്. ഈ ഉത്ഥാനം നമ്മുടെ ജീവിതത്തിന്റേയും വിശ്വാസത്തിന്റേയും കാതലും അടിസ്ഥാനവുമാണ്. ഈ ലോക ജീവിതത്തിലെ എല്ലാ അനുഭവങ്ങളും സഹനങ്ങളും ഏറ്റെടുക്കുവാൻ കർത്താവിന്റെ പീഢാസഹനങ്ങളും പുനഃരുത്ഥാനവും നമ്മെ സഹായിക്കുന്നു. ഇന്ന് നാം കാണുന്ന പരസ്പര സ്നേഹമില്ലായ്മയും സമാധാനമില്ലായ്മയും കർത്താവിന്റെ ഉത്ഥാനത്തിലൂടെ സ്നേഹവും സമാധാനവുമായി മാറുകയാണ്. പരിശുദ്ധാത്മാവിനെ നമ്മിലേക്ക് ദൈവം അയച്ചു. ഈ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നവർക്ക് സമാധാനം ലക്ഷ്യവുമായി. തീഷ്ണമായ ഒരുക്കത്തോടെയും പ്രാർത്ഥനയോടും കൂടി പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തരാകുമ്പോൾ ദൈവത്തിന്റെ സമാധാനം ലോകത്തോടു മുഴുവൻ വിളിച്ചു പറയാതിരിക്കാൻ നമുക്കാവില്ല. യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റു, അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന പ്രഖ്യാപനം ഉത്ഥിതന്റെ സമാധാനം ലോകത്തിൽ മുഴുവൻ വ്യാപരിപ്പിക്കുവാൻ ക്രൈസ്തവരായ നമ്മിലൂടെ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.



# CREATION

**Scripture passage:** Genesis 1:1- 2:2

**Memory Verse: Genesis 1:1,**
"In the beginning, God created the heavens and the earth."

**Song: The Creation Song**
**Tune: Twinkle, Twinkle Little star**

On the very first day
God created night & day
God said it was very good
So together we shout "GOOD"

Then on the second day
God created sky & clouds
God said it was very good
So together we shout "GOOD"

On day three God made trees,
Fruits & flowers & veggies
God said it was very good
So together we shout "GOOD"

On day four, God made the moon
Sun & stars then came soon
God said it was very good
So together we shout "GOOD"

On day five came alive
Bubbly fish & chirpy birds
God said it was very good
So together we shout "GOOD"

Then on the sixth day
God created animals
Out of mud he created man
God said it was "VERY GOOD"
Then on the seventh day
God rested all day

**Story Time:** In the beginning, there was nothing. God spoke and in six days, He made everything. The first day, He said, " Let there be light" and do you know what happened? Yes, that's right, there was light. He separated the light and darkness and called it day and night. On the second day, He seperated the water and called the space heaven. On the third day, He made dry land appear and made plants and trees grow on it. He made the sun, moon and all the stars on the fourth day. God saw that the land and water were empty. He made all the fish and other water creatures. He also made all the birds in the sky on day five. On day six, He made all the different animals of the land, the creepy crawlies and the scary ones too. God made man out of mud and breathed life into him. Adam was made the boss of everything God had created. Each day, God saw what He made and it was good. God blessed the seventh day and He rested in it.

YOUTH CORNER
യുവജനവേദി

# യുവജനങ്ങൾ-
# ഉത്ഥിതന്റെ സാക്ഷികൾ



റവ. ഫാ. തോമസ് കയ്യാലയ്ക്കൽ

ഉയിർപ്പിലുള്ള പ്രത്യാശ ക്രൈസ്തവ വിശ്വാസത്തിന്റെ അനുബന്ധമല്ല മറിച്ച് അടിത്തറയാണ്. ഉയിർപ്പിലുള്ള വിശ്വാസവും ദൈവത്തിലുള്ള വിശ്വാസവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം പ്രായോഗിക ജീവിതത്തിൽ ഒരു വിശ്വാസിയെ ഉയിർപ്പിലുള്ള വിശ്വാസത്തിൽ കൊണ്ടുചെന്നെത്തിക്കുന്നു. നസ്രായനായ യേശു ഇസ്രായേൽ ജനം മുഴുവനും നൂറ്റാണ്ടുകളായി കാത്തിരുന്ന രക്ഷകനും ദൈവത്തിന്റെ അഭിഷിക്തനുമാണെന്ന് തെളിയിക്കുന്നതാണ് യേശുവിന്റെ ഉത്ഥാനം.



ഒരു ദൈവം ലോകത്തിലുള്ള എല്ലാവർക്കും സംലഭ്യനാകുന്ന (Available) വലിയ അത്ഭുതമാണ് ഉയിർപ്പുതിരുനാൾ. ചരിത്രപുരുഷനായ യേശു ഒരു പ്രത്യേക സ്ഥലത്ത് മാത്രം ഒതുങ്ങിനിന്ന വ്യക്തിയായിരുന്നു. ബേത്‌ലഹേമിൽ ജനിച്ച് നസ്രത്തിൽ വളർന്ന് യൂദായിലും പരിസരപ്രദേശങ്ങളിലും ചുറ്റിസഞ്ചരിച്ച് വചനം പറഞ്ഞ് ജറുസലേമിൽ അവസാനിച്ച ജീവിതം. ജനിച്ചുവളർന്ന സ്ഥലത്തുനിന്നും ഇരുനൂറ് മൈയിലിലധികം സഞ്ചരിച്ചിട്ടില്ലാത്ത ജീവിതം. ഇപ്രകാരം ഒരു പ്രത്യേക സ്ഥലത്ത് ഒതുങ്ങിനിന്ന യേശു ലോകത്തിന് മുഴുവൻ സംലഭ്യനാകുന്ന വലിയ അത്ഭുതമാണ് യേശുവിന്റെ ഉയിർപ്പ്. ചരിത്ര പുരുഷനായ യേശുവിന് 'എമ്മാനുവേൽ' എന്ന് അവകാശപ്പെടാൻ ഒരർത്ഥത്തിൽ സാധിക്കുകയില്ല. എമ്മാനുവേൽ പ്രവചനം പൂർത്തീകരിക്കപ്പെടുന്നത് ഉയിർപ്പിലാണ്. ലോകത്തിലൂടെ എല്ലാ മനുഷ്യരോടൊപ്പം ഒരേ സമയം ഒരേ രീതിയിൽ ദൈവം കൂടെ ആയിരിക്കുന്ന അവസ്ഥയാണ് ഉയിർപ്പ്. അതുകൊണ്ടാണ് ഉയിർത്ത് എഴുന്നേറ്റ യേശുവിനെ ഓരോരുത്തരും അവരവർ ആഗ്രഹിക്കുന്ന രീതിയിൽ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞു എന്ന് നാം വചനത്തിൽ വായിക്കുന്നത്. മഗ്ദലനമറിയം -(യോഹ 20:11-18); തോമസ്- (യോഹ 20:24-29); തിബേരിയോസ് കടൽ തീരത്തെ ശിഷ്യന്മാർ-(യോഹ: 21: 1-14) എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ (ലൂക്കോ 24:13-35) നമുക്ക് വേണ്ടി ക്രൂശിൽ മരിച്ച യേശുവിലല്ല നാം വിശ്വസിക്കുന്നത്. നമുക്ക് വേണ്ടി ക്രൂശിൽ മരിച്ച് ഉത്ഥാനം ചെയ്ത് ഇന്നും നമ്മോടു കൂടെ ജീവിച്ചിരിക്കുന്ന യേശുവിലാണ് നാം വിശ്വസിക്കുന്നത്. ജീവിക്കുന്ന ദൈവത്തിന് സാക്ഷികളാകാനാണ് ഓരോരുത്തരും വിളിക്കപ്പെടുന്നത്. വിശുദ്ധ ബൈബിളിൽ വിശ്വാസത്തിലേക്കുള്ള വിളിയും സമർപ്പണവും നടക്കുന്നത് യുവത്വത്തിലാണ്. അബ്രഹാമിന്

എഴുപത്തിഅഞ്ചാമത്തെ വയസ്സിലാണ് വിളി ലഭിച്ചതെങ്കിലും അന്നും അദ്ദേഹം യുവത്വത്തിലായിരുന്നുവെന്ന് പിന്നീടുള്ള ചരിത്രം വ്യക്തമാക്കുന്നു. എഴുപത്തിയഞ്ചിലെ ഈ വിളിക്കുശേഷമാണ് അബ്രഹാം ലോത്തിനേയും സമ്പത്തുകളെയും ശത്രുക്കളിൽനിന്നും രക്ഷിക്കുന്നത്. അതായത് യുദ്ധത്തിൽ ഏർപ്പെടാൻ പോലും ശക്തനായിരുന്നു അബ്രഹാം എന്ന് വ്യക്തം.

മോശയെ ദൈവം വിളിക്കുന്നത് യുവത്വത്തിലാണ്. ഇതുതന്നെയാണ് എല്ലാ പ്രവാചകന്മാരുടെയും ചരിത്രം. ജറമിയായുടെ വിളി യുവത്വത്തിലേക്ക് പ്രവേശിക്കുമ്പോഴാണ്. തന്നെ വിളിച്ച ദൈവത്തോട് ജറമിയ പറയുന്നു: "ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്. സംസാരിക്കുവാൻ എനിക്ക് പാടവമില്ല (ജറമിയ 1:6). വിളിയിൽനിന്ന് ഒഴിഞ്ഞുമാറാനാണ് ജറമിയ ശ്രമിച്ചത്. എന്നാൽ ദൈവം അത് അനുവദിക്കുന്നില്ല. ദൈവം പറയുന്നു: "വെറും ബാലനാണെന്ന് നീ പറയരുത്. ഞാൻ അയക്കുന്നിടത്തേക്ക് നീ പോകണം. ഞാൻ കല്പിക്കുന്നതെന്തും നീ സംസാരിക്കണം" (ജറമിയ 1:7) ബൈബിളിന്റെ പാരമ്പര്യത്തിൽ യുവത്വമാണ് വിശ്വസിക്കാനുള്ള കാലം. അത് വാർദ്ധക്യത്തിലേക്കും ജീവിതാന്ത്യത്തിലേക്കും നിലനിൽക്കുകയും വളരുകയും ചെയ്യുന്നു.



വാർദ്ധക്യത്തിൽ വാനപ്രസ്ഥവും സന്ന്യാസവും വിധിക്കുന്ന പാരമ്പര്യം വിശ്വാസത്തെപ്പറ്റിയുള്ള മറ്റൊരു ചിന്തയിൽ നിന്നും രൂപപ്പെട്ടതാണ്. ആരോഗ്യം നഷ്ടപ്പെട്ട് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ സ്രഷ്ടാവിനെപ്പറ്റി ചിന്തിക്കുകയും സമർപ്പിക്കുകയും ചെയ്യുന്ന പാരമ്പര്യമാണിത്. എന്നാൽ ക്രിസ്തീയ വിശ്വാസം അതല്ല. തന്നെ വിളിക്കുന്ന ദൈവത്തിന് തനിക്കുള്ളതും തന്നെയും പൂർണ്ണമായും സമർപ്പിക്കുകയും ആ ദൈവത്തോട് സ്നേഹസംഭാഷണത്തിലേർപ്പെടുകയും ചെയ്യുന്നതാണ് ക്രിസ്തീയ വിശ്വാസം. അതിനാൽ അത് യുവത്വത്തിലാണ് നടക്കേണ്ടത്. അതുകൊണ്ടാണ് ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നത്.

"ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുൻപ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക' (സഭാപ്രസംഗകൻ 12:1).


# MAR GREGORIOS KNOWLEDGE CENTRE

**School of Knowledge Enrichment, Research & Training**
**Cheeral Road, Sulthan Bathery PO, Wayanad, Kerala - 673592**
**Owned and managed by the Catholic Diocese, Bathery**

## FTP 2016

Fine Tuning Program for
Medical & Engineering
Entrance Exam 2016

❖ ENTRANCE COACHING
❖ MEDICAL & ENGINEERING

**പ്രത്യേകതകൾ**

- 31 ദിവസത്തെ നിരന്തരമായ പരീക്ഷപരിശീലന ക്ലാസ്സുകൾ (2016 മാർച്ച 22 മുതൽ ഏപ്രിൽ 23 വരെ)
- വിദഗ്ധരായ അദ്ധ്യാപകർ തയ്യാറാക്കിയ പഠന സാമഗ്രി,
- എല്ലാ ദിവസവും 6 മണിക്കൂർ ക്ലാസ്സും 1/2 മണിക്കൂർ മോഡൽ പരീക്ഷയും
- വിദ്യാർത്ഥിയുടെ നിലവാരം ഓരോ ദിവസവും അളക്കപ്പെടുകയും മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.
- പരിചയ സമ്പന്നരായ കോളേജ് അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.
- വിദ്യാർത്ഥിയുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും അദ്ധ്യാപകരെ ഓൺലൈനിലൂടെ ബന്ധപ്പെടാനുള്ള സൗകര്യം.
- GKC വിജ്ഞാനകേന്ദ്രം ആവിഷ്ക്കരിച്ച ഈ നൂതനമായ പരിശീലന പരിപാടി നിങ്ങളുടെ കുട്ടിയെ വിജയത്തിലേക്ക് നയിക്കാൻ സഹായിക്കും

**60 കുട്ടികളുടെ ബാച്ചായി ക്ലാസ്സുകൾ പരിമിതപ്പെടുത്തിയിരിക്കുന്നു.**

**അതിനാൽ ആദ്യം അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മുൻഗണന.**

**എത്രയും വേഗം അപേക്ഷ നൽകി നിങ്ങളുടെ കുട്ടിയുടെ സീറ്റ് ഉറപ്പുവരുത്തുക**

ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ

**CONTACT :** 04936 220443, 9446101425

ആവശ്യമുള്ളവർക്ക് താമസ സൗകര്യം ലഭ്യമാണ്.



കുടുംബാരാമം

# കുടുംബം ഭൂമിയിലെ സ്വർഗ്ഗം

റവ. സി. ശുഭ തെരേസ് ഡി.എം.



സഭയുടെ അടിസ്ഥാനഘടകമായ കുടുംബം സഭയുടെ ചെറിയ പതിപ്പാണ്. സഭയുടെ ദൗത്യം തന്നെയാണ് കുടുംബത്തിന്റേയും പരസ്പരസ്നേഹവും സുവിശേഷപ്രഘോഷണവും സഭയുടേതുപോലെ കുടുംബത്തിന്റേയും കടമയാണ്. ക്രിസ്തുവും സഭയും ഒന്നായിരിക്കുന്നത് പോലെ ഭാര്യാഭർത്താക്കന്മാർ ഏകശരീരമായി തീരുന്നു. സഭയിലെ കൂട്ടായ്മയാണ് കുടുംബത്തിലും. സഭയിലെന്നപോലെ വിശുദ്ധീകരണം കുടുംബത്തിലും നടക്കണം. വിവാഹം കൂദാശയാകയാൽ ഭാര്യാഭർത്താക്കന്മാർ പരസ്പരം കൂദാശകളാകണം. രണ്ടാം വത്തിക്കാൻ കൗൺസിലിലെ തിരുസഭ എന്ന ഡിക്രി പറയുന്നു, ക്രിസ്തുവിന് സഭയോടുള്ള ബന്ധത്തിൽ ദമ്പതികളുടെ ജീവിതം വഴി അടയാളമായിത്തീരുകയും രക്ഷാകരപ്രവർത്തനത്തിന്റെ ഫലങ്ങൾ ദമ്പതികൾക്ക് നൽകുകയും ചെയ്യുന്നത്കൊണ്ടാണ് അതിനെ കൂദാശ എന്നു വിളിക്കുന്നത്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും പ്രവാചകത്വത്തിലും പങ്കുചേരുന്നവരാണ് കുടുംബാംഗങ്ങൾ. ചുരുക്കത്തിൽ കുടുംബം സഭയുടെ വെളിപാടും സാക്ഷാത്ക്കാരവുമാണ്.



സ്നേഹം തന്നെയായ ദൈവം തന്റെ സ്നേഹഭാജനങ്ങൾക്കുവേണ്ടി രൂപകല്പന ചെയ്ത് മെനഞ്ഞെടുത്തതാണ് കുടുംബം. മനുഷ്യനും ദൈവവുമായി സമ്പർക്കം പുലർത്തിയ മാധ്യമം കുടുംബമായിരുന്നു. മറ്റൊരു വാക്കിൽ ദൈവം തന്നെ വെളിപ്പെടുത്തുവാൻ തെരഞ്ഞെടുത്ത മാധ്യമം കുടുംബമായിരുന്നു. ആദിമ ക്രൈസ്തവ സമൂഹം സഭയുടെ മുഖമുദ്രയായി വി. ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്ന ഒരു സവിശേഷകൂട്ടായ്മയാണ്. (അപ്പൊ. 2:42). കൂട്ടായ്മ വെറും ആൾക്കൂട്ടമല്ല. ഒരേ ലക്ഷ്യവും, ഒരേ മാർഗ്ഗവും, ഒരേ ഭാഷയുമുള്ള ആഴമേറിയ ആത്മബന്ധമുള്ളവരുടെ സ്നേഹസമൂഹമാണിത്. സന്തുഷ്ട കുടുംബം പോലെ കൂട്ടായ്മ നുകരുകയും ചൊരിയുകയും ചെയ്യുന്ന മറ്റൊരു സമൂഹമോ സംവിധാനമോ ഇല്ല. പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ കുടുംബം ഒരു കൂട്ടായ്മ എന്ന പേരിൽ ശ്ലൈഹീകോപദേശം പുറപ്പെടുവിച്ചു. അതിൽ സ്നേഹം തന്നെയായ ദൈവത്തിന്റെ പ്രതിരൂപമായ മനുഷ്യന്റെ ഏറ്റവും ശക്തവും മഹത്തുമായ കൂട്ടായ്മയാണ് കുടുംബമെന്നും അവയുടെ നൈസർഗ്ഗീകമായ വിളി സ്നേഹത്തിലേയ്ക്കാണെന്നും പരി. പിതാവ് ചൂണ്ടിക്കാണിക്കുന്നു.

ക്രിസ്തുവിൽ ജീവിക്കുന്ന ദാമ്പത്യജീവിതത്തിന്റെ മഹത്വത്തേയും സൗന്ദര്യത്തേയും വളരെ മനോഹരമായി

തെർത്തുല്യൻ വിശേഷിപ്പിച്ചത് "സഭയാൽ യോജിപ്പിക്കപ്പെട്ടതും, അനുഗ്രഹത്താൽ മുദ്ര വയ്ക്കപ്പെട്ടതും. മാലാഖമാരാൽ വിളംബരം ചെയ്യപ്പെട്ടതും, പിതാവിനാൽ ശരി വയ്ക്കപ്പെട്ടതുമായ വിവാഹത്തിന്റെ സൗഭാഗ്യത്തെ എനിക്കെങ്ങനെ വിശദീകരിക്കാനാവും. അവർ രണ്ടു പേരും സഹോദരങ്ങളും രണ്ടു പേരും സഹശുശ്രൂഷകരുമാണ്. അവർ തമ്മിൽ ആത്മാവിലോ ശരീരത്തിലോ വേർപിരിയലില്ല. യഥാർത്ഥത്തിൽ ഒരു ശരീരത്തിൽ രണ്ടു പേരാണ്. ശരീരം ഏകമായിരിക്കുന്നിടത്ത് ആത്മാവും ഒന്നുതന്നെ."

ദൈവത്തിന്റെ സൃഷ്ടികർമ്മം അപഗ്രഥിക്കുമ്പോൾ മനോഹരമായ ചില സന്ദേശങ്ങൾ ദൈവം മനുഷ്യർക്കു നൽകുന്നതായി കാണാം. മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ നാം വായിക്കുന്നു. "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉത്പത്തി 1:26). പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹദാനത്തിന്റെയും സമർപ്പണത്തിന്റെയും കൂട്ടായചിന്തയുടേയും തീരുമാനത്തിന്റെയും ഫലമായിട്ടാണ് ദൈവമക്കളെ സൃഷ്ടിച്ചത്. അതിലൂടെ ദമ്പതികൾക്ക് നൽകുന്ന സന്ദേശമിതാണ്. ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസ്നേഹത്തിന്റെയും ദാനത്തിന്റെയും സമർപ്പണത്തിന്റെയും ഫലമായിരിക്കണം സൃഷ്ടികർമ്മം.

ക്രൈസ്തവ വിവാഹം യേശുവിന്റെ നാമത്തിലും യേശുവിന്റെ സാന്നിധ്യത്തിലുമാണ് നടത്തുക. അതുകൊണ്ടാണ് വിശ്രുത ഗ്രന്ഥകാരനും ലോകപ്രസിദ്ധ പ്രഭാഷകനുമായ ആർച്ചുബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ ഇപ്രകാരം ആണ് പറയുന്നത്, പരി. ത്രിത്വത്തിൽ പുത്രനെയും പരിശുദ്ധാത്മാവിനെയും യോജിപ്പിക്കുന്ന കേന്ദ്രബിന്ദുവായി പിതാവുള്ളതുപോലെ വിവാഹത്തിൽ / കുടുംബത്തിൽ ഭർത്താവും, ഭാര്യയും അവരെ യോജിപ്പിക്കുന്ന യേശുവുണ്ടാകണമെന്നാണ് അദ്ദേഹം വിശദീകരിക്കുന്നത്. ഭർത്താവ് യേശുവിലൂടെ ഭാര്യയെ വിളിക്കുന്നു. ഭാര്യ യേശുവിലൂടെ ഭർത്താവിനെ വിളിക്കുന്നു. അങ്ങനെ അവർ യേശുവിലൂടെ ഒന്നാകുന്നു. അതുകൊണ്ടാണ് ഇതിനെ ത്രിവേണിസംഗമം എന്നു വിശേഷിപ്പിക്കുന്നത്. കുടുംബത്തിലെ പ്രശ്നങ്ങൾ കേൾക്കുവാനും, പരിഹാരം ഉണ്ടാക്കുവാനും യേശു കുടുംബത്തിൽ ഉണ്ടായിരിക്കണം. "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല."യോഹ 15:5 എന്ന യേശു വചനം നാം ഒരിക്കലും വിസ്മരിക്കരുത്."

കൂടുമ്പോൾ ഇമ്പമുണ്ടാകാൻ കൂട്ടി യോജിപ്പിച്ചവൻ കൂടെ ഉണ്ടാവണം. ദൈവം യോജിപ്പിക്കുന്നതാണെങ്കിൽ യോജിപ്പിക്കുന്നവൻ അവരൊടൊപ്പം ഉണ്ടായിരിക്കണം. വീടു പണിയുന്ന ഇഷ്ടികകളെ യോജിപ്പിച്ച് നിർത്തുന്നത് സിമന്റാണെങ്കിൽ സിമന്റ് നഷ്ടമായാൽ ഇഷ്ടികകൾ ഇളകും, വീട് തകരും, കുടുംബം തകരാതിരിക്കാൻ മാത്രമല്ല, അത് ബലവത്തും മനോഹരവുമായിരിക്കാനും ദൈവം കൂടെയുണ്ടാവണം.

ദൈവം നമ്മോടുകൂടെയുണ്ടാകണമെങ്കിൽ ദൈവത്തിൽ വിശ്വസിക്കണം. ദൈവത്തെ ആരാധിക്കണം. ദൈവം നമ്മോടൊപ്പം ഇല്ലാതെ വരുമ്പോൾ ബാബേൽ ഗോപുരം പണിതവരെപ്പോലെ പരസ്പരം മനസ്സിലാക്കാനും ഒരുമയോടെ പ്രവർത്തിക്കുവാനും കഴിയാത്തവരായി കുടുംബാംഗങ്ങൾ മാറും. ഒരാൾ ഗുജറാത്തിയും, വേറൊരാൾ മറാത്തിയും, മറ്റൊരാൾ പഞ്ചാബിയും സംസാരിച്ചിരുന്നാൽ ഇമ്പം ഉണ്ടാകുകയില്ല. അപസ്വരം ഉണ്ടാവുകയും ചെയ്യും. ത്രീയേകദൈവത്തിന്റെ സ്ഥാനത്ത് മറ്റൊരു ത്രിമൂർത്തി സ്ഥാനം പിടിക്കുന്നു. പണം, അധികാരം, ഭൗതീകസുഖം എന്നിവ ചേരുന്ന ത്രിമൂർത്തിയെയാണ് ഇന്ന് പലരും പൂജിക്കുന്നത്. ഈ പൂജയ്ക്കുവേണ്ടി എന്തും ഏതു സത്യവും നീതിയും ധർമ്മവും ആദർശങ്ങളും കുരുതികഴിക്കപ്പെടുന്നു. ഇങ്ങനെയുള്ള കുടുംബത്തിൽ ഇമ്പമുണ്ടാകുകയില്ല. അതിനാൽ ദൈവത്തിൽ വിശ്വസിച്ച് ദൈവത്തിൽ ആശ്രയിച്ച് ദൈവീക കല്പനകൾ പാലിച്ച് ദൈവീക രൂപവും ഭാവവുമായി സ്നേഹത്തിൽ വർത്തിക്കുമ്പോൾ കുടുംബം രക്ഷപ്രാപിക്കും അവിടെ ഇമ്പം ഉണ്ടാകും. ക്രിസ്തു ഈ വീടിന്റെ നായകൻ എന്നെഴുതി വച്ചിട്ട് മന്ത്രവാദികളേയും കൂടോത്രക്കാരനേയും മറ്റും നായകരാക്കിയാൽ കുടുംബത്തിന്റെ ലയം മാറും, താളം തെറ്റും. അടിക്കടിയുണ്ടായ ദുഃഖദുരന്തങ്ങളിലും യഹോവയെ പുകഴ്ത്തിയ ജോബിന്റെ വിശ്വാസം, ഏകജാതനെ ബലിയർപ്പിക്കാൻ തുനിഞ്ഞ അബ്രഹാമിന്റെ വിശ്വാസം, ശതാധിപന്റെ വിശ്വാസം, പാവപ്പെട്ട കാനാൻകാരിയുടേയും രക്തസ്രാവക്കാരിയുടേയും വിശ്വാസം സൗഖ്യത്തിലേയ്ക്കും ജീവനിലേയ്ക്കും സന്തോഷത്തിലേയ്ക്കും നമ്മെ നയിക്കും. "നിങ്ങളുടെ ഇടയിൽ ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതി ഗീതം ആലപിക്കട്ടെ." (യാക്കോ 5:3). "നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു സന്തോഷിക്കുവിൻ." (സങ്കീ. 23:27).

കുടുംബത്തിലെ സ്നേഹവും സന്തോഷവും നിലനിർത്താൻ കുടുംബം ഉൾപ്പെടുന്ന സമൂഹമായും ഹൃദ്യവും, നീതിപൂർവ്വകവുമായ ബന്ധം വളർത്തണം. അയൽപക്കം, ഇടവക, സാംസ്കാരിക സംഘടനകൾ തുടങ്ങിയവയൊക്കെ കൂട്ടായ്മയിൽപെടുന്നതും കൂട്ടായ്മ വളർത്തുന്നതുമാണ്. നാനാജാതി മതസ്ഥരാണ് അയൽപക്കക്കാർ. അവരൊക്കെ ദൈവത്തിന് പ്രിയപ്പെട്ടവരാക

യാൽ നമുക്കും പ്രിയപ്പെട്ടവരാണ്. അയൽക്കാരെ സ്നേഹിക്കുന്നത് ദൈവസ്നേഹത്തിന്റെ തുടർച്ചയായി ക്രിസ്തു ചൂണ്ടിക്കാട്ടി. സുപ്രധാന കല്പനകളിൽ രണ്ടാമത്തേത് "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്നതാണ് (മർക്കോ 12:29-31) ആരാണ് അയൽക്കാരൻ എന്ന ചോദ്യത്തിന് നല്ല ശമരിയാക്കാരന്റെ ഉപമ പറഞ്ഞ് ജാതിയും മതവും അല്ല നന്മ ചെയ്യുന്നതാണ് അയൽക്കാരന്റെ മുഖമുദ്രയെന്ന് ക്രിസ്തു വിശദമാക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ അയൽ ബന്ധുക്കളെ ടെലിവിഷനും, കമ്പ്യൂട്ടറും, മൊബൈലും, സാമ്പത്തിക സുരക്ഷിതത്വവും മറ്റും നശിപ്പിക്കുന്നു. അയൽക്കാർക്ക് നമ്മൾ സഹായികളും മദ്ധ്യസ്ഥരും കൗൺസിലർമാരും ആകണം.

"ഒരു ദൈവാലയത്തെ കേന്ദ്രീകരിച്ചുള്ള വിശ്വാസികളുടെ സമൂഹം" എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇടവകയെ നിർവചിച്ചിരിക്കുന്നത്. വിശ്വാസികൾക്ക് ആദ്ധ്യാത്മികവും സാമൂഹികവുമായ ശക്തി പകരുന്ന പവർ ഹൗസ് ഇടവകദൈവാലയമാണ്. ക്രൈസ്തവ സമൂഹം ക്രിസ്തുവിൽ സഹോദരങ്ങളാണ്. ഒരേ പീലാസയിൽ നിന്നും ഒരേ കാസായിൽ നിന്നും ക്രിസ്തുവിന്റെ ശരീരവും രക്തവും ഉൾക്കൊള്ളുന്നവർ. അതിനവരെ യോഗ്യരാക്കുന്ന കൂദാശകൾ സ്വീകരിക്കുന്നതും അതിനായി സഭയിലേയ്ക്ക് ചേർക്കപ്പെടുന്നതും ഇടവകയിൽ നിന്നാണ്. ഇടവക ആരാധനാ സമൂഹമാണ്. ക്രിസ്തീയ ഭവനം ഒരു ദൈവാലയം ആകുന്നു എന്ന് ജോൺ ക്രിസോസ്റ്റം പ്രസ്താവിച്ചത് ഈ അടിസ്ഥാനത്തിലാണ്. ഇടവക മാതാവും വികാരി പിതാവുമാണ്. ഇടയന്റെ സ്വരം അറിയുന്ന ആടുകളും ആടുകളെ പേരു ചൊല്ലി വിളിക്കുന്ന ഇടയനും (യോഹ 10:1-5). ഈ സമൂഹത്തിന്റെ ശിരസ്സ് ക്രിസ്തുവാണ്. നമ്മൾ വിവിധ അവയവങ്ങളും (1 കൊറി 12:12). ആദിക്രൈസ്തവ സമൂഹത്തെപ്പോലെ പരസ്പരം വിശുദ്ധരെന്ന് വിളിച്ച് അപ്പസ്തോലന്മുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാതാൽപര്യപൂർവ്വം പങ്കെടുത്തും (അപ്പൊ 2:42) ജീവിക്കേണ്ടവരാണ് ഇടവകാംഗങ്ങൾ,പരസ്പരം കുറ്റപ്പെടുത്തിയും വികാരിയേയും സഭാപിതാക്കന്മാരെയും വിമർശിച്ച് ഉതപ്പ് സൃഷ്ടിക്കേണ്ടവരല്ല ഇടവകാംഗങ്ങൾ. ഈ ആശയങ്ങൾ ഉൾക്കൊണ്ട് സ്നേഹത്തിലും വിശുദ്ധിയിലും ജീവിക്കുമ്പോൾ അവർ കൂടുന്നിടത്തെല്ലാം ഇമ്പം ഉണ്ടാകും.

കുടുംബത്തോടും സമൂഹത്തോടും പ്രതിബദ്ധതയുള്ള ധാർമ്മിക മൂല്യമുള്ള പുതുതലമുറയെ സൃഷ്ടിക്കാൻ മാതാപിതാക്കൾക്കുള്ള പങ്ക് വളരെ വലുതാണ്. ഗാർഹിക സഭയായ കുടുംബത്തിൽ മാതാപിതാക്കളാണ് മക്കളുടെ വിശ്വാസപരിശീലനത്തിന്റെ ആരംഭകർ. മക്കളുടെ ആവശ്യവും അനാവശ്യവും അറിഞ്ഞ് വേണ്ട തിരുത്തലുകൾ നൽകാൻ അവർക്ക് കഴിയണം. സ്വാർത്ഥരായി തീരുന്ന ഇന്നത്തെ തലമുറയ്ക്ക് പങ്കുവയ്ക്കലിന്റെ സ്നേഹവും മാധുര്യവും നിറയ്ക്കേണ്ട കടമയും മാതാ



പിതാക്കൾക്ക് ഉണ്ട് എന്നത് മറക്കാതിരിക്കാം. പഠനവും മത്സരവും മാത്രമാകാതെ ആത്മീയതയിലൂന്നിയ ജീവിത നിഷ്ഠകളും സ്നേഹത്തിന്റെ പാഠങ്ങളും മക്കൾക്ക് പകർന്ന് നൽകണം.

ഓർക്കുവാൻ, സ്വന്തമാക്കുവാൻ - ഒന്നിച്ച് പ്രാർത്ഥിക്കുക, ഒന്നിച്ച് ഭക്ഷണം കഴിക്കുക, കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് സംസാരിക്കുക, ഭാര്യയും ഭർത്താവും എല്ലാ ദിവസവും പരസ്പരം കൗൺസിലിംഗ് നടത്തുക. അങ്ങനെയെങ്കിൽ അമേരിക്കൻ പ്രസിഡന്റായിരുന്ന റൂസ്‌വെൽറ്റ് പറഞ്ഞതു പോലെ മനുഷ്യസംസ്കാരത്തിന്റെ ഏറ്റവും ഉന്നതവും ഉത്കൃഷ്ടവുമായ അംശം കുടുംബജീവിതമാണെന്ന് സന്തോഷത്തോടെ വിളിച്ച് പറയാൻ സാധിക്കും. അങ്ങനെയുള്ള കുടുംബങ്ങളെ ഭൂമിയിലെ സ്വർഗ്ഗം എന്നു വിശേഷിപ്പിക്കുന്നതിൽ അതിശയോക്തിയില്ല.



HEALTH CARE

# അർബുദം

**ഡോ. പോൾ അഗസ്റ്റിൻ**
അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം

*തയ്യാറാക്കിയത്*
***പ്രൊഫ. ഷേർലി സ്റ്റുവർട്ട്, മാർ ഈവാനിയോസ് കോളേജ്***



**1. അർബുദമെന്നാൽ എന്താണ്?**

ശരീരത്തിലെ ചില കോശങ്ങൾ ക്രമാതീതമായി വർധിച്ചു അടുത്തുള്ള കോശങ്ങളിലേക്ക് വ്യാപിക്കുന്ന ഒരു പ്രതിഭാസമാണ് അർബുദം അഥവാ കാൻസർ. പല്ലും, നഖവും, തലമുടിയും പോയിട്ട് ശരീരത്തിന്റെ ഏതു ഭാഗത്ത് വേണമെങ്കിലും അർബുദം വരാം. സാധാരണ യായി പഴയ കോശങ്ങൾക്ക് ക്ഷതം സംഭവിക്കുകയോ പ്രായമാവുകയൊ ചെയ്താൽ അവ നശിക്കുകയും അവയ്ക്ക് പകരം പുതിയ കോശങ്ങൾ ഉണ്ടാവുകയും ചെയ്യും. എന്നാൽ അർബുദം ബാധിക്കുമ്പോൾ ഈ ക്രമം തെറ്റുകയും ശരീരം രോഗഗ്രസ്തമാവുകയും ചെയ്യുന്നു. ഇത്തരം അവസരങ്ങളിൽ പഴയ കോശങ്ങൾ നശിക്കാ തിരിക്കുകയും ആവശ്യമില്ലെങ്കിലും പുതിയ കോശങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഈ അധികം ഉണ്ടാവുന്ന കോശങ്ങൾ വളർന്ന് മുഴകളായി മാറുന്നു. ഇവ അടു ത്തുള്ള കോശങ്ങളിലും കുറച്ചകലത്തിലുള്ള കോശങ്ങ ളിലും വ്യാപിക്കുകയും ചെയ്യുന്നു. ചിലപ്പോൾ രോഗഗ്ര സ്തമായ കോശങ്ങൾ രക്തത്തിലൂടെയും രസലസീക ദ്രാവകങ്ങളിലൂടെയും സഞ്ചരിച്ചു ആരംഭ സ്ഥാനത്ത് നിന്നും അകലെയായി പുതിയമുഴകൾക്കു രൂപം നല്കു ന്നു. ഇവ അവയവങ്ങളെ ആക്രമിക്കുകയും, മരണത്തിനു ഹേതു ആയി തീരുകയും ചെയ്യുന്നു.

**2. അർബുദം വരാനുള്ള സാധാരണ കാരണങ്ങൾ എന്താണ് ?**

- പുകയില - പുരുഷന്മാരിൽ 45% സ്ത്രീകളിൽ 14%
- അണുബാധ
- മലിനീകരണം
- മദ്യപാനം
- ആഹാരക്രമം
- അലസമായ ജീവിത ശൈലി
- പാരമ്പര്യം

**3. വിവിധതരം കാൻസറുകളുടെ ലക്ഷണങ്ങൾ എന്തെല്ലാം..?**

- ശരീരത്തിൽ വരുന്ന മുഴകൾ
- മറുകുകളിൽ വരുന്ന മാറ്റങ്ങൾ
- ദഹനപ്രക്രിയയിലും ശോധനയിലും ഉണ്ടാവുന്ന മാറ്റങ്ങൾ
- മാസമുറ സമയത്തെ രക്തസ്രാവം
- ശരീരത്തിലെ ചെറുദ്വാരങ്ങളിൽ കൂടിയുള്ള രക്തസ്രാവം
- ഉണങ്ങാത്ത മുറിവുകൾ
- പ്രത്യേക കാരണങ്ങളില്ലാത്ത ശരീരഭാരക്കുറവു
- മാറിടത്തിലെ മുഴ
- വിട്ടുമാറാത്ത ചുമ

**4. അർബുദത്തിന്റെ വിവിധ ഘട്ടങ്ങൾ ഏതെല്ലാമാണ്?**

അർബുദത്തെ നാല് ഘട്ടങ്ങളായി തിരിക്കാം. നാലാം ഘട്ടത്തിൽ എത്തുമ്പോൾ സുഖപ്പെടാനുള്ള സാധ്യത ഇല്ല എന്ന് തന്നെ പറയാം. എന്നാൽ അപൂർവ്വം ചില തരം അർബുദങ്ങൾ സുഖം പ്രാപിക്കാറുമുണ്ട്.

ബ്രസ്റ്റ് കാൻസർ

| | |
|---|---|
| ഘട്ടം 1—90% | 10 വർഷത്തിൽ കൂടുതൽ അതിജീവനം |
| ഘട്ടം 2—70% | അതിജീവനം |
| ഘട്ടം 3—50% | അതിജീവനം |
| ഘട്ടം 4—5% | അതിജീവനം |

**5. കാൻസർ ചികിത്സിച്ചു സുഖപ്പെടുത്താനാകുമോ ?**

മൂന്നിൽ രണ്ടു കേസുകളും പരിപൂർണ്ണ സുഖം അല്ലെങ്കിൽ നീണ്ട വർഷക്കാലം അസുഖം ഇല്ലാതെ ജീവി ക്കാനുള്ള ചികിത്സ ലഭ്യമാണ്. പ്രാരംഭ ചികിത്സയെ ആശ്രയിച്ചിരിക്കും വരുംകാല സൗഖ്യം. മുഴ കാണുമ്പോൾ തന്നെ ഒരു കാൻസർ ശാസ്ത്രീയ വിദഗ്ധനെ കാണുക. ശസ്ത്രക്രിയ ആണ് സൗഖ്യം ലഭിക്കുന്നതിലുള്ള ആദ്യ

ഘട്ട ചികിത്സ. മെധോവാഹിനികളിലും രക്തത്തിലും വരുന്ന കാൻസറുകൾക്ക് ഇന്ന് ഫലപ്രദമായ കീമോതെറാപ്പി ചികിത്സ ലഭ്യമാണ്. ചില തരം കാൻസറുകൾക്ക് Radio Therapy ചികിത്സ ലഭ്യമാണ്.

**6. അർബുദത്തെ പ്രതിരോധിക്കാനാവുമോ ?**

- പുകയില പൂർണ്ണമായി ഒഴിവാക്കുക
- പുകവലി, പാൻമസാല, മുറുക്കൽ മദ്യപാനം ഉപേക്ഷിക്കുക
- സമയാസമയങ്ങളിലെ കുത്തിവെയ്പുകൾ എടുക്കുക.
- അണുബാധ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുക
- വ്യക്തിപരമായ ശുചിത്വം പാലിക്കുക.
- പ്രിസർവേറ്റീവ് ഉപയോഗിച്ച് സംരക്ഷിച്ച ആഹാരപദാർത്ഥം ഒഴിവാക്കുക.
- ആഹാരത്തിൽ കൂടുതൽ പഴങ്ങളും മലക്കറികളും ഉൾപ്പെടുത്തുക.
- ശരീരഭാരം കുറയ്ക്കുക.
- വ്യായാമം ചെയ്യുക
- അലസമായ ജീവിതരീതി ഒഴിവാക്കുക.
- അന്തരീക്ഷ മലിനീകരണത്തിൽ നിന്നും സൂര്യതാപത്തിൽ നിന്നും ഒഴിഞ്ഞുനില്കുക.



**7. ദൈനംദിന ജീവിതത്തിൽ നമുക്ക് എടുക്കാവുന്ന മുൻകരുതലുകൾ ഏവ ?**

നേരത്തെയുള്ള രോഗനിർണ്ണയ പരിശോധന: രോഗലക്ഷണങ്ങൾ ഒന്നുമില്ലെങ്കിലും 30 വയസ്സു കഴിയുമ്പോൾ കൃത്യമായ കാലയളവിൽ രോഗ നിർണ്ണയ പരിശോധന നടത്തണം ബ്രസ്റ്റ് കാൻസർ, ഗർഭാശയ കാൻസർ, വായിലെ കാൻസർ, ത്വക്ക് സംബന്ധമായ കാൻസർ, പുരുഷലിംഗത്തിലെ കാൻസർ ആദിയായവ കാലിക പരിശോധനകളിലൂടെ കണ്ടെത്താവുന്നതാണ്.

- ആരോഗ്യ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് രോഗനിർണ്ണയ പരിശീലനം നല്കേണ്ടതാണ്.
- പൊതുജനങ്ങൾക്കിടയിൽ കാൻസർ ബോധവൽക്കരണം നടത്തുക.
- പതിവായി വ്യായാമം ചെയ്യുക.
- സസ്യാഹാരത്തിൽ അധിഷ്ടിതമായ ജീവിത രീതി പിന്തുടരുക.

20% ൽ ഏറെ കാൻസറുകൾക്കു കാരണം ശരീരത്തിന്റെ അമിതഭാരം, അലസ ജീവിതം, അമിത മദ്യപാനം, ശരിയല്ലാത്ത ആഹാരക്രമം എന്നിവയാണ്.

ആഴ്ച്ചയിൽ രണ്ടോ മൂന്നോ ദിവസം ഒരു മണിക്കൂർ വീതം വ്യായാമം ജീവിതചര്യ ആക്കുക. നടക്കുന്നതും സൈക്കിൾ ചവിട്ടുന്നതും തൂക്കുന്നതും തുടയ്ക്കുന്നതും, അടുക്കളത്തോട്ടത്തിൽ പണിയെടുക്കുന്നതും, പടികൾ കയറുന്നതും ജീവിതചര്യയാക്കുക.

വ്യായാമസമയത്ത് ആഴമായും ദീർഘമായും ശ്വസിക്കാനും ശരീരം വിയർക്കാനും നമ്മെ സഹായിക്കും.

- വറുത്തതും പൊരിച്ചതുമായ ആഹാരങ്ങൾ കഴിവതും ഒഴിവാക്കുക. ഒരിക്കൽ ഉപയോഗിച്ച എണ്ണ വീണ്ടും ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- കുറഞ്ഞ കാലറിയുള്ള പയറുവർഗങ്ങൾ, പഴങ്ങൾ, മലക്കറി എന്നിവ കൂടുതൽ ഉപയോഗിക്കുക
- ശീതളപാനീയങ്ങൾ ക്രിത്രിമമായി മധുരം കൂട്ടിയ പാനീയങ്ങൾ എന്നിവ ഒഴിവാക്കുക.
- മാട്ടിറച്ചി, ആട്ടിറച്ചി, പന്നിയിറച്ചി എന്നിവ ഒഴിവാക്കി താരതമ്യേന കൊഴുപ്പുകുറഞ്ഞ തൊലികളഞ്ഞ കോഴിയിറച്ചി, മത്സ്യം എന്നിവ ഉൾപ്പെടുത്തുക.
- മൈദ, സംസ്കരിച്ച ആഹാരപദാർത്ഥങ്ങൾ ഒഴിവാക്കുക.
- മുഴുവൻ ധാന്യമുപയോഗിച്ചുള്ള ബ്രഡ്, ചുവന്ന അരി, ഗോതമ്പ്, റാഗി എന്നിവ ഉപയോഗിക്കുക.

**8. ഏറ്റവും സാധാരണയായി സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും കണ്ടുവരുന്ന കാൻസർ ഏതാണ് ?**

| | |
|---|---|
| അന്താരാഷ്ട്ര/ഭാരത/ കേരള തലത്തിൽ | - ശ്വാസകോശ കാൻസർ |
| പുരുഷന്മാർ | - ശ്വാസകോശ കാൻസർ |
| സ്ത്രീകൾ | - ബ്രസ്റ്റ് കാൻസർ |
| കുട്ടികൾ | - ലുക്കോമിയ / രക്താർബുദം |

**9. ഭാരതത്തിൽ / കേരളത്തിൽ കാൻസർ ചികിത്സ എത്ര ത്തോളം പുരോഗമിച്ചിട്ടുണ്ട് എവിടെയെല്ലാം ലഭ്യ മാണ് ?**

അത്യാധുനിക രീതിയിലുള്ള കാൻസർ ശസ്ത്ര ക്രിയ അനുബന്ധ ചികിത്സ എന്നിവ ഇന്ന് ഭാരതത്തിലും കേരളത്തിലും സജ്ജമാണ്. ആധുനിക ചികിത്സ ഉപകര ണങ്ങളും യോഗ്യതയുള്ള ഡോക്ടർമാരും ഇന്നു നമു ക്കുണ്ട്.

- റ്റാറ്റ കാൻസർ സെന്റർ, മുംബൈ
- റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
- ജീ.സി.ആർ.ഐ അഹമ്മദാബാദ്
- അഡയാർ ഇൻസ്റ്റിറ്റ്യൂട്ട് ചെന്നൈ
- കിദ്വായ് ഹോസ്പിറ്റൽ ബാംഗ്ളൂർ
- മലബാർ കാൻസർ സെന്റർ, കണ്ണൂർ
- അമല കാൻസർ സെന്റർ, തൃശ്ശൂർ
- തിരുവനന്തപുരം മെഡിക്കൽ കോളജ്
- ആലപ്പുഴ മെഡിക്കൽ കോളജ്
- സ്വകാര്യ മെഡിക്കൽ കോളജുകൾ
- പിന്നക്കിൾ (കിംസ്), തിരുവനന്തപുരം

**10. അർബുദ ബാധിതർക്കു നൽകാവുന്ന സാന്ത്വന ചികിത്സ / മാനസിക പിൻബലം എന്നിവ എന്താണ് ?**

ജീവനു ഭീഷണി നേരിടുന്ന എല്ലാ രോഗികൾക്കു സ്നേഹ സാന്ത്വനം അത്യന്താപേക്ഷിതമാണ് ശരീരത്തി ന്റേയും മനസ്സിന്റേയും പ്രശ്നങ്ങൾക്കും സമൂഹത്തിൽ നേരിടാവുന്ന പ്രശ്നങ്ങൾക്കും സാന്ത്വനം ആവശ്യമാണ്. അർബുദ രോഗത്തിനു അടിമപ്പെടുന്ന രോഗികൾ മാന സികമായി അസ്വസ്ഥതയും നൈരാശ്യവും സമ്മർദ്ദവും നേരിടുന്നവരാവും. കുടുംബത്തിനും സുഹൃത്തുക്കൾക്കും



മാനസിക സഹായം നല്കുവാൻ സാധിക്കും. സമൂഹം ഇത്തരം വ്യക്തികളെ മാറ്റി നിറുത്താതെ അവർക്കു ആവശ്യമായ മാനസികാരോഗ്യം നല്കുവാൻ ശ്രദ്ധിക്കണം. ഇങ്ങനെ അവരിൽ കണ്ടേക്കാവുന്ന നൈരാശ്യം, ആത്മഹത്യാപ്രവണത എന്നിവ ഒഴിവാ ക്കാൻ സാധിക്കും. ചികിത്സക്ക് ആവശ്യമായ സാമ്പത്തിക സഹായം, രോഗികളോടു കരുതലും സഹിഷ്ണുതയു മെല്ലാം മാരകമായ ഈ രോഗത്തിന്റെ ആധിക്യം ഒരു പരിധിവരെ കുറയ്ക്കാനാകും.

## കൊച്ചുകൂട്ടുകാരുടെ ശ്രദ്ധയ്ക്ക്

**അടുത്ത ലക്കത്തെ കിഡ്സ് വേൾഡിലേക്ക്**
**കൊച്ചുകൂട്ടുകാരുടെ കഥകളും, കവിതകളും, നുറുങ്ങുചിന്തകളും, വരച്ച ചിത്രങ്ങളും അയച്ചുതരാവുന്നതാണ്.**

**അയക്കേണ്ട വിലാസം**

**റവ. ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്**
**ചീഫ് എഡിറ്റർ, മലങ്കര നാദം, മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ**
**മാർ ഈവാനിയോസ് വിദ്യാനഗർ, നാലാഞ്ചിറ, തിരുവനന്തപുരം**
**Mob.: 9446293293**

ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്



# അനാഥാലയങ്ങളും ഇതര ധർമ്മസ്ഥാപനങ്ങളും നിയന്ത്രിക്കാനും മേൽനോട്ടം വഹിക്കാനുമായി പുറപ്പെടുവിച്ച നിയമം (ആക്ട് 1960)

ഇന്ത്യൻ പാർലമെന്റിൽ അഗതി മന്ദിരങ്ങളുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി 1960 ൽ പ്രാബല്യത്തിൽ വന്ന ഈ നിയമത്തിനു ഏപ്രിൽ 9 മുതൽ നിയമസാധുത വന്നു. ധർമ്മാലയങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള അഗതിമന്ദിരങ്ങൾ എന്നിവയുടെ മേൽ അനാഥാലയ നിയന്ത്രണസമിതിയുടെ അധികാരം വ്യക്തമാക്കുന്നതാണ് ഈ നിയമം.

ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നിയന്ത്രണ സമിതിക്കു അനാഥാലയങ്ങളുടെ പ്രവർത്തന സംബന്ധമായ കാര്യങ്ങളുടെ മേൽ അധികാരം ഉണ്ടായിരിക്കും. മുഖ്യമായും അംഗീകാരം നല്കൽ, പുതുക്കി നല്കൽ, അംഗീകാരം പിൻവലിക്കൽ എന്നിവ അവരുടെ പരിധിയിൽപ്പെടും. സമിതിയുടെ പരിധിയിൽ വരുന്ന ഏതു സ്ഥാപനത്തിലും ഏതു സമയത്തുവേണമെങ്കിലും സന്ദർശിച്ചു പരിശോധന നടത്താനും വരവുചിലവു കണക്കുകൾ തിട്ടപ്പെടുത്താനുമുള്ള അധികാരം ഉണ്ട്.

സാമൂഹിക നീതി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന സമിതിയുടെ ആസ്ഥാനം തലസ്ഥാനമായ തിരുവനന്തപുരത്തെ പി.എം.ജി. യിലുള്ള വികാസ് ഭവൻ കോംപ്ളെക്സിൽ ആണ്. www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്. ഫോൺ നമ്പർ : 0471 2303077.

**അഗതിമന്ദിരങ്ങൾക്കുള്ള അംഗീകാരം**

അനാഥാലയങ്ങൾക്കും മറ്റു ധർമ്മസ്ഥാപനങ്ങൾക്കും നാലു വർഷത്തേക്കാണ് അംഗീകാരം നല്കുന്നത്. നടത്തിപ്പു ചട്ടങ്ങളോടൊപ്പം കൊടുത്തിരിക്കുന്ന ഫോറം 4 പൂരിപ്പിച്ചു നല്കി അംഗീകാര സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിക്കണം. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു പ്രത്യേക ഫീ നല്കേണ്ടതില്ല. സ്ത്രീകൾക്കുവേണ്ടിയാണോ, കുട്ടികൾക്ക് വേണ്ടിയാണോ എന്നൊക്കെയുള്ള വിവരങ്ങൾ വ്യക്തമായി അപേക്ഷയിൽ നല്കിയിരിക്കണം, കുറഞ്ഞത് 10 അന്തേവാസികളെങ്കിലും ഉണ്ടാവണം. ഇവർ വില്ലേജ് ഓഫീസർ നല്കുന്ന അഗതി സർട്ടിഫിക്കറ്റ് ഉള്ളവർ ആയിരിക്കണം.

സ്ഥാപനത്തിന്റെ പേര് / മാനേജരുടെ പേര്, ആർക്കു വേണ്ടിയുള്ള സ്ഥാപനം, എത്ര ആൾക്കാരെ പാർപ്പിക്കുന്നു, അന്തേവാസികൾക്ക് വിദ്യാഭാസസൗകര്യം നൽകുന്നുണ്ടോ എന്നീ വിശദാംശങ്ങൾ ഉൾപ്പെട്ടിരിക്കണം.

സ്ഥാപനത്തിന് ഒരിക്കൽ നൽകിയ അംഗീകാരം പിൻവലിക്കാം. സർട്ടിഫിക്കറ്റിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുക, അന്തേവാസികളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക, ക്രമക്കേടുകൾ ശ്രദ്ധയിൽ പെടുക, സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം നിറവേറ്റുന്നതിൽ

വീഴ്ച്ചവരുത്തുക എന്നീ സാഹചര്യങ്ങളിൽ അംഗീകാരം പിൻവലിക്കാവുന്നതാണ്. ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാവുന്നത് അനാഥാലയ നിയന്ത്രണ ബോർഡാണ്. ബോർഡിന്റെ തീരുമാനത്തിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിക്കാം.

**അംഗീകാരം ലഭിച്ച മന്ദിരങ്ങളുടെ നടത്തിപ്പ്**

എല്ലാ അനാഥാലയങ്ങൾക്കും അതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഒരു മാനേജ്മെന്റ് കമ്മിറ്റിയും മാനേജരും ഉണ്ട്. അന്തേവാസികൾക്ക് പ്രവേശനം നൽകുന്നത് സ്ഥാപനത്തിന്റെ മാനേജരാണ്. ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസരിച്ച് സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ട ചുമതല മാനേജർക്കുണ്ട്. പ്രവേശന രജിസ്റ്റർ, ഹാജർ രജിസ്റ്റർ എന്നിവ സൂക്ഷിക്കാനുള്ള ബാധ്യതയും സ്ഥാപനത്തിന്റെ മാനേജ്മെന്റിനുണ്ട്.

മൈനറായിട്ടുള്ള കുട്ടികളെ അനാഥമന്ദിരത്തിൽ നിന്നു മാറ്റുമ്പോഴോ അവരുടെ വിവാഹം നടത്തുമ്പോഴോ അവരുടെ സമ്മത പത്രത്തോടൊപ്പം സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അനുമതിയും വേണം. വീഴ്ച്ച വരുത്തുന്ന അധികാരികൾക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

**അനാഥാലയങ്ങളുടെ വരവുചിലവുകണക്ക് പരിശോധന**

സാമൂഹ്യക്ഷേമഡയറക്ടർക്കു പുറമേ, ലോക്കൽ ഫണ്ട് ഓഡിറ്ററും ഇത്തരം സ്ഥാപനങ്ങളുടെ വരവു ചിലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു. സർക്കാരിൽനിന്നല്ലാതെ ഇതര മാർഗ്ഗങ്ങളിൽ നിന്നു ലഭിക്കുന്ന തുകയ്ക്ക് കൃത്യമായ കണക്കുകൾ ഹാജരാക്കണം. വ്യക്തമായ കണക്കുകൾ കൂടാതെ സ്ഥാപനം പണം കൈപ്പറ്റിയതായി ബോധ്യപ്പെട്ടാൽ സർക്കാർ നൽകിയ ധനസഹായം തിരിച്ചു പിടിക്കാൻ അധികാരമുണ്ട്. സ്ഥാപനത്തിന്റെ അംഗീകാര സർട്ടിഫിക്കറ്റ്, കുട്ടികളുടെ എണ്ണം സാനിട്ടറി സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റ് നൽകുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് മുതലായവയും ഹാജരാക്കണം.

അനാഥാലയങ്ങൾക്ക് വിദേശത്തു നിന്നും പണം സ്വീകരിക്കാം. സ്വീകരിച്ച തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സർക്കാറിൽ നിന്നും ധനസഹായം ലഭിക്കുന്നതിലുള്ള അപേക്ഷയോടൊപ്പം ഹാജരാക്കണം. ഇതിനു പുറമെ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്റ്റ് പ്രകാരം കേന്ദ്ര ആഭ്യന്തര വകുപ്പിൻ കീഴിലുള്ള ഫോറിൻ ഡിവിഷനിലും (എഫ് സി 6) റിട്ടേൺ ഫയൽ ചെയ്യണം.

**കുട്ടികളെ കടത്തുന്നത് (ചൈൽഡ് ട്രാഫിക്കിംഗ്) തടയൽ**

കുട്ടികളെ കടത്തുന്നത് ( ചൈൽഡ് ട്രാഫിക്കിംഗ്) തടയുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അന്യ




സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുന്ന പ്രവണത തടയുന്നതിനു വേണ്ടി എല്ലാ അനാഥാലയങ്ങളിലേയും കുട്ടികൾക്ക് ഡെസ്റ്റിറ്റ്യൂഷൻ അഥവാ അഗതി സർട്ടിഫിക്കറ്റ് ഏർപ്പെടുത്തുന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്. അന്യസംസ്ഥാനത്ത് നിന്നുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കണമെങ്കിൽ ബന്ധപ്പെട്ട സർക്കാരിന്റെ ശുപാർശ കത്ത് സഹിതം അനാഥാലയ നിയന്ത്രണ ബോർഡിന്റെ അനുമതി നേടിയിരിക്കണം. കുട്ടികളുടെ തിരിച്ചറിയൽ രേഖ, പൂർണ്ണമായ മേൽവിലാസം എന്നിവയും ഹാജരാക്കണം. അന്യസംസ്ഥാനങ്ങളിലെ കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ തന്നെ അവർക്ക് വേണ്ട ചിലവ് വഹിക്കേണ്ടതാണ്. അതിനു വേണ്ടി സർക്കാർ ഫണ്ട് അനുവദിക്കുന്നതല്ല എന്ന് 2013 – സർക്കാർ ഉത്തരവിൽ (റഗുലേഷനിൽ) വ്യക്തമാക്കിയിട്ടുണ്ട്.

**സർക്കാർ ധനസഹായം**

അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവക്ക് സർക്കാർ ധനസഹായം നൽകുന്നു.

- ഒരു കുട്ടിക്ക് പ്രതിമാസം 525 രൂപയാണ് നൽകുന്നത്. ഗ്രാന്റ് – ഇൻ – എയ്ഡ് ചട്ടങ്ങൾ പ്രകാരമാണ് തുക നൽകുന്നത്. സ്ഥാപനത്തിന് തുക ലഭിക്കാൻ അർഹതയുണ്ടോ എന്ന് പരിശോധിക്കേണ്ടത് ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറാണ്. സാമൂഹ്യക്ഷേമഡയറക്ടർ മുഖേന തുക അനുവദിക്കുന്നു. സർക്കാറിൽ നിന്ന് ധനസഹായം ലഭിക്കുന്ന സ്ഥാപനത്തിനു തന്നെ വിദേശത്തുനിന്നും പണം സ്വീകരിക്കാം.
- ഒരു അന്തേവാസിക്ക് പ്രതിമാസം 525 രൂപ നിരക്കിൽ സർക്കാർ ധനയഹായം
- ഓരോ അന്തേവാസിക്കും ഒരു രൂപ നിരക്കിൽ പ്രതിമാസം 7 കിലോ അരി
- സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ പാചകവാതകം
- സൗജന്യ നിരക്കിൽ വൈദ്യുതി
- കെട്ടിട നികുതി ഒഴിവാക്കുന്നു
- സ്ഥാപനങ്ങളിൽ അന്തേവാസികളെ പാർപ്പിക്കുന്നതിലുള്ള ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ 1500 രൂപ വീതം പ്രതിമാസം ചിലവഴിക്കാനുള്ള സർക്കാർ അനുമതി
- വാഹനങ്ങൾക്ക് നികുതി അടക്കുന്നതിലുള്ള ഇളവ്,
- അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത, സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ധനസഹായപദ്ധതി
- അനാഥാലയങ്ങളിലെ കുട്ടികളുടെ ഫീസ് മടക്കിക്കൊടുക്കൽ പദ്ധതി
- അനാഥകുട്ടികൾക്ക് ഫാർമസി
- ഐ.റ്റി.ഐ, പോളീടെക്നിക്ക്, ജനറൽ നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് സീറ്റ് സംവരണം
- അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ സൗജന്യ ആരോഗ്യപരിശോധന.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ഉന്നമനത്തിനായി ഗവൺമെന്റ് വളരെയേറെ പ്രതിബദ്ധതയോടും സഹാനുഭൂതിയോടും പ്രവർത്തിക്കുന്നു എന്നതിനു തെളിവാണ് അഗതിമന്ദിരങ്ങളുടെ നടത്തിപ്പിനായി പുറപ്പെടുവിച്ചിരിക്കുന്ന ഈ നിയമം.



# രൂപതാവാർത്തകൾ

## ജനറൽ അസംബ്ലി

ബത്തേരി ഭദ്രാസനത്തിലെ വൈദീകരുടെ ജനറൽ അസംബ്ലി 2016 ഏപ്രിൽ 11,12,13,14 തീയതികളിൽ ധർമ്മ പീഠം അരമനയിൽ കൂടുന്ന വിവരം സന്തോഷത്തോടെ അറിയിക്കട്ടെ. രൂപതയിലെ എല്ലാ ബഹു. വൈദീകരും നിർബന്ധമായും ഏപ്രിൽ 11 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ നടക്കുന്ന പൊതു അവലോകനമീറ്റിംഗിൽ ആദ്യാവസാനം പങ്കെടുക്കേണ്ടതാണെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. രൂപതയിലെ വ്യത്യസ്ത ഇടവകകളിലും സ്ഥാപനങ്ങളിലും നടക്കുന്ന ശുശ്രൂഷകൾ പരസ്പരം മനസ്സിലാക്കുന്നതിനും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്നതിനും ഇത് ഒരു അവസരമായതുകൊണ്ട് ആദ്യാവസാനം പങ്കെടുക്കേണ്ടതാണ്.

പാസ്റ്ററൽ കോ-ഓർഡിനേറ്റർ / ഡിസ്ട്രിക്റ്റ് വികാരി/ സ്ഥാപനമേധാവി / ഇവർ എല്ലാ വൈദീക ജില്ലയിലും അജപാലന ശുശ്രൂഷയുടെ സംക്ഷിപ്ത രൂപം തയ്യാറാക്കി രൂപതാ കച്ചേരിയിൽ മാർച്ച് 31 ന് മുൻപ് സമർപ്പിച്ചതിനു ശേഷം പൊതുമീറ്റിംഗിൽ അവതരിപ്പിക്കണം. ബഹു. വൈദീകർ ഇടവകയുടേയും ഏൽപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളുടേയും ഇതര ശുശ്രൂഷ മേഖലകളുടേയും സ്ഥിതി വിവര റിപ്പോർട്ട് - ചുരുക്കി അവതരിപ്പിക്കണം. റിപ്പോർട്ടുകൾ മാർച്ച് 31 ന് മുമ്പായി രൂപതാകച്ചേരിയിൽ എത്തിക്കണം. അവലോകന മീറ്റിംഗ് 11-ാം തീയതി വൈകീട്ട് 6 മണിയ്ക്ക് ആരംഭിച്ച് 14-ാം തീയതി ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നതാണ്. അവതരിപ്പിക്കുന്നതിനുള്ള റിപ്പോർട്ട് ഫോർമാറ്റും, റിപ്പോർട്ട് അവതരണ സമയക്രമീകരണങ്ങളും പിന്നാലെ അറിയിക്കുന്നതാണ്.

## ഭവനസന്ദർശനം

കരുണയുടെ വർഷം പ്രമാണിച്ച് അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി ശശിമല കോളവള്ളി കേന്ദ്രീകരിച്ച് ഭവനസന്ദർശനം നടത്തി. വികാരി ഫാദർ തോമസ് മണ്ണിത്തോട്ടം, സിസ്റ്റേഴ്സ്, ഇടവക ജനങ്ങൾ, നാട്ടുകാർ തുടങ്ങിയവർ പിതാവിനെ അനുഗമിച്ചു. ഭവന സന്ദർശനത്തിന്റെ ആദ്യദിവസം സന്ധ്യയ്ക്ക് നടത്തിയ ജനകീയ കൂട്ടായ്മയും ശ്രേയസിന്റെ ഹരിതഗ്രാമ ഉദ്ഘാടനവും നടന്നു. ത്രിതല പഞ്ചായത്തിൽ വിജയിച്ചവരെ ആദരിച്ചു. രണ്ടാം ദിവസം ഇടവക കുടുംബാംഗങ്ങൾ നടത്തിയ പ്രാർത്ഥന കൂട്ടായ്മയ്ക്ക് അഭിവന്ദ്യ തിരുമേനി നേതൃത്വം നൽകി.

ഇടവകഭവന സന്ദർശനത്തിനോടൊപ്പം രോഗികളായി കിടക്കുന്ന ഹൈന്ദവഭവനങ്ങളിലും ആദിവാസി ഊരുകളിലും പിതാവ് സന്ദർശനം നടത്തുകയും അവരുടെ പ്രശ്നങ്ങളെ നേരിട്ടറിയാൻ ശ്രമിക്കുകയും ചെയ്തു. ഉപഹാരങ്ങൾ നൽകുകയും ഭവനരഹിതർക്ക് ഭവനസഹായം, കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം എന്നിവ വാഗ്ദാനം ചെയ്തു.

## പഴശ്ശിരാജാ അവാർഡ് ശ്രീമതി റോസക്കുട്ടി ടീച്ചർക്ക്



കേരളവർമ്മ പഴശ്ശിരാജയുടെ 10-ാം അനുസ്മരണ ദിനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ 4-ാമത് പഴശ്ശിരാജാ അവാർഡ് വനിതാ കമ്മീഷൻ അധ്യക്ഷ ശ്രീമതി റോസക്കുട്ടി ടീച്ചർ ഏറ്റുവാങ്ങി. ബത്തേരി രൂപതാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർ തോമസ് തിരുമേനി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിജയികളായ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി ആദരിച്ചു. ബത്തേരി രൂപത വികാരി ജനറാളച്ചന്മാരായ മോൺ വർഗ്ഗീസ് താന്നിക്കാക്കുഴി, മോൺ തോമസ് കാഞ്ഞിരമുകളിൽ, കോളേജ് പ്രിൻസിപ്പൽ, ഡോ. എ.ഒ. റോയി, ഫാ. തോമസ് മണ്ണിത്തോട്ടം, എന്നിവർ സംസാരിച്ചു.





അഗതികളുടെ ആശ്രയഭവനമായ തപോവനത്തിന്റെ പുതിയ ബ്ലോക്കിന്റെ ആശീർവ്വാദ കർമ്മം
അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി നിർവ്വഹിക്കുന്നു

# പ്രാർത്ഥനാശംസകൾ



അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കബാവാ തിരുമേനി
ഗൾഫ് നാടുകളിലെ മലങ്കര സഭാ മക്കളുടെ
പാസ്റ്ററൽ കോ-ഓർഡിനേറ്ററായി നിയമിച്ച
**ബഹു. മാത്യു കണ്ടത്തിലച്ചന്**
ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ

# അനുമോദനങ്ങൾ



കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ
പുതിയ ജനറൽ സെക്രട്ടറിയായി
തിരഞ്ഞെടുക്കപ്പെട്ട ബത്തേരി രൂപതയുടെ
കരുത്തനായ യുവനേതാവ്
**ശ്രീ. വിൻസെന്റ് മണ്ണിത്തോട്ടത്തിന്**
ബത്തേരി രൂപതയുടെ അനുമോദനങ്ങൾ



# ജാലകക്കാഴ്ച

ഒരിക്കൽ രണ്ടു ചങ്ങാതിമാർ ഒരു യാത്ര പോവുകയായിരുന്നു - ഒരു നീണ്ട യാത്ര

യാത്രയ്ക്കിടയിൽ അവർ തമ്മിൽ ചെറിയൊരു പിണക്കമുണ്ടായി. ദേഷ്യത്തിൽ ഒന്നാമൻ രണ്ടാമനെ തല്ലി.

സങ്കടത്തോടെ രണ്ടാമൻ നിലത്ത് കുത്തിയിരുന്ന് മണലിൽ ഇങ്ങനെ എഴുതി.

"എന്റെ ചങ്ങാതി എന്നെ തല്ലി:

അവരുടെ യാത്ര പിന്നെയും തുടർന്നു

അവർ മലവെള്ളപ്പാച്ചിലിൽ കരകവിഞ്ഞൊഴുകുന്ന ഒരു പുഴയുടെ കരയിലെത്തി. പെട്ടെന്ന് രണ്ടാമൻ അതിലേക്കു കാലു വഴുതി വീണു.

ഒന്നാമൻ അതിസാഹസികമായി തന്റെ സുഹൃത്തിനെ രക്ഷിച്ചു.

കരയിലെത്തിയ രണ്ടാമൻ, തന്റെ ഭാണ്ഡത്തിൽ നിന്നും ഉളിയെടുത്ത് അടുത്തുള്ള വലിയ പാറയിൽ കൊത്തി എഴുതി

"എന്റെ ചങ്ങാതി എന്റെ ജീവൻ രക്ഷിച്ചു."

ഒന്നാമൻ ചോദിച്ചു "ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ മണലിലെഴുതി, നിന്നെ സഹായിച്ചപ്പോൾ ശിലയിൽ കൊത്തി... അത് എന്താ?"

"വേദനിപ്പിച്ചത് മണലിലെ എഴുതാവൂ... കാരണം ചെറുകാറ്റിൽ അതു മാഞ്ഞു പോകണം, അതിന്റെ ആയുസ്സ് ഒരു നിമിഷത്തേക്കെ ഉണ്ടാകാവൂ. എന്നാൽ നീ എന്നെ സഹായിച്ചത് നിത്യതയോളം നിലനില്ക്കണം. എന്റെ ജീവൻ പോയാലും."

ജീവിതത്തിലും ഇതു പാഠമാകണം. സഹായങ്ങൾ ശിലയിൽ കൊത്തി വയ്ക്കണം. തന്നെ സഹായിച്ചവന് ജീവിക്കാനും കൂടുതൽ പേരെ സഹായിക്കാനും അതു പ്രചോദനമാകും. ഒരിക്കൽ കൈതാങ്ങിയവനെ മറക്കുന്നവൻ ജീവിതവിജയങ്ങളിൽ അല്പായുസ്സുള്ളവനായിരിക്കും.

കൃതജ്ഞതാഭരിതമായ ജീവിതം വിജയങ്ങൾക്ക് അടിസ്ഥാനമാകും.

## ശരിയായ ഉത്തരം നല്കൂ....
## ആകർഷകമായ സമ്മാനങ്ങൾ നേടൂ...



# വിജ്ഞാനസദസ്സ്

1. കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവയുടെ എപ്പിസ്കോപ്പൽ മോട്ടോ (Episcopal Motto) എന്താണ്?
2. ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായത് ഏതു പട്ടണത്തിൽ വച്ചാണ്?
3. യേശുവിന്റെ ക്രൂശുമരണ കാലത്തെ റോമാ ചക്രവർത്തി ആരായിരുന്നു?
4. മലങ്കര സഭയുടെ പുതിയ രൂപതയുടെ മുഴുവൻ പേര്?
7. പത്രോസ് കാതുവെട്ടിക്കളഞ്ഞ പട്ടാളക്കാരന്റെ പേര്?
8. 1978 ഒക്ടോബർ 28 ന്റെ പ്രാധാന്യം എന്താണ്?
9. 32-ാമതു സി.ബി.സി.ഐ. സമ്മേളനത്തിൽ മലങ്കര സഭയ്ക്ക് ലഭിച്ച ബഹുമതി എന്താണ്?
10. ബത്തേരി രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

ശരിയുത്തരം അയക്കുന്നവരിൽ (പേരും വിലാസവും എഴുതുക) നിന്നും നറുക്കെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുക്കുന്നതാണ്.

**ഉത്തരങ്ങൾ അയക്കേണ്ട അവസാന തീയതി 1-06-2016**

അയക്കേണ്ട വിലാസം

Rev. Fr. Philip Mathew Vettikatt
Chief Editor, Malankara Nadam
Mar Gregorios College of Law
Mar Ivanios Vidya Nagar, Nalanchira, Trivandrum



ലക്ഷ്മി നായർ

# ഈസ്റ്റർ പ്രാതൽ

## സമൃദ്ധമാകട്ടെ ഉയിർപ്പ് പെരുന്നാൾ

**50 ദിവസം നീണ്ട കഠിനനോമ്പിനൊടുവിൽ ഉയിർപ്പ് പെരുന്നാൾ ആഘോഷമാക്കുവാൻ ഈസ്റ്റർ ദിനത്തിൽ വിളമ്പുവാൻ രുചികരമായ നാല് വിഭവങ്ങൾ**

### 1. പാലപ്പം

| | | |
|---|---|---|
| 1. | അരിപ്പൊടി | കാൽ കപ്പ് |
| | വെള്ളം | മൂന്നു കപ്പ് |
| 2. | അരിപ്പൊടി | ഒന്നരക്കപ്പ് |
| | പഞ്ചസാര | മൂന്നു വലിയ സ്പൂൺ |
| | ഇൻസ്റ്റന്റ് യീസ്റ്റ് | ഒരു ചെറിയ സ്പൂൺ |
| 3. | കട്ടിത്തേങ്ങാപ്പാൽ | രണ്ടരക്കപ്പ് |
| 4. | ഉപ്പ് | പാകത്തിന് |

**പാകം ചെയ്യുന്ന വിധം**

1. അപ്പത്തിനുള്ള കപ്പി കാച്ചാൻ ഒന്നാമത്തെ ചേരുവ യോജിപ്പിച്ച് അടുപ്പിൽ വച്ചു കുറുക്കുക. തിളയ്ക്കാൻ തുടങ്ങുമ്പോൾ വാങ്ങി ചൂടാറാൻ വയ്ക്കണം.
2. ഒരു വലിയ പാത്രത്തിൽ രണ്ടാമത്തെ ചേരുവ യോജിപ്പിക്കുക. ഇതിലേക്കു ചെറുചൂടുള്ള കപ്പിയും കട്ടിത്തേങ്ങാപ്പാലും ചേർത്തു കട്ടകെട്ടാതെ ഇളക്കി യോജിപ്പിച്ചശേഷം എട്ടു മണിക്കൂർ അനക്കാതെ വയ്ക്കണം.
3. പിന്നീട് പാകത്തിന് ഉപ്പും ചേർത്തിളക്കി മാവ് അപ്പച്ചട്ടിയിൽ കോരിയൊഴിച്ച് ചുറ്റിച്ച് അപ്പം ചുട്ടെടുക്കുക. അപ്പത്തിന് കൂടുതൽ മധുരം വേണമെന്നുള്ളവർക്ക് കൂടുതൽ പഞ്ചസാര ചേർക്കാം.

### 2. താറാവ് മപ്പാസ്

| | | |
|---|---|---|
| 1. | താറാവ് | 1 1/4 കി.ഗ്രാം |
| 2. | ചെറിയ ഉള്ളി (നീളത്തിൽ അരിഞ്ഞത്) | 1/2 കി. ഗ്രാം |
| 3. | ഇഞ്ചി | 2 ചതുരകഷണം |
| 4. | വെളുത്തുള്ളി | 7 വലിയ അല്ലി |
| 5. | പച്ചമുളക് | 7 എണ്ണം |
| 6. | മഞ്ഞൾപ്പൊടി | 1 ടീസ്പൂൺ |
| 7. | കുരുമുളക് | 1 ടേബിൾസ്പൂൺ |
| | (3 മുതൽ 7 വരെയുള്ള ചേരുവകൾ ഒന്നിച്ചാക്കി അരയ്ക്കണം) | |
| 8. | മുളകുപൊടി | 1 ടേബിൾസ്പൂൺ |
| 9. | മല്ലിപ്പൊടി | 3 ടേബിൾസ്പൂൺ |

| | | |
|---|---|---|
| 10. | ഗരംമസാലപ്പൊടി | 1 ടീസ്പൂൺ |
| | (9 മുതൽ 11 വരെയുള്ള ചേരുവകൾ അരക്കപ്പ് വെള്ളത്തിൽ കുതിർത്തത്) | |
| 11. | തേങ്ങയുടെ ഒന്നാം പാൽ | 1 കപ്പ് |
| 12. | രണ്ടാംപാൽ | 2 കപ്പ് |
| 13. | വിനാഗിരി | 1 1/2 ടേബിൾസ്പൂൺ |
| 14. | കറിവേപ്പില | 2 തണ്ട് |
| 15. | ഉപ്പ് | പാകത്തിന് |
| 16. | വെളിച്ചെണ്ണ | 3 ടേബിൾസ്പൂൺ |

**പാകം ചെയ്യുന്ന വിധം**

1. 3 മുതൽ 7 വരെയുള്ള ചേരുവകൾ അരച്ച് താറാവ് കഷണങ്ങളിൽ പുരട്ടിയെടുക്കുക. ഇതിലേക്ക് ഉപ്പും അരക്കപ്പ് വെള്ളവും ചേർത്ത് കുക്കർ ഉപയോഗിച്ച് വേവിച്ചു മാറ്റുക.
2. ഒരു ചീനച്ചട്ടിയിൽ എണ്ണ ചൂടാക്കി ചെറിയ ഉള്ളി വഴറ്റുക. നിറം മാറിത്തുടങ്ങുമ്പോൾ വെള്ളത്തിൽ കുതിർത്തു വച്ചിരിക്കുന്ന മുളകുപൊടി, മല്ലിപ്പൊടി, ഗരംമസാലപ്പൊടി എന്നിവയും ചേർത്ത് വഴറ്റി മൂപ്പിക്കുക.
3. മസാല മൂത്ത് എണ്ണ തെളിയുമ്പോൾ വേവിച്ച ഇറച്ചി അതിന്റെ ചാറോടുകൂടി ഇതിലേക്ക് തട്ടി നന്നായി ഇളക്കി യോജിപ്പിച്ച് തിളപ്പിക്കുക. വിന്നാഗിരിയും ചേർത്ത് ഉപ്പിന്റെ പാകവും നോക്കിയശേഷം വേണമെങ്കിൽ കുറച്ചുകൂടി ചേർക്കാം.
4. ഇതിലേക്ക് രണ്ടാം പാലും ഒഴിച്ച് വീണ്ടും തിളപ്പിക്കുക.
5. ചാറ് കൊഴുത്തുതുടങ്ങുമ്പോൾ അടുപ്പിൽനിന്നും മാറ്റുക.
6. മറ്റൊരു പാത്രത്തിൽ ബാക്കി ഇരിക്കുന്ന ഒരു ടേബിൾസ്പൂൺ എണ്ണ ചൂടാക്കി 4 ചെറിയ ഉള്ളി അരിഞ്ഞതും കറിവേപ്പിലയും ഇട്ട് മൂപ്പിച്ച് താറാവ് കറിയുടെ മുകളിലായി ഒഴിച്ച് താളിക്കുക. താറാവ് മപ്പാസ് റെഡി.

## 3. ചെട്ടിനാട് ചിക്കൻഫ്രൈ

| | | |
|---|---|---|
| 1. | കോഴി (30 കഷ്ണങ്ങളാക്കിയത്) | 1 എണ്ണം |
| 2. | ഇഞ്ചി അരച്ചത് | 1 1/2 ടേബിൾസ്പൂൺ |
| 3. | വെളുത്തുള്ളി അരച്ചത് | 1 1/2 ടേബിൾസ്പൂൺ |
| 4. | മുളകുപൊടി (പിരിയൻ) | 1 1/2 ടേബിൾസ്പൂൺ |
| 5. | മഞ്ഞൾപ്പൊടി | 1/2 ടീസ്പൂൺ |
| 6. | ഗരംമസാലപ്പൊടി | 1 ടീസ്പൂൺ |
| 7. | കോൺഫ്ളവർ | 2 ടേബിൾസ്പൂൺ |
| 8. | അരിമാവ് | 1 ടേബിൾസ്പൂൺ |
| 9. | കടലമാവ് | 1 ടേബിൾസ്പൂൺ |
| 10. | മുട്ട | ഒരെണ്ണം |
| 11. | ഉപ്പ് | പാകത്തിന് |
| 12. | എണ്ണ | വറുക്കാൻ ആവശ്യമായത് |

**താളിക്കാൻ വേണ്ടുന്ന ചേരുവകൾ**

| | |
|---|---|
| ചിക്കൻ വറുത്ത എണ്ണ | 1 ടേബിൾസ്പൂൺ |
| കടുക് | 1 ടീസ്പൂൺ |
| പച്ചമുളക് (രണ്ടായി പിളർന്നത്) | 2 എണ്ണം |
| സവാള (ചെറുതായി അരിഞ്ഞത്) | ഒരെണ്ണം |
| പിരിയൻ മുളകുപൊടി | 1/2 ടീസ്പൂൺ |
| കറിവേപ്പില | 2 തണ്ട് |

**പാകം ചെയ്യുന്ന വിധം**

1. 2 മുതൽ 11 വരെയുള്ള ചേരുവകൾ ഒന്നിച്ചാക്കി യോജിപ്പിക്കുക. ഇതിലേക്ക് ചിക്കൻകഷ്ണങ്ങൾ ചേർത്ത് നന്നായി ഇളക്കി തേച്ചുപിടിപ്പിച്ച് ഒരു മണിക്കൂർ മാഗ്നേറ്റ് ചെയ്യാനായി മാറ്റിവയ്ക്കുക.
2. എണ്ണ നന്നായി ചൂടാക്കിയശേഷം മസാല പുരട്ടിവച്ചിരിക്കുന്ന ചിക്കന്റെ കഷ്ണങ്ങൾ ഇട്ട് ബ്രൗൺനിറത്തിൽ വറുത്തുകോരുക.
3. മറ്റൊരു പാത്രത്തിൽ ചിക്കൻ വറുത്ത എണ്ണയിൽനിന്നു ഒരു ടേബിൾസ്പൂൺ ഒഴിച്ച് ചൂടാക്കി കടുകും കറിവേപ്പിലും ഇട്ട് പൊട്ടിച്ച് സവാളയും പച്ചമുളകും ചേർത്ത് വഴറ്റുക. സവാളയും പച്ചമുളകും വാടി നിറംമാറിത്തുടങ്ങുമ്പോൾ 1/2 ടീസ്പൂൺ മുളകുപൊടിയും ചേർത്ത് വഴറ്റി അടുപ്പിൽനിന്നും മാറ്റി വറുത്തുവച്ചിരിക്കുന്ന ചിക്കന്റെ മുകളിലേക്ക് ഒഴിച്ച് അലങ്കരിക്കുക.

## 4. ആപ്പിൾ ബ്രെഡ് പുഡിങ്

| | | |
|---|---|---|
| 1. | മുട്ട | മൂന്ന് |
| 2. | പാൽ | ഒരു കപ്പ് |
| 3. | കണ്ടൻസ്ഡ് മിൽക്ക് | ഒരു ടിൻ |
| | പഞ്ചസാര | ആവശ്യമെങ്കിൽ |
| | ഉപ്പില്ലാത്ത വെണ്ണ | 75 ഗ്രാം ഉരുക്കിയത് |
| | കറുവാപ്പട്ട പൊടിച്ചത് | ഒരു വലിയ നുള്ള് |
| 4. | റൊട്ടി അരികു കളഞ്ഞു ചെറിയ ചതുരക്കഷണങ്ങളാക്കിയത് | മൂന്നു കപ്പ് |
| | ആപ്പിൾ തൊലി കളഞ്ഞു ചതുരക്കഷണങ്ങളാക്കിയത് | ഒന്നരക്കപ്പ് |
| | ചോക്ലേറ്റ് ചിപ്സ് | ഒരു കപ്പിന്റെ മൂന്നിൽ രണ്ട് |
| 5. | ക്രീം, ചെറി | അലങ്കരിക്കാൻ |

**പാകം ചെയ്യുന്ന വിധം**

1. ഓവൻ 200°C ചൂടാക്കിയിടുക
2. ഒരു പാത്രത്തിൽ മയം പുരട്ടി വയ്ക്കണം.
3. മുട്ട നന്നായി അടിച്ചശേഷം പാൽ ചേർത്തടിക്കണം.
4. ഇതിലേക്കു മൂന്നാമത്തെ ചേരുവയും ചേർത്തു നന്നായി അടിച്ചു യോജിപ്പിക്കണം. നാലാമത്തെ ചേരുവയും ചേർത്തിളക്കി മയം പുരട്ടിയ പാത്രത്തിലൊഴിച്ചു നന്നായി അമർത്തിവയ്ക്കണം.
5. ഇതു ചൂടാക്കിയിട്ടിരിക്കുന്ന ഓവനിൽ വച്ചു സെറ്റ് ആകും വരെ ബേക്ക് ചെയ്യുക. പുറത്തെടുത്തു ചൂടാറുമ്പോൾ മുകളിൽ ക്രീം പൈപ്പ് ചെയ്യണം. ടിന്നിൽ കിട്ടുന്ന ചെറി മുകളിൽ വച്ച് അലങ്കരിക്കാം.

കസ്റ്റേർഡിനോ ക്രിമീനോ ഒപ്പം വിളമ്പാം.



## അഗതികളുടെ അമ്മ വിശുദ്ധിയുടെ പടവുകളിലേക്ക്

# വാഴ്ത്തപ്പെട്ട മദർ തെരേസ

● ജനനം - 1910 ഓഗസ്റ്റ് 26 ● യഥാർത്ഥ പേര് - ആഗ്നസ് ബൊജക്സ്യൂവ
● ആഗ്നസ് എന്ന വാക്കിന്റെ അർത്ഥം - പരിശുദ്ധ
● 19 ാം വയസ്സിൽ ഇന്ത്യയിലെത്തി മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസിനി സമൂഹം സ്ഥാപിച്ചു
● 1951 ൽ ഇന്ത്യൻ പൗരത്വം ● 1979 - സമാധാന നോബേൽ ● 1962 ൽ പത്മശ്രീ
● 1972 - ജവഹർലാൽ നെഹ്റു രാജ്യാന്തര സമാധാന പുരസ്കാരം ● 1980 - ഭാരതരത്നം

അനാഥർക്കും പീഡിതർക്കും ബന്ധുവായി ക്രൈസ്തവ ചൈതന്യത്തോട് അവർക്കു വേണ്ടി ദൈവത്തിന്റെ കൂടാരം തീർത്ത പുണ്യവതി- യുഗോസ്ളാവിയയിലെ സ്കോപ്യെ പട്ടണത്തിൽ ജനിച്ച് ഭാരതമണ്ണിൽ തന്റെ മായാത്ത കാൽപ്പാടുകൾ അവശേഷിപ്പിച്ചു കടന്നു പോയ - ആഗ്നസ് ബൊജക്സ്യൂവ എന്ന മദർ തെരേസ.

ജീവിക്കുന്ന വിശുദ്ധയെന്ന് ലോകം വിളിപ്പേരിട്ടു വിളിച്ച ഒരു ജീവിതമെ ചരിത്രം രേഖപ്പെടുത്തുന്നുള്ളൂ. സ്വന്തം ജീവിതം സന്ദേശമാക്കിയ, ലാളിത്യമാർന്ന സ്വന്തം ജീവിതത്തിന്റെ നിസ്വാർത്ഥ സൗരഭ്യം കൊണ്ട് ദൈവം കൈയ്യൊപ്പിട്ട ജീവിതാർത്ഥം - അഗതികളുടെ അമ്മ - നന്മനിറഞ്ഞ ആ ജീവിത കഥ ഇങ്ങനെ.

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും അസാധാരണവും ത്യാഗനിർഭരവുമായ ജീവിതങ്ങളിലൊന്നായിരുന്നു മദറിന്റേത്. അഗതികൾക്കും രോഗികൾക്കും സാന്ത്വനത്തിന്റെ നിത്യസാനിദ്ധ്യമായിരുന്നു ഈ വെളുത്ത മാലാഖ. അതുല്യമായ ഒരു ധന്യജീവിതത്തിലൂടെ പാവങ്ങളുടെ അമ്മയായി വിശേഷിച്ച് ഇന്ത്യയിലെ പട്ടിണി പാവങ്ങളുടേയും കുഷ്ടരോഗികളുടേയും അമ്മയായി മാറി. ആഗ്നസ് എന്നാൽ പരിശുദ്ധ എന്നർത്ഥം. അത് അന്വർത്ഥമാകുന്ന ജീവിതമായിരുന്നു ആഗ്നസ്സിന്റേത്. ബാല്യം മുതൽ സന്യാസജീവിതം സ്വപ്നം കണ്ട ആ പെൺകുട്ടി പതിനെട്ടാം വയസ്സിൽ ലൊറെറ്റോ സന്യാസിനി സമൂഹത്തിൽ ചേർന്നു. പിന്നീട് ആഗ്നസ് പ്രഥമ വ്രതവാഗ്ദാനത്തിലൂടെ തെരേസയായി.

1946 ൽ വാർഷിക ധ്യാനത്തിന്നു ഡാർജിലിംഗിലേക്കുള്ള യാത്ര ജീവിതഗതി എന്നേക്കുമായി ഭാരതത്തിന്റെ വിരിമാറിൽ തന്റെ ജീവിതം സമർപ്പിക്കുവാൻ കാരണമായി. മരണാസന്നരും അഗതികളും ദരിദ്രരിൽ ദരിദ്രരുമായ മനുഷ്യർക്കുവേണ്ടി സ്വയം സമർപ്പിക്കുവാനുള്ള തെരേസയുടെ നിശ്ചയദാർഢ്യം അവളെ ലൊറേറ്റോ മഠം വിടാൻ നിർബന്ധിതയാക്കി.

ലൊറേറ്റോ കോൺവെന്റിന്റെ പടികളിറങ്ങിയ സിസ്റ്റർ തെരേസ കൽക്കത്തയിലെ തെരുവുകളിലും ചേരികളിലും തന്റെ കർമ്മമണ്ഡലം കണ്ടെത്തി. തോട്ടിപ്പണിക്കാരായ സ്ത്രീകളുടെ നീല ബോർഡറുള്ള വെള്ളസാരിയും തല മുണ്ടും ധരിച്ച വിദേശിയായ കന്യാസ്ത്രീയെ ആദ്യം കൗതുകത്തോടെയും പിന്നെ ആദരവോടെയും കൊൽക്കത്ത നോക്കി നിന്നു.

തെരുവിൽ തളർന്നുവീഴുന്ന വാർദ്ധക്യങ്ങൾക്കു ആലംബമായി, കുപ്പത്തൊട്ടിയിൽ വലിച്ചെറിയപ്പെടുന്ന ശൈശവങ്ങൾക്കു കാരുണ്യമായി, കണ്ടാലറയ്ക്കുന്ന കുഷ്ഠരോഗികൾക്കു സ്നേഹമായി, ദൈവതുല്യമായി, സ്നേഹത്തിലും കരുണയിലും ദൈവസ്നേഹത്തിന്റെ ജപമാല കോർത്തു. മിഷണറീസ് ഓഫ് ചാരിറ്റിക്ക് രൂപം നൽകുമ്പോൾ ഒരു ബൈബിളും, ലളിത വസ്ത്രങ്ങളും അഞ്ചുരൂപയും മാത്രമായിരുന്നു മൂലധനം. 1952ൽ അശരണർക്കായുള്ള നിർമലഹൃദയം സ്ഥാപിച്ചു.

ആഗോളപ്രശസ്തിക്കു നടുവിലും നിർമ്മലവും ലളിതവുമായ ഒരു മനുഷ്യൻ തന്റെ ജീവിതം തന്റെ സ്നേഹിതർക്കു അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്നു ക്രിസ്തു വചനം സ്വന്തം ജീവിതത്തിൽ പകർത്തി എണ്ണമറ്റ അവാർഡുകളും ബഹുമതികളും അവരെ തേടിയെത്തി. പ്രായം തളർത്താത്ത സേവനത്തിന്റെ ആ ധന്യജീവിതം 1997 സെപ്തംബർ 5-ന് 87 ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. **തെരുവോരങ്ങളിലെ അഗതികളുടെ അമ്മയെ കരുണയുടെ വിശുദ്ധവർഷത്തിന്റെ ഭാഗമായാണു സെപ്റ്റംബർ 4-നു വിശുദ്ധയായി പ്രഖ്യാപിക്കുക. അതിന്റെ പിറ്റേന്ന് - സെപ്റ്റംബർ 5 - മദർ തെരേസയുടെ ചരമ വാർഷിക ദിനമാണ്.**

മദർ തെരേസയുടെ മധ്യസ്ഥതയിൽ നടന്ന അദ്ഭുതം 2015 ഡിസംബർ 17നു മാർപ്പാപ്പ അംഗീകരിച്ചിരുന്നു. തലച്ചോറിലെ ഗുരുതരമായ അസുഖത്താൽ മരണത്തിന്റെ വക്കിലെത്തിയ ബ്രസീലിലെ സാന്റോസ് സ്വദേശിയായ മെക്കാനിക്കൽ എൻജിനീയറാണു 2008 ഡിസംബർ 9നു തെരേസയുടെ മധ്യസ്ഥതയിലൂടെ സാധാരണ ജീവിതത്തിലേക്കു തിരിച്ചെത്തിയത്.

മുറജപങ്ങളിൽ പൂജിത സാന്നിദ്ധ്യമായി ഇനി ഈ അമ്മ വിശുദ്ധയായി നമ്മുടെ മദ്ധ്യേ പ്രകാശമായി ജീവിക്കും. വിശുദ്ധപൂർണ്ണിമയുടെ ഈ മുഹൂർത്തത്തിൽ കാലം കാത്തിരുന്ന ഒരു സ്നേഹസ്വപ്നത്തിന്നാണ് ചരിത്രം സിന്ദൂരമണിയിക്കുന്നത്.

## സുവിശേഷത്തിന്റെ ആനന്ദം പകരാം
## സഭയുടെ ശുശ്രൂഷയിൽ പങ്കാളിയാകാം

## വായിക്കുക വരിക്കാരാവുക

**മലങ്കര നാദം**
RYTHM OF FAITH

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ
പ്രഥമ പ്രസിദ്ധീകരണം

**ജീവിതത്തിലെ സുഖദുഃഖങ്ങളിൽ നിങ്ങളോടൊപ്പം പങ്കുചേരുവാൻ മലങ്കരനാദം ഏറെ ആഗ്രഹിക്കുന്നു.**

**മാമ്മോദീസാ, ആദ്യകുർബാന സ്വീകരണം, വിവാഹം, വിവാഹ വാർഷികം, മരണം, ഓർമ്മദിവസങ്ങൾ എന്നിവയുടെ അറിയിപ്പുകൾ മിതമായ നിരക്കിൽ മലങ്കരനാദം പ്രസിദ്ധീകരിക്കുന്നു.**


**അന്വേഷണങ്ങൾക്ക്,**
**റവ. ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്**
**ചീഫ് എഡിറ്റർ, മലങ്കര നാദം, മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ**
**മാർ ഈവാനിയോസ് വിദ്യാനഗർ, നാലാഞ്ചിറ, തിരുവനന്തപുരം**
**Mob.: 9446293293**


## ADVERTISEMENT TARIFF

| | | |
|---|---|---|
| 1. | Full Page Back Cover Colour | Rs. 10,000/- |
| 2. | Full Page Back Inside Colour | Rs. 8000/- |
| 3. | Half page Colour | Rs. 5000/- |
| 4. | Quarter page colour | Rs. 2500/- |
| 5. | Full page Inside B&W | Rs. 3500/- |
| 6. | Half Page B & W | Rs. 2000/- |
| 7. | Thanks giving prayer with photo | Rs. 1000/- |
| 8. | Birthday wishes (with passport size photo) | Rs. 1000/- |
| | Lifelong Subscription (10 years) | Rs. 2000/- |
| | Annual Subscription | Rs. 150/- |











FASHION FACTORY

Unisex Hair & Style Salon

TC 2/193, Opp. Chaithanya Eye Hospital, Kesavadasapuram, Thiruvananthapuram 695 004
Ph : 0471 2440022, Email: fashionfactorytvm@gmail.com

Registered
KERMAL 15375/11/1/2013-TC
Ministry of Information and Broadcasting



Published Date
2016 March 25




ജൂലൈ 8, 9 തീയതികളിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കബാവ തിരുമേനി
കൂദാശകർമ്മം നിർവ്വഹിക്കുന്ന പുതിയ ബത്തേരി സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയം

Published by The Director, Communication Media, Diocese of Bathery
Catholic Bishops House, Sulthan Bathery, Wayanad, Kerala, Email: frphilipbty@gmail.com